
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


# തളിര്

2019 ഒക്ടോബർ
വില ₹20




“എന്റെ ജീവിതമാണ്
എന്റെ സന്ദേശം.”


# ഗാന്ധിജിയെക്കുറിച്ച്
## ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച
## 10 പുസ്തകങ്ങൾ




അഹിംസയുടെ ആൾരൂപം
(വൈജ്ഞാനികം)
**ജ്യോതി കെ ജി**
വില ₹90




അഹിംസയുടെ ഉപജ്ഞാതാവ്
(ജീവചരിത്രം)
**കലൂർ ഉണ്ണിക്കൃഷ്ണൻ**
വില ₹110



ഗാന്ധിജി കേരളം തൊട്ടറിഞ്ഞ നന്മ (ജീവചരിത്രം)
**സാഗാ ജെയിംസ്**
വില ₹100




ഗാന്ധിജി സഹനസമര ചരിത്രം
(ജീവചരിത്രം)
**ഗീത കെ**
വില ₹120




ഗാന്ധിജിയെ അറിഞ്ഞ കുട്ടി
(വൈജ്ഞാനികം)
**കവിതാ വിശ്വനാഥ്**
വില ₹100




കുപ്പായമിടാത്ത അപ്പൂപ്പൻ
(വൈജ്ഞാനികം)
**പയ്യന്നൂർ കുഞ്ഞിരാമൻ**
വില ₹75




കുട്ടികളുടെ മഹാത്മാഗാന്ധി
(ജീവചരിത്രം)
**ജി കമലമ്മ**
വില ₹40



മഹാത്മജിയുടെ പാരിസ്ഥിതിക ദർശനങ്ങൾ (വൈജ്ഞാനികം)
**ഡോ. കെ പി ജോയി**
വില ₹50



നമ്മുടെ ബാപ്പു
(ജീവചരിത്രം)
**സന്ധ്യ ആർ**
വില ₹130



പോർബന്തറിൽ നിന്നൊരു ബാലൻ (ജീവചരിത്രം)
**ബ്രിജി കെ ടി**
വില ₹90


**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം,സംസ്കൃത കോളേജ് കാമ്പസ്,**
**തിരുവനന്തപുരം 34, ഫോൺ** 0471-233 3790,
e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

# തളിര്

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

**ഒക്ടോബർ 2019**
**വില ₹20**
**വാർഷികവരിസംഖ്യ ₹200**

ഉള്ളടക്കം

## ഗാന്ധിയും ഗാന്ധിസവും

6

**പ്രൊഫ. വി കാർത്തികേയൻ നായർ**



ഈശ്വരനും അള്ളായും ഒരേ ദൈവത്തിന്റെ പല പേരുകളാണെന്നു നമ്മെ പഠിപ്പിച്ചു ഗാന്ധിജി. സത്യവും ധർമവും അഹിംസയും സഹിഷ്ണുതയും സാഹോദര്യവുമാണ് അദ്ദേഹം ലോകത്തിനു നൽകിയ സംഭാവനകൾ. അവയെ സംരക്ഷിക്കേണ്ടത് ഓരോ ഭാരതീയന്റെയും കടമയാണ്.

## സ്വന്തം കാക്കോവ്

20

**ഗ്രേസി**



വീട്ടുമുറ്റത്ത് പതിവായി വരാറുണ്ടായിരുന്ന ആ ഒറ്റക്കാലൻ കാക്ക എങ്ങനെയാണ് വീട്ടുകാരുടെ സ്വന്തം കാക്കോവ് ആയി മാറിയത്? രസകരമായ ഈ കഥ വായിക്കൂ...

## വിശ്വനാഥന്റെ നഗരത്തിൽ

42

**സെബാസ്റ്റ്യൻ പള്ളിത്തോട്**

ഭാരതത്തിലെ ഏറ്റവും പ്രാചീന നഗരം. നാലായിരം വർഷത്തെ പഴക്കമുള്ള കാശി. ഏതൊരാൾക്കും അവിസ്മരണീയമായ അനുഭവങ്ങൾ സമ്മാനിക്കുന്നതാണ് ആ പുണ്യ പുരാതന ഭൂമിയിലേക്കുള്ള യാത്ര...



**മുൻമൊഴി** ....................4
സുഗതകുമാരി
**ആനക്കാര്യം**....................5
രാജീവ് എൻ ടി
**ഗാന്ധിജിയെ കൂടുതൽ അറിയാൻ**...16
**വൈഗയിൽ**....................18
ഒ എൻ വി
**ക്ഷുരകൻ**....................24
അനു ബന്ദ്യോപധ്യായ
**കൂട്ടെന്നാൽ സ്നേഹക്കൂട്**..........27
എം വി മോഹനൻ
**എന്റെ മലയാള നാട്**..........29
മിനി ജോയിതോമസ്
**വാക്കുകൾ**....................30
രമണി വേണുഗോപാൽ
**എന്നാലല്ലോ പൊന്നോണം**..........31
ജനാർദ്ദനൻ പള്ളിക്കുന്ന്
**ലാലന്റെ അമ്മ**....................32
**കടപയാദി**....................34
പള്ളിയറ ശ്രീധരൻ
**ആരോഗ്യം**....................36
ഡോ. ബി പത്മകുമാർ
**ടോം സോയറുടെ സാഹസിക ജീവിതം**..........38
പുനരാഖ്യാനം : ജോളി വർഗീസ്
**മലയാള മഹിമ**....................41
മുഹമ്മ ശശിധരപ്പണിക്കർ
**അമ്പുവിന്റെ പരീക്ഷ** ..........46
പയ്യന്നൂർ കുഞ്ഞിരാമൻ
**ശിവകേശവൻ; മഞ്ഞിലെ സാഹസിക താരം**..........48
സനിൽ പി തോമസ്
**മഹാഭാരതം**....................50
സുഗതകുമാരി
**ഇളംതളിര്**....................52
**ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ** ..........54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**അഞ്ജന സി ജി**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

കവർ
**ദേവപ്രകാശ്**
പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034
**ഫോൺ**
0471-233 3790
**e-mail : thaliru@ksicl.org, director@ksicl.org**

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഗാന്ധിജി നിങ്ങളോട് എന്തൊക്കെയാണ് പറഞ്ഞതെന്ന് ഒന്നാലോചിച്ച് നോക്കാനുള്ള സമയമാണിത്. അദ്ദേഹം പറഞ്ഞു;

സത്യമാണ് ഈശ്വരൻ.

നിങ്ങൾ സത്യം പറയുന്നവരും പ്രവർത്തിക്കുന്നവരുമായിത്തീരണം.

ആരെയും വേദനിപ്പിക്കരുത്, ദുഃഖിപ്പിക്കരുത്.

അതാണ് അഹിംസ.

നാമെല്ലാവരും ഒരേ ഈശ്വരന്റെ മക്കളാണ്. ജാതിയോ മതമോ നമ്മെ തമ്മിൽ അകറ്റാൻ പാടില്ല. എളിമ പാലിക്കുക. ഈ ഭൂമിയുടെ പക്കൽ നിങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടിടത്തോളം എല്ലാമുണ്ട്. പക്ഷേ, നിങ്ങളുടെ അനാവശ്യങ്ങൾക്ക്, അത്യാഗ്രഹങ്ങൾക്ക് വേണ്ടത്ര അമ്മ, ഭൂമിയുടെ പക്കലില്ല.

വലിയവനെന്നും ചെറിയവനെന്നുമുള്ള വ്യത്യാസം വച്ചുപുലർത്തരുത്.

ഒരു തൊഴിലും ഹീനമല്ല. ഓരോ തൊഴിലിനും അതിന്റേതായ മാന്യതയുണ്ട്.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നമുക്ക് അപമാനമാണ്. എല്ലാവരും ഒരേ അമ്മയുടെ മക്കളാണ്. സ്ത്രീകളെ ആദരിക്കുക. സ്ത്രീ അമ്മയാണ്. സ്ത്രീയുടെ കണ്ണുനീർ വീഴുന്ന രാജ്യം ശപിക്കപ്പെടും. മദ്യം ഒരിക്കലും തൊടരുത്. അത് നിങ്ങളെ തെറ്റുകളിലേക്കും രോഗങ്ങളിലേക്കും പാപങ്ങളിലേക്കും നയിക്കും. എല്ലാ ലഹരിയിൽ നിന്നും ഒഴിഞ്ഞുനിൽക്കുക.

സ്വാതന്ത്ര്യം നമ്മുടെ അവകാശമാണ്. ജനാധിപത്യത്തിലൂടെ നമ്മുടെ നാട് വളർന്നുവരട്ടെ.

ദാരിദ്ര്യം നിന്ദിക്കേണ്ട ഒന്നല്ല. തിരുത്തേണ്ടതാണ്. സർക്കാരും സമൂഹവും അതിന് കടപ്പെട്ടിരിക്കുന്നു.



കലഹം ഒന്നിനും പരിഹാരമല്ല. അക്രമം കൂടുതൽ അക്രമത്തിലേക്ക് നയിക്കും. നിങ്ങളുടെ തർക്കങ്ങൾ സമാധാനമായി സംസാരിച്ചു തീർക്കുക.

സ്നേഹം ഏറ്റവും ശക്തമായ ഒരായുധമാണ്. അതിനെ വെല്ലാൻ മറ്റൊന്നുമില്ല.

എല്ലാ മതങ്ങളും ഈശ്വരന്റേതാണ്. തന്റേതല്ലാത്ത മതങ്ങളെ മനസ്സിലാക്കി ബഹുമാനിക്കാൻ പഠിക്കണം. ഹിംസ അരുത്. പാപമാണ്.


സ്നേഹം ദയവാണ്. ആശ്വാസമാണ്. ഭക്തിയാണ്. നിങ്ങളുടെ മനസ്സ് ശുദ്ധവും സ്നേഹനിർഭരവുമായിത്തീരട്ടെ.


നിങ്ങൾ ഭാരതത്തിന്റെ മക്കളാണ്. ആ അഭിമാനം എന്നുമുണ്ടായിരിക്കട്ടെ.

പ്രിയപ്പെട്ടവരേ, ഗാന്ധിജിയുടെ, നമ്മെ ഏറ്റവും സ്നേഹിച്ച ആ വിശ്വമാനവന്റെ, കരുണാമയനായ ആ മനുഷ്യസ്നേഹിയുടെ, നമ്മുടെ നാടിനുവേണ്ടി ജീവിതം മുഴുവനും കഠിനമായി പ്രയത്നിച്ച് ഒടുവിൽ നമ്മിൽ ഒരാളുടെ കൈകൊണ്ടുതന്നെ വധിക്കപ്പെട്ട, വെടിയുണ്ടകളേറ്റ് മാറ് പിളർന്ന് ചോര ചിതറുമ്പോഴും ഈശ്വരനാമം ഉരുവിട്ടുകൊണ്ട് മരണം വരിച്ച ആ മഹാപുരുഷനെ, നമ്മുടെ സ്വന്തം ബാപ്പുവിനെ അറിയുവാനും സ്നേഹിക്കുവാനും നമുക്ക് സാധിക്കുമാറാകട്ടെ.

സ്നേഹത്തോടെ,
**സുഗതകുമാരി**

**തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നമുക്ക് അപമാനമാണ്. എല്ലാവരും ഒരേ അമ്മയുടെ മക്കളാണ്. സ്ത്രീകളെ ആദരിക്കുക. സ്ത്രീ അമ്മയാണ്. സ്ത്രീയുടെ കണ്ണുനീർ വീഴുന്ന രാജ്യം ശപിക്കപ്പെടും. മദ്യം ഒരിക്കലും തൊടരുത്. അത് നിങ്ങളെ തെറ്റുകളിലേക്കും രോഗങ്ങളിലേക്കും പാപങ്ങളിലേക്കും നയിക്കും. എല്ലാ ലഹരിയിൽ നിന്നും ഒഴിഞ്ഞു നിൽക്കുക.**





ഈശ്വരനും അള്ളായും ഒരേ ദൈവത്തിന്റെ പല പേരുകളാണെന്നു നമ്മെ പഠിപ്പിച്ചു ഗാന്ധിജി. സത്യവും ധർമവും അഹിംസയും സഹിഷ്ണുതയും സാഹോദര്യവുമാണ് അദ്ദേഹം ലോകത്തിനു നൽകിയ സംഭാവനകൾ. അദ്ദേഹത്തിന്റെ 150 ാം ജന്മവാർഷികം ആഘോഷിക്കുന്ന വേളയിൽ ഗാന്ധി സ്മൃതിയിലൂടെ ഒരു യാത്ര.

# ഗാന്ധിയും ഗാന്ധിസവും

പ്രൊഫ. വി കാർത്തികേയൻ നായർ





ഗാന്ധിജിയും കസ്തൂർബായും

ഇരുപതാംനൂറ്റാണ്ടിനെ ഇതിഹാസസമാനമാക്കിയ സംഭവങ്ങൾകൊണ്ട് അനശ്വരമാക്കിയ ചില മഹാവ്യക്തിത്വങ്ങളുണ്ട്. വി ഐ ലെനിൻ, മഹാത്മാഗാന്ധി, മാവോസേതുങ്, നെൽസൺ മണ്ടേല, മാർട്ടിൻ ലൂഥർകിംഗ് എന്നിവർ അക്കൂട്ടത്തിൽപ്പെടും. അഹിംസയെന്ന മഹാമന്ത്രവുമുരുവിട്ടുകൊണ്ട് ഭൂദൂരങ്ങളും ജലദൂരങ്ങളും സഞ്ചരിച്ച കർമയോഗിയായ ത്യാഗിവര്യനായിരുന്നു മഹാത്മാഗാന്ധി. അദ്ദേഹത്തിന്റെ 150-ാം ജന്മവാർഷികം ഒക്ടോബർ 2 മുതൽ രാജ്യമെമ്പാടും ആചരിക്കുകയാണ്. ഭാരതീയരെ സംബന്ധിച്ചിടത്തോളം അദ്ദേഹം രാഷ്ട്രപിതാവാണ്.

യൂറോപ്പിലും ഏഷ്യയിലുമായി വ്യാപിച്ചുകിടന്നിരുന്ന റഷ്യ എന്ന രാജ്യം ഭരിച്ചിരുന്ന സാർ ചക്രവർത്തിയുടെ ഭരണം അവസാനിപ്പിച്ച് സോഷ്യലിസ്റ്റ് ഭരണക്രമം നടപ്പാക്കിയ 1917-ലെ ഒക്ടോബർ വിപ്ലവത്തിന്റെ ശിൽപ്പിയാണ് വി ഐ ലെനിൻ. യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക് (യു എസ് എസ് ആർ) എന്ന സോഷ്യലിസ്റ്റ് രാഷ്ട്രത്തിന്റെ ഭരണത്തലവനായിരുന്നു അദ്ദേഹം. ഏഷ്യയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രാഷ്ട്രമായ ചൈനയിൽ 1949-ൽ നടന്ന വിപ്ലവത്തിന്റെ നായകനായിരുന്നു മാവോസേതുങ്. തന്റെ സമരപരിപാടികളുടെ അരങ്ങേറ്റം നടന്ന ദക്ഷിണാഫ്രിക്കയിൽ ഗാന്ധിജി സ്ഥാപിച്ച ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാവായി ഉയർന്ന് സ്വന്തം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയതിന്റെ പേരിൽ കാൽനൂറ്റാണ്ടോളം കാലം കാരാഗൃഹത്തിൽ കഴിയേണ്ടിവന്നയാളായിരുന്നു നെൽസൺ മണ്ടേല. ഗാന്ധിജി ആവിഷ്കരിച്ച നിസ്സഹകരണസമരം വിജയപ്രദമായി നടപ്പാക്കി അമേരിക്കയിലെ കറുത്തവർഗക്കാരുടെ മോചനത്തിനുവേണ്ടി പോരാടി രക്തസാക്ഷിയായ വ്യക്തിയായിരുന്നു മാർട്ടിൻലൂഥർകിംഗ്. ഗാന്ധിജിയെപ്പോലെ അദ്ദേഹവും വെടിയേറ്റു മരിക്കുകയായിരുന്നു.

സൗരാഷ്ട്രയിലെ പോർബന്ധറിലെ ദിവാനായിരുന്ന കരംചന്ദ് ഗാന്ധിയുടെയും പുത്‌ലിബായിയുടെയും മകനായി 1869 ഒക്ടോബർ 2-ന് ഭൂജാതനായ മോഹൻദാസ് കരംചന്ദ് ഗാന്ധിയാണ് പിൽക്കാലത്ത് മഹാത്മാഗാന്ധിയെന്ന പേരിൽ വിശ്വപ്രസിദ്ധനായത്. അന്നത്തെ ആചാരമനുസരിച്ച് തന്റെ 13-ാം വയസ്സിൽ അദ്ദേഹം കസ്തൂർബായെ വിവാഹം കഴിച്ചു. അതിനുശേഷമേ ഉപരിവിദ്യാഭ്യാസത്തിനായി ബ്രിട്ടനിലേക്കു പോകുവാൻ അദ്ദേഹത്തെ മാതാപിതാക്കൾ അനുവദിച്ചുള്ളൂ. ലണ്ടനിൽ നിന്നും നിയമബിരുദമായ ബാർ അറ്റ്‌ലാ നേടി ഇന്ത്യയിൽ തിരിച്ചെത്തി ബോംബേ കോടതിയിൽ അഭിഭാഷകനായി പ്രവൃത്തിയാരംഭിച്ചു. സഭാകമ്പം മൂലം ആദ്യകാലത്ത് കോടതിയിൽ ഒന്നുംതന്നെ പറയാൻ ധൈര്യം കിട്ടിയില്ലായെന്ന് അദ്ദേഹം തന്നെ പിൽക്കാലത്ത് രേഖപ്പെടുത്തിയിട്ടുണ്ട്.


ബോംബേകോടതിയിൽ അഭിഭാഷകനായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴാണ് തന്റെ ബന്ധുക്കളും നാട്ടുകാരും ദക്ഷിണാഫ്രിക്കയിൽ നടത്തിവന്നിരുന്ന വ്യാപാരകാര്യങ്ങളിൽ

നിയമോപദേശം നൽകുന്നതിന് അവരുടെ ക്ഷണപ്രകാരം ഗാന്ധിജി അങ്ങോട്ടേക്കു പോയത്. എന്നാൽ ദക്ഷിണാഫ്രിക്കയിൽ കാലുകുത്തിയ അദ്ദേഹത്തിന് ലഭിച്ചത് തിക്താനുഭവങ്ങളാണ്. തദ്ദേശീയരായ കറുത്തവർഗക്കാരും ഭരണാധികാരികളായ ബ്രിട്ടീഷുകാരും തമ്മിൽ കടുത്തവിവേചനവും നിലനിൽക്കുകയായിരുന്നു അവിടെ. കറുത്തവർക്ക് യാതൊരുവിധ പൗരാവകാശങ്ങളും അനുവദിച്ചിരുന്നില്ല.

ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കും ഇന്ത്യാക്കാർക്കുമെതിരെ വിവേചനപരമായ കരിനിയമങ്ങൾ മനുഷ്യത്വരഹിതമായി നടപ്പാക്കാൻ തുടങ്ങിയപ്പോൾ ഗാന്ധിജി അതിനെതിരെ ശക്തമായി പ്രതിഷേധിച്ചു. അത്തരം നിയമങ്ങളെ ബഹിഷ്കരിക്കുന്നതിന് അദ്ദേഹം ആഹ്വാനം ചെയ്തു. നിയമങ്ങളച്ചടിച്ച കടലാസ്സുകൾ പരസ്യമായി കത്തിച്ചു കളഞ്ഞു.

പിൽക്കാലത്ത് ഇന്ത്യയിലെ തന്റെ സമരങ്ങളുടെ പരിശീലനം അദ്ദേഹം ആരംഭിക്കുന്നത് ദക്ഷിണാഫ്രിക്കയിലായിരുന്നു. സത്യഗ്രഹം, നിസ്സഹകരണം, അഹിംസ എന്നീ ത്രിരത്നങ്ങൾ ഊതിക്കാച്ചിയെടുത്ത നെരിപ്പോടായിരുന്നു ഗാന്ധിജിക്ക് ദക്ഷിണാഫ്രിക്ക. അധഃസ്ഥിതരായ മനുഷ്യരുടെ പൗരാവകാശങ്ങൾക്കു വേണ്ടി പോരാടുന്ന പ്രക്ഷോഭകനായി ഗാന്ധിജി വളർന്നത് ദക്ഷിണാഫ്രിക്കയിലെ സമരാനുഭവങ്ങളിൽ നിന്നുമുള്ള ഊർജം ഉൾക്കൊണ്ടിട്ടായിരുന്നു.

ദക്ഷിണാഫ്രിക്കയിലെ തന്റെ പ്രക്ഷോഭപരിപാടികൾ തുടരുന്നതോടൊപ്പം തന്നെ ഇന്ത്യയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിവന്നിരുന്ന സമരങ്ങളോടും ഗാന്ധിജി അനുഭാവം പുലർത്തിയിരുന്നു. ഇന്ത്യ സന്ദർശിക്കുമ്പോഴൊക്കെത്തന്നെ ഇവിടുത്തെ കോൺഗ്രസ് നേതാക്കളുമായി അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നു. അക്കൂട്ടത്തിൽ തന്റെ രാഷ്ട്രീയഗുരുവായി ഗാന്ധിജി അംഗീകരിച്ചിരുന്നത് ഗോപാലകൃഷ്ണഗോഖലെയെയായിരുന്നു. ഗോഖലെയുമായുള്ള സമ്പർക്കവും മറ്റുനേതാക്കളുമായുള്ള കത്തിടപാടുകളും ഇന്ത്യയിലെത്തുമ്പോഴുള്ള വിപുലമായ യാത്രകളും പിൽക്കാലത്ത് തന്റെ കർമഭൂമിയായിത്തീർന്ന 'ഇന്ത്യയെന്ന വിസ്മയത്തെ' (The Wonder that was India) മനസ്സിലാക്കാൻ അവസരമൊരുക്കിക്കൊടുത്തു. നാലായിരത്തിലധികം ജാതികളും ഉപജാതികളും സജീവമായി പ്രവർത്തിക്കുന്ന ഇന്ത്യൻ സമൂഹം. സഹസ്രാബ്ദങ്ങളിലൂടെ ഉരുത്തിരിഞ്ഞുവന്ന ശ്രേണീബദ്ധമായ ജാതിവ്യവസ്ഥ. ഇന്ത്യയിലും വിദേശത്തും ഉയിർകൊണ്ട മഹാമതങ്ങൾക്കെല്ലാം അനുയായികളും വിശ്വാസികളുമുള്ള ഇന്ത്യ. ജാതിവിവേചനങ്ങൾ രൂക്ഷമാണെങ്കിലും അടിയാളൻ മുതൽ ആഢ്യബ്രാഹ്മണൻവരെ



ഗോപാലകൃഷ്ണഗോഖലെയും ഗാന്ധിജിയും


ഗാന്ധിജി ചമ്പാരൻ സമരവേദിയിൽ

**ദക്ഷിണാഫ്രിക്കയിലെ കറുത്തവർക്കും ഇന്ത്യാക്കാർക്കുമെതിരെ വിവേചനപരമായ കരിനിയമങ്ങൾ മനുഷ്യത്വരഹിതമായി നടപ്പാക്കാൻ തുടങ്ങിയപ്പോൾ ഗാന്ധിജി അതിനെതിരെ ശക്തമായി പ്രതിഷേധിച്ചു. അത്തരം നിയമങ്ങളെ ബഹിഷ്കരിക്കുന്നതിന് അദ്ദേഹം ആഹ്വാനം ചെയ്തു.**

യുള്ളവർ പരസ്പരം ആശ്രയിച്ചെങ്കിൽ മാത്രമെ നിത്യജീവിതം സുഗമമായി നയിക്കാൻ കഴിയുകയുള്ളുവെന്ന തിരിച്ചറിവ് ഗാന്ധിജിക്ക് നൽകിയത് ഭാരതസഞ്ചാരത്തിനിടയിലാണ്. കല്ലിലും മരത്തിലും ഇരുമ്പിലും വെങ്കലത്തിലും ഉപകരണങ്ങളുണ്ടാക്കുന്ന കൈവേലക്കാരനും ഊടും പാവും ചേർത്ത് തുണിയുണ്ടാക്കുന്ന നെയ്ത്തുകാരനും മൺകലമുണ്ടാക്കുന്നവനും പൊന്നിന്റെ നിറമുള്ള ഗോതമ്പുമണികളും നെന്മണികളും കൃഷിചെയ്തുണ്ടാക്കുന്ന ചെറുമരും മലം ചുമന്നുമാറ്റുന്ന തോട്ടികളും തുകൽപ്പണികൾ ചെയ്യുന്ന ചാമറും ഇന്ത്യയുടെ യാഥാർഥ്യമാണെന്ന തിരിച്ചറിവ് ഗാന്ധിജിക്കു ലഭിച്ചത് കണ്ണും കാതും തുറന്നുള്ള യാത്രകളിലായിരുന്നു. ശരിയായ ഭാരതദർശനം.

ഇന്ത്യയിലെത്തി ഗാന്ധിജി ഒരു പ്രക്ഷോഭത്തിലിടപെടുന്നത് 1917 ഏപ്രിലിലായിരുന്നു. ബീഹാറിലെ ചമ്പാരൻ എന്ന ഗ്രാമത്തിലെ നീലംകൃഷിക്കാരുടെ സമരത്തിൽ അദ്ദേഹം ഇടപെട്ടു. ബ്രിട്ടന്റെ തുണിവ്യവസായത്തിന് അനിവാര്യമായ ഘടകമായിരുന്നു ചായം മുക്കുന്നതിനുള്ള നീലം. അതിനാൽ ആദ്യകാലത്ത് നീലംകൃഷിയെ ഈസ്റ്റിന്ത്യാക്കമ്പനി പ്രോത്സാഹിപ്പിക്കുകയും നീലംകച്ചവടത്തിന്റെ കുത്തക അവർ ഏറ്റെടുക്കുകയും ചെയ്തു. പിന്നീട് ശാസ്ത്ര-സാങ്കേതികവിദ്യയുടെ വികാസത്തോടുകൂടി നീലത്തിനുപകരം മറ്റുചില രാസവസ്തുക്കൾ ചായം മുക്കുന്നതിന് ഉപയോഗിക്കാമെന്ന് കണ്ടെത്തി. അതോടുകൂടി ഇംഗ്ലീഷ് കച്ചവടക്കാർ കമ്പോളത്തിൽ നിന്ന് പിൻവാങ്ങുകയും നീലം കൃഷിക്കാർ ഉൽപ്പന്നം വിൽക്കാനാവാതെ തകരുകയും ചെയ്തു. ഇതിന്റെ ഭാഗമായുണ്ടായതാണ് ചമ്പാരൻ സമരം. സമരത്തിന്റെയൊടുവിൽ ഒത്തുതീർപ്പു ചർച്ചകൾക്കായി രൂപീകരിച്ച സമിതിയിൽ ഗാന്ധിജിയും അംഗമായിരുന്നു.

മൂന്നുപതിറ്റാണ്ടിലേറെ ക്കാലം നീണ്ടുനിന്നതാണ് ഇന്ത്യയിൽ ഗാന്ധിജിയുടെ പൊതുപ്രവർത്തനം (1917–48). ഈ മൂന്നു പതിറ്റാണ്ടുകാലവും അദ്ദേഹം കർമനിരതനായിരുന്നു. കടുത്ത തീരുമാനങ്ങളെടുത്തു. പലതും ഏകപക്ഷീയമായിരുന്നു. ഏറെ വിവാദങ്ങളുണ്ടാക്കി. നിരവധി തവണ നിരാഹാരസമരമനുഷ്ഠിച്ചു. പക്ഷേ എല്ലാ സന്ദർഭങ്ങളിലും അദ്ദേഹം ത്രിരത്നങ്ങളിൽ ഉറച്ചുനിന്നു – സത്യഗ്രഹം, നിസ്സഹകരണം, അഹിംസ. സഹകരിക്കേണ്ടി വന്നാൽ അങ്ങേയറ്റം സഹിഷ്ണുതയോടെയായിരുന്നു ഇടപെടൽ.

ഒന്നാംലോകമഹായുദ്ധ കാലത്ത് ബ്രിട്ടനെതിരെ സമരം ചെയ്യുന്ന ഇന്ത്യൻവിപ്ലവകാരികളെ നിരോധിക്കുന്നതിനു വേണ്ടി ഉണ്ടാക്കിയ കരിനിയമമായിരുന്നു റൗളറ്റ് ആക്ട്. വിചാരണകൂടാതെ ആരെയും സംശയത്തിന്റെയടിസ്ഥാനത്തിൽ തടങ്കലിൽ വയ്ക്കാനുള്ള നിയമമായിരുന്നു അത്. കരുതൽതടങ്കൽ കരിനിയമം. ഇതിനെതിരെ രാജ്യവ്യാപകമായ പ്രക്ഷോഭം ഉണ്ടായി. ഏറ്റവും രൂക്ഷമായ സമരം നടന്നത് പഞ്ചാബിലെ അമൃത്സറിലായിരുന്നു. ജാലിയൻ വാലാബാഗ് കോട്ട മൈതാനത്ത് തടിച്ചുകൂടിയ ആയിരക്കണക്കിന് ആളുകളുടെ നേർക്ക് ബ്രിട്ടീഷ് പട്ടാളം വെടിവച്ചു. മൈക്കിൾ ഒ ഡയർ എന്ന പട്ടാള ഉദ്യോഗസ്ഥനായിരുന്നു വെടിവയ്പിന് നേതൃത്വം കൊടുത്തത്. അതൊരു കൂട്ട നരഹത്യയായിരുന്നു. ചരിത്രത്തിലിന്നേവരെ ഇത്തരമൊരു നരഹത്യ ഉണ്ടായിട്ടില്ലെന്നാണ് ബ്രിട്ടീഷ് രാഷ്ട്രീയനേതാക്കൾ വരെ അഭിപ്രായപ്പെട്ടത്. (Winston churchill - "Unheard in the annals of the British empire....") ഗാന്ധിജി അമൃത്സർ സന്ദർശിക്കുകയും രാജ്യവ്യാപകമായ പ്രതിഷേധത്തിന് ആഹ്വാനം നൽകുകയും ചെയ്തു. നിന്ദ്യവും ക്രൂരവുമായ ആ നരഹത്യ നടന്നത് 1919 ഏപ്രിൽ 13-നായിരുന്നു. നൂറു

**മോഹനദാസ് ഗാന്ധി**

ഗാന്ധിജിയുടെ ജീവചരിത്രം മലയാളത്തിൽ ആദ്യം പ്രസിദ്ധീകരിച്ചതാര്? അത് മറ്റാരുമല്ല നിർഭയമായ പത്രപ്രവർത്തനത്തിന്റെ ഫലമായി സ്വന്തം നാട്ടിൽ നിന്നും നാടുകടത്തപ്പെട്ട കെ രാമകൃഷ്ണപിള്ളയാണത്. 'സ്വദേശാഭിമാനി' പത്രാധിപരായിരുന്ന ഇദ്ദേഹം ബഞ്ചമിൻ ഫ്രാങ്ക്ളിൻ, കാൾമാർക്സ് തുടങ്ങിയവരുടെ ജീവചരിത്രവും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാരിസ്റ്റർ ജി പി പിള്ള പത്രത്തിലെഴുതിയവ വായിച്ചു മനസ്സിലാക്കാൻ ഇംഗ്ലീഷറിയുന്നവർക്കു മാത്രമെ കഴിയുമായിരുന്നുള്ളൂ. ഇംഗ്ലീഷറിയാത്തവർക്കുവേണ്ടിയുള്ള പുസ്തകമാണ് 'മോഹനദാസ് ഗാന്ധി'. ഇന്ത്യയിലെത്തി പൊതുപ്രവർത്തനം ആരംഭിക്കുന്നതിനു മുമ്പുള്ളതും ദക്ഷിണാഫ്രിക്കയിലെ പ്രവർത്തനത്തെ കേന്ദ്രീകരിച്ചുള്ളതുമാണ് ഈ ജീവചരിത്രകൃതിയിലെ ഉള്ളടക്കം.



ജാലിയൻവാലാബാഗ് സ്മാരകം



വർഷത്തിനുശേഷം ബ്രിട്ടീഷ് സർക്കാർ ഈയിടെ അതിൽ പശ്ചാത്താപം രേഖപ്പെടുത്തി.

യുദ്ധാനന്തരകാലഘട്ടത്തിലെ ഭക്ഷ്യക്ഷാമവും വറുതിയും രാജ്യത്തെ ഗ്രസിക്കുകയും ജനരോഷം ആളിപ്പടരുകയും ചെയ്തു. കാർഷികവിളകളുടെ വിലയിടിഞ്ഞതിനാൽ ജന്മിമാർക്ക് പാട്ടം കൊടുക്കുവാനാവാതെ കർഷകർ വലഞ്ഞു. യഥാസമയം കൂലി കിട്ടാത്തതിനാലും കൂലിവെട്ടിക്കുറച്ചതിലും പ്രതിഷേധിച്ച് തൊഴിലാളികൾ പ്രക്ഷോഭത്തിലായി.

പല പ്രവിശ്യകളിലും നാട്ടുരാജ്യങ്ങളിലും വിദ്യാർഥികളുടെ ഫീസ് സർക്കാർ വർധിപ്പിച്ചു. ഇത്തരമൊരു സാഹചര്യത്തിലാണ് ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃസ്ഥാനത്തേക്ക് വരുന്നത്. കോൺഗ്രസ്സിന്റെ വാർഷികസമ്മേളനം 1920-ൽ നാഗ്പൂരിൽ ചേർന്നപ്പോൾ ഗാന്ധിജി നിസ്സഹകരണപ്രമേയം അവതരിപ്പിച്ചു. ശക്തമായ വാദപ്രതിവാദങ്ങൾ ഉണ്ടായി. നേരിയ ഭൂരിപക്ഷത്തിന് നിസ്സഹകരണപ്രമേയം അംഗീകരിക്കപ്പെട്ടു. ഒരു കാര്യത്തിൽ അദ്ദേഹം നിർബന്ധം പിടിച്ചു. സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായിരിക്കണം സമരം. ബ്രിട്ടീഷ് സർക്കാരുമായി യാതൊരുവിധ സഹകരണവും പാടില്ലെന്നായിരുന്നു പ്രമേയത്തിന്റെ കാതൽ. സർക്കാരാപ്പീസുകളും കോടതികളും വ്യവസായശാലകളും വിദ്യാലയങ്ങളും നിയമസഭകളും ബഹിഷ്കരിക്കാനായിരുന്നു ആഹ്വാനം.

നിസ്സഹകരണസമരം അതിശക്തമായി രാജ്യവ്യാപകമായി നടന്നു. ജനങ്ങളുടെ ഐക്യം കണ്ട് സർക്കാർ അമ്പരന്നു. പലേടത്തും പോലീസ് പ്രകോപനമുണ്ടാക്കി. ജനങ്ങളെ തല്ലിച്ചതച്ചു. സംയമനം പാലിക്കാൻ നേതാക്കൾ ആഹ്വാനം ചെയ്തെങ്കിലും തല്ലുകൊണ്ട് ചോരയൊലിച്ചും എല്ലൊടിഞ്ഞും വേദന സഹിക്കാതെ നിൽക്കുന്ന പച്ചമനുഷ്യന് നിസ്സംഗരാകാൻ കഴിയുമായിരുന്നില്ല. അത്തരമൊരു സന്ദർഭത്തിലാണ് ഉത്തർപ്രദേശിലെ ചൗരിചൗര ഗ്രാമത്തിൽ ജനങ്ങളെ തല്ലിച്ചതച്ച പോലീസുകാർ അഭയം പ്രാപിച്ച പോലീസ് സ്റ്റേഷൻ ജനങ്ങൾ തീവച്ചതും സബ് ഇൻസ്പെക്ടർ ഉൾപ്പെടെ 22 പോലീസുകാർ വെന്തുമരിക്കാൻ ഇടയാക്കിയതും. സമരം അക്രമാസക്തമായതിനാൽ ഗാന്ധിജി ഉടൻതന്നെ സമരം നിറുത്തിവച്ചു. അദ്ദേഹത്തിന്റെ തീരുമാനം ഏകപക്ഷീയമായിരുന്നു. സമരം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോൾ നിറുത്തിവച്ചത് ജനങ്ങളെ നിരാശരാക്കി. ഗാന്ധിജിയെ അറസ്റ്റ് ചെയ്ത് രണ്ടുവർഷത്തെ കഠിനതടവിന് വിധിച്ച് കാരാഗൃഹത്തിലാക്കി.

കോൺഗ്രസ്സിന്റെ സമരരീതിയിൽ വിശ്വാസമില്ലാതിരുന്ന വിപ്ലവകാരികൾ ഇന്ത്യയുടെ പലഭാഗത്തും രഹസ്യസംഘടനകൾ രൂപീകരിച്ചിരുന്നു. സായുധസമരത്തിലൂടെ ബ്രിട്ടനെ ഇന്ത്യയിൽ നിന്നും ഓടിക്കാം എന്നായിരുന്നു അവരുടെ കണക്കുകൂട്ടൽ. ജർമനിയെപ്പോലുള്ള രാജ്യങ്ങൾ ഇവർക്ക് സാമ്പ


ത്തിക സഹായവും ആയുധങ്ങളും നൽകി ബ്രിട്ടീഷ് വിരുദ്ധസമരത്തെ പ്രോത്സാഹിപ്പിക്കുന്നുണ്ടായിരുന്നു. ഗാന്ധിജിയുടെ നേതൃത്വത്തിൽ ജനകീയസമരം ആരംഭിച്ചപ്പോൾ ഈ വിപ്ലവകാരികളെല്ലാം സായുധസമരം ഉപേക്ഷിച്ച് ബഹുജനസമരത്തിൽ പങ്കാളികളായി. എന്നാലിപ്പോൾ സമരത്തിന്റെ ഉച്ചകോടിയിൽ എരിതീയിൽ വെള്ളമൊഴിക്കുന്നതുപോലെ സമരം പിൻവലിച്ചപ്പോൾ അവർ നിരാശരാവുകയും പഴയ സായുധസമരപാതയിലേക്ക് തിരികെപ്പോവുകയും ചെയ്തു. അങ്ങനെയാണ് ഭഗത്സിംഗും കൂട്ടരും ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷൻ എന്ന സംഘടന രൂപീകരിച്ച് വിപ്ലവ പ്രവർത്തനങ്ങൾ പുനരാരംഭിച്ചത്.

മൂന്നുപതിറ്റാണ്ടിലേറെക്കാലം നീണ്ടുനിന്ന ഗാന്ധിജിയുടെ ഇന്ത്യൻ രാഷ്ട്രീയജീവിതത്തിൽ മൂന്നു സുപ്രധാനഘട്ടങ്ങളുണ്ട്. 1921-22 കാലത്തെ നിസ്സഹകരണസമരം, 1930-32 കാലത്തെ സിവിൽ നിയമലംഘനസമരം, 1942-ലെ ക്വിറ്റ് ഇന്ത്യാസമരം. ഈ മൂന്നിൽ രണ്ടെണ്ണം സമാനസ്വഭാവമുള്ളതും മൂന്നാമത്തേത് തികച്ചും വ്യത്യസ്തവുമായിരുന്നു. നിസ്സഹകരണസമരം അകാലത്തിൽ നിറുത്തിവച്ചതിൽ നിന്നുമുണ്ടായ നിരാശയിൽ നിന്നും കോൺഗ്രസ്സിനെ കരകയറാൻ സഹായിച്ചത് 1929-ലെ പൂർണസ്വാതന്ത്ര്യപ്രമേയവും തുടർന്നുണ്ടായ ഉപ്പുസത്യഗ്രഹവുമായിരുന്നു. ലാഹോറിൽ 1929-ൽ ചേർന്ന കോൺഗ്രസ് സമ്മേളനം ജവഹർലാൽ നെഹ്റുവിനെ പ്രസിഡന്റായി തെരഞ്ഞെടുത്തിരുന്നു. അദ്ദേഹമാണ് പൂർണസ്വാതന്ത്ര്യപ്രമേയം അവതരിപ്പിച്ചത്. തൊട്ടടുത്ത വർഷം 1930 ജനുവരി 26-ന് പൂർണസ്വാതന്ത്ര്യദിനമായി രാജ്യമെമ്പാടും ആചരിക്കാനും ആഹ്വാനം ചെയ്തു. അതിന്റെ സ്മരണ നിലനിറുത്തുന്നതിനു വേണ്ടിയാണ് എല്ലാവർഷവും ജനുവരി 26-ന് റിപ്പബ്ലിക് ദിനമായി ആചരിക്കുന്നത്.

ചൗരിചൗരാസംഭവത്തെത്തുടർന്ന് നിറുത്തിവച്ചിരുന്ന സിവിൽ നിയമലംഘനസമരം തുടരാനും ലാഹോർസമ്മേളനം തീരുമാനിച്ചു. ആ സമരം എങ്ങിനെ വേണമെന്നു തീരുമാനിക്കാനുള്ള അധികാരം ഗാന്ധിജിക്കു നൽകി. അങ്ങനെയാണ് 1930 ഏപ്രിലിൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഉപ്പുസത്യഗ്രഹം ആരംഭിക്കുന്നത്. കടൽവെള്ളമെടുത്ത് കുറുക്കി ഉപ്പുണ്ടാക്കാനുള്ള സ്വാതന്ത്ര്യം ജനങ്ങൾക്കുണ്ടായിരുന്നു. എന്നാൽ അത്തരത്തിൽ നിർമ്മിക്കുന്ന ഉപ്പിന് സർക്കാർ നികുതി ഏർപ്പെടുത്തി. ഉപ്പിന്റെ കച്ചവടം കുത്തകയാക്കി സർക്കാരേറ്റെടുത്തു. ഇതിൽ പ്രതിഷേധിച്ചാണ് ഉപ്പുസത്യഗ്രഹം തുടങ്ങാൻ ഗാന്ധിജി തീരുമാനിച്ചത്. ഗാന്ധിജിയും തിരഞ്ഞെടുത്ത 72 അനുയായികളും കൂടി സബർമതി ആശ്രമത്തിൽ നിന്നും ദണ്ഡി കടപ്പുറത്തേക്ക് കാൽനടയായിച്ചെന്ന് കടൽവെള്ളമെടുത്ത് കാച്ചി ഉപ്പുണ്ടാക്കി നിയമം ലംഘിച്ചു. രാജ്യമെമ്പാടും ലക്ഷക്കണക്കിനാളുകൾ സമരത്തിൽ പങ്കാളികളായി. അന്തരീക്ഷം ഉപ്പുരസം കൊണ്ടു നിറഞ്ഞു.

1939-ൽ രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. ജനാധിപത്യവും ഫാസിസവും തമ്മിലുള്ള ഏറ്റുമുട്ടലായിരുന്നു അത്. ഇന്ത്യയും ബ്രിട്ടന്റെ കൂടെച്ചേർന്ന് യുദ്ധത്തിൽ പങ്കാളിയായിരിക്കുമെന്ന് വൈസ്രോയി ആയിരുന്ന ലിൻലിത്ഗോ പ്രഭു പ്രഖ്യാപിച്ചു. തിരഞ്ഞെടുക്കപ്പെട്ട ജനകീയ മന്ത്രിസഭകൾ നിലവിലുള്ളപ്പോൾ അവയുമായി കൂടിയാലോചിക്കാതെ ഏകപക്ഷീയമായി യുദ്ധം പ്രഖ്യാപിച്ചതിൽ പ്രതിഷേധിച്ച് പ്രവിശ്യാമന്ത്രിസഭകൾ രാജിവച്ചു. ദേശീയ നേതാക്കളെയെല്ലാം സർക്കാർ ജയിലിലടച്ചു.


**മൂന്നുപതിറ്റാണ്ടിലേറെക്കാലം നീണ്ടുനിന്ന ഗാന്ധിജിയുടെ ഇന്ത്യൻ രാഷ്ട്രീയജീവിതത്തിൽ മൂന്നു സുപ്രധാനഘട്ടങ്ങളുണ്ട്. 1921-22 കാലത്തെ നിസ്സഹകരണസമരം, 1930-32 കാലത്തെ സിവിൽ നിയമലംഘനസമരം, 1942-ലെ ക്വിറ്റ് ഇന്ത്യാസമരം. ഈ മൂന്നിൽ രണ്ടെണ്ണം സമാനസ്വഭാവമുള്ളതും മൂന്നാമത്തേത് തികച്ചും വ്യത്യസ്തവുമായിരുന്നു.**



നെഹ്റുവും ഭഗത്സിംഗും

യുദ്ധം രണ്ടുമുന്നണികൾ തമ്മിലായിരുന്നു. സഖ്യകക്ഷികളും അച്ചുതണ്ടുശക്തികളും. ജർമനി, ഇറ്റലി, ജപ്പാൻ എന്നിവർ ചേർന്നു രൂപീകരിച്ചതാണ് അച്ചുതണ്ട് ശക്തികൾ. പൊതുവിൽ ഇവർ ഫാസിസ്റ്റ് ചേരി എന്നറിയപ്പെട്ടു. ആ സഖ്യത്തിൽപ്പെട്ട ജപ്പാൻ കിഴക്കു നിന്നും പടിഞ്ഞാറോട്ട് അതിവേഗം മുന്നേറി. തെക്കുകിഴക്കനേഷ്യയിലെ യൂറോപ്യൻ കോളനി വാഴ്ചക്കാരെയെല്ലാം പുറത്താക്കിക്കൊണ്ടായിരുന്നു മുന്നേറ്റം. ബ്രിട്ടന്റെ നിയന്ത്രണത്തിലുണ്ടായിരുന്ന മലയാ, സിംഗപ്പൂർ, ബർമ (മ്യാൻമാർ) എന്നിവ ജപ്പാനു കീഴടങ്ങി. ഇന്ത്യയുടെ ഭാഗമായിരുന്ന ആന്തമാൻ-നിക്കോബാർ ദ്വീപുകൾ ജപ്പാന്റെ കൈവശമായി. കൽക്കട്ടയിലും വിശാഖപട്ടണത്തും മദ്രാസിലും ജപ്പാന്റെ വിമാനങ്ങൾ ബോംബു വർഷിച്ചു. ജപ്പാന്റെ അടുത്തലക്ഷ്യം ഇന്ത്യയാണെന്നുറപ്പായി.

കോൺഗ്രസ്സിൽ നിന്ന് പിണങ്ങിപ്പിരിഞ്ഞ് ഫോർവേഡ് ബ്ലോക്ക് രൂപീകരിച്ച സുഭാഷ് ചന്ദ്രബോസ് ഇന്ത്യയിൽ നിന്നും സാഹസികമായി രക്ഷപ്പെട്ട് ജർമനിയിലെത്തുകയും അവിടെ നിന്നും അന്തർവാഹിനി വഴി ജപ്പാനിലെത്തുകയും ചെയ്തു. തെക്കുകിഴക്കനേഷ്യയിൽ മുമ്പു മുതൽ പ്രവർത്തിച്ചുപോന്നിരുന്ന ഇന്ത്യൻ ഇൻഡിപ്പെൻഡൻസ് ലീഗിന്റെ നേതൃത്വം ഏറ്റെടുക്കുകയും ആസാദ് ഹിന്ദ് ഫൗജ് (Indian National Army) രൂപീകരിക്കുകയും ചെയ്തു. ജപ്പാന്റെ സൈനികസഹായത്തോടുകൂടി ഇന്ത്യയിലെ ബ്രിട്ടീഷുകാരെ പരാജയപ്പെടുത്തി രാജ്യത്തെ മോചിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം. ശത്രുവിന്റെ ശത്രു മിത്രം എന്ന രാഷ്ട്രീയ യുക്തിയായിരുന്നു ബോസിന്റേത്. ബർമയുടെ അതിർത്തിവഴി ഐ എൻ എ പട്ടാളക്കാർ ഇന്ത്യയിൽ പ്രവേശിക്കുകയും ചെയ്തു.


ഗാന്ധിജി ഉപ്പുസത്യഗ്രഹസമരത്തിൽ


ആസാദ് ഹിന്ദ് റേഡിയോയിലൂടെ നേതാജി ബോസ് ചെയ്ത പ്രസംഗങ്ങൾ ഇന്ത്യാക്കാരെ പ്രചോദിപ്പിച്ചു.

ഇത്തരമൊരു സാഹചര്യത്തിലാണ് ഗാന്ധിജി ക്വിറ്റിന്ത്യാസമരത്തിന് ആഹ്വാനം ചെയ്തത്. കോൺഗ്രസ് പ്രവർത്തകസമിതിയോഗം 1942 ആഗസ്റ്റ് 9-ന് ബോംബെയിൽ ചേർന്ന് അംഗീകരിച്ച പ്രമേയമാണ് ക്വിറ്റിന്ത്യാ. ബ്രിട്ടീഷുകാർ ഇന്ത്യവിടുക എന്നതായിരുന്നു അതിന്റെ സാരം. നേരം പുലരുന്നതിനു മുൻപു തന്നെ മുഴുവൻ നേതാക്കളെയും പോലീസ് തടങ്കലിലാക്കി.

നേതാക്കൾ തടവറയിലായെങ്കിലും അണികൾ സമരം ഏറ്റെടുത്തു. പലേടത്തും അക്രമസംഭവങ്ങളുണ്ടായി. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നതായിരുന്നു (Do or die) ഗാന്ധിജി ജനങ്ങൾക്കു നൽകിയ സന്ദേശം. എന്നാൽ നേതാക്കൻമാരെല്ലാം ജയിലിലടയ്ക്കപ്പെട്ടതോടെ സമരം ആദ്യഘട്ടം കഴിഞ്ഞപ്പോൾ അക്രമാസക്തമായി. ബ്രിട്ടീഷ് സർക്കാർ സർവശക്തിയുമുപയോഗിച്ച് സമരത്തെ അടിച്ചമർത്തി.

### ഉപ്പുസത്യഗ്രഹം കേരളത്തിൽ

ഗാന്ധിജിയുടെ ആഹ്വാനപ്രകാരം കേരളത്തിൽ പയ്യന്നൂരും കോഴിക്കോടും ഉപ്പുസത്യഗ്രഹം നടന്നു. കെ കേളപ്പൻ, മുഹമ്മദ് അബ്ദുറഹിമാൻ, ടി ആർ കൃഷ്ണസ്വാമി അയ്യർ, മാധവനാർ, ശർമ്മ, പി കൃഷ്ണപിള്ള, എ കെ ഗോപാലൻ, ഇ എം എസ് തുടങ്ങിയവർ അതിൽ പങ്കെടുത്തു. തൃശൂർ സെന്റ്തോമസ് കോളെജിൽ ബിരുദവിദ്യാർത്ഥിയായിരുന്ന ഇ എം എസ്സിനെ കോഴിക്കോട് കടപ്പുറത്ത് ഉപ്പുസത്യഗ്രഹം നടത്തിയതിനാൽ ജയിലിലടച്ചു. ജയിൽശിക്ഷയനുഭവിക്കേണ്ടിവന്നതിനാൽ നമ്പൂതിരിസമുദായം ഭ്രഷ്ട് കൽപ്പിക്കുകയും അമ്മയുടെ മരണാനന്തര ചടങ്ങുകളിൽ പങ്കെടുക്കാൻ കഴിയാതാവുകയും ചെയ്തു. ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്ത് ജയിലിൽപ്പോയ പ്രിയശിഷ്യനെ അനുമോദിച്ചുകൊണ്ട് കോളെജ് മാഗസിനിൽ ലേഖനമെഴുതിയതിന്റെ പേരിൽ ഇംഗ്ലീഷ് പ്രൊഫസറായ എം പി പോളിനെ ജോലിയിൽ നിന്നും പിരിച്ചുവിട്ടു.


കെ കേളപ്പൻ

യുദ്ധകാലത്തു തന്നെ യുദ്ധാവസാനത്തിനു ശേഷം ബ്രിട്ടന് ഇന്ത്യ വിട്ടുപോകേണ്ടതായി വരുമെന്ന് അറിയാമായിരുന്നു. ലോകസാഹചര്യം അതായിരുന്നു. അതിനാൽ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചർച്ചകളും സജീവമായി. ദേശീയത മുഖ്യവിഷയമായി. മതാടിസ്ഥാനത്തിൽ ദേശീയതയെ നിർവചിക്കാനുള്ള നീക്കം ശക്തിപ്രാപിച്ചു. ഇന്ത്യയിൽ ഹിന്ദു, മുസ്ലീം എന്നിങ്ങിനെ രണ്ടു ദേശീയതകളുണ്ടെന്നും അതിനാൽ ഇന്ത്യയെ രണ്ടായി വിഭജിക്കണമെന്നും വാദഗതികളുണ്ടായി. അഖണ്ഡഭാരതം എന്നതായിരുന്നു ഗാന്ധിജിയുടെ നിലപാട്. സർവേന്ത്യാലീഗിന്റെ നേതാവായ മുഹമ്മദാലി ജിന്ന ദ്വിരാഷ്ട്രവാദം (Two nation theory) മുന്നോട്ടു വച്ചു. അതിന്റെ ഫലമായി ഉണ്ടാക്കിയെടുത്ത പദമാണ് പാകിസ്ഥാൻ. എന്നാൽ മുസ്ലീങ്ങളിൽ നല്ലൊരു വിഭാഗം പാകിസ്ഥാൻ വാദത്തെ അംഗീകരിച്ചില്ല. അവർ വിഭജനത്തിനെതിരായിരുന്നു. ഹിന്ദു-മുസ്ലിം തീവ്രവാദികൾ വിഭജനത്തെ അനുകൂലിച്ചു. പലേടത്തും വർഗീയലഹള ഉണ്ടായി. ഹിന്ദുക്കളും മുസ്ലീങ്ങളും പരസ്പരം തമ്മിലടിക്കുകയും കൊല്ലുകയും ചെയ്തു.

യുദ്ധമവസാനിച്ചപ്പോൾ

**നേതാക്കൾ തടവറയിലായെങ്കിലും അണികൾ സമരം ഏറ്റെടുത്തു. പലേടത്തും അക്രമസംഭവങ്ങളുണ്ടായി. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നതായിരുന്നു ഗാന്ധിജി ജനങ്ങൾക്കു നൽകിയ സന്ദേശം. എന്നാൽ നേതാക്കൻമാരെല്ലാം ജയിലിലടയ്ക്കപ്പെട്ടതോടെ സമരം ആദ്യഘട്ടം കഴിഞ്ഞപ്പോൾ അക്രമാസക്തമായി.**

അധികാരകൈമാറ്റ ചർച്ചകൾക്കായി ബ്രിട്ടൻ ഒരു പ്രതിനിധിസംഘത്തെ ഇന്ത്യയിലേക്കയച്ചു. ക്യാബിനറ്റ് മിഷൻ എന്നായിരുന്നു അതിന്റെ പേര്. ഒരു ഇടക്കാല മന്ത്രിസഭ രൂപീകരിക്കാനും ഭരണഘടനാ നിർമാണസഭയെ തെരഞ്ഞെടുക്കാനും നിർദേശമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ ജവഹർലാൽ നെഹ്റുവിന്റെ നേതൃത്വത്തിൽ ഇടക്കാലമന്ത്രിസഭ നിലവിൽ വന്നു. എന്നാൽ സർവേന്ത്യാലീഗ് മന്ത്രിസഭയിൽ ചേർന്നില്ല. വർഗീയകലാപം രൂക്ഷമായി. വൈസ്രോയിയായിരുന്ന വേവൽപ്രഭുവിനെ തിരികെ വിളിക്കുകയും ബ്രിട്ടീഷ് രാജകുടുംബാംഗമായ ലൂയി മൗണ്ട്ബാറ്റൻ പ്രഭുവിനെ 1947 ജനുവരിയിൽ ഗവർണർ ജനറലായി ഇന്ത്യയിലേക്കയക്കുകയും ചെയ്തു. ഇന്ത്യയിലെ വിവിധ നേതാക്കളുമായും ബ്രിട്ടീഷ് സർക്കാരുമായും ചർച്ച നടത്തിയശേഷം മൗണ്ട്ബാറ്റൻ തന്റെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചു. ഇന്ത്യയെന്നും പാകിസ്ഥാനെന്നുമുള്ള രണ്ടുരാഷ്ട്രങ്ങൾ നിലവിൽ വരും. ഇന്ത്യയിലെ നാട്ടുരാജ്യങ്ങൾ സ്വതന്ത്രമാകും. അവയ്ക്ക് ഇന്ത്യയിലോ പാകിസ്ഥാനിലോ ലയിക്കാം. സ്വതന്ത്രമായി നിൽക്കുകയുമാവാം. ബ്രിട്ടീഷ് പാർലമെന്റ് 1947 ജൂണിൽ ഇന്ത്യൻ സ്വാതന്ത്ര്യനിയമം (Indian Independence Act) പാസ്സാക്കി. അത് 1947-ആഗസ്റ്റ് 15-ന് നിലവിൽ വരുമെന്ന് ഗവർണർ ജനറലായിരുന്ന മൗണ്ട് ബാറ്റൻ പ്രഖ്യാപിച്ചു. അതാണ് ഇന്ത്യയുടെ സ്വാതന്ത്ര്യദിനം.

ആഗസ്റ്റ് 15-ന് രാഷ്ട്രം സ്വാതന്ത്ര്യമാഘോഷിക്കുമ്പോൾ ഗാന്ധിജി ഡൽഹിയിൽ ഇല്ലായിരുന്നു. അധികാരക്കൈമാറ്റം നടക്കുമ്പോൾ അതിനു സാക്ഷിയാകാനും അദ്ദേഹമില്ലായിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിന്റെ മുഖ്യശിൽപ്പിയായിരുന്ന അദ്ദേഹം

അതിൽ നിന്നെല്ലാം ഒഴിഞ്ഞ് ഹിന്ദു-മുസ്ലീം ലഹള നടക്കുന്ന ബംഗാളിലെ നവോഖാലിയിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയായിരുന്നു. അധികാരം മാത്രമാണ് കൈമാറിക്കിട്ടിയതെന്നും യഥാർഥ സ്വാതന്ത്ര്യമെന്നു പറയുന്നത് ദാരിദ്ര്യത്തിൽ നിന്നും വർഗീയതയിൽ നിന്നുമുള്ള മോചനമാണെന്നും അദ്ദേഹം പറഞ്ഞു. സർവോദയം-എല്ലാവരുടെയും നന്മ അതാണദ്ദേഹത്തിന്റെ സന്ദേശം. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചതിനാൽ അദ്ദേഹം നേതൃത്വം കൊടുത്തു വളർത്തിക്കൊണ്ടുവന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെ പിരിച്ചുവിടണമെന്നും അതിനെ ഒരു സേവാദളമായി പുനഃസംഘടിപ്പിക്കണമെന്നും അദ്ദേഹം നിർദേശിച്ചു.

ഹിന്ദുക്കളുടെ ആക്രമണത്തിനിരകളാകുന്ന മുസ്ലീങ്ങളെയും മുസ്ലീങ്ങളുടെ ആക്രമണത്തിനിരകളാകുന്ന ഹിന്ദുക്കളെയും അദ്ദേഹം സമാശ്വസിപ്പിച്ചു. അവരുടെ കുടിലുകളിലേക്കദ്ദേഹം ഓടിയെത്തി. വിഭജനത്തെത്തുടർന്ന് പടിഞ്ഞാറൻ പഞ്ചാബിൽ നിന്നും കിഴക്കൻ ബംഗാളിൽ നിന്നും ലക്ഷക്കണക്കിന് അഭയാർഥികൾ ഇന്ത്യയിലേക്കെത്തി. അവർക്ക് സാന്ത്വനമേകിക്കൊണ്ട് ഗാന്ധിജി കർമനിരതനായി. ഹിന്ദു-മുസ്ലീം തീവ്രവാദികൾ അദ്ദേഹത്തെ ശത്രുവായിക്കണ്ടു. ഇന്ത്യയ്ക്കകത്ത് ഒരു മുസ്ലീമും ആക്രമിക്കപ്പെടാൻ പാടില്ലെന്ന് അദ്ദേഹം ശഠിച്ചു. വിഭജനത്തെത്തുടർന്നുണ്ടാക്കിയ കരാറിൽ പറയും പ്രകാരം ഇന്ത്യൻ ഖജനാവിൽ നിന്നും പാകിസ്ഥാനു നൽകാനുള്ള പണം വൈകിപ്പിക്കുന്നതിൽ അദ്ദേഹം രോഷാകുലനായി. ഇതെല്ലാം ഹിന്ദുതീവ്രവാദികളെ പ്രകോപിപ്പിച്ചു. അവർ അദ്ദേഹത്തെ വധിക്കാൻ തീരുമാനിച്ചു.

അദ്ദേഹം അന്ത്യനാളുകളിൽ താമസിച്ചിരുന്നത് ഡൽഹിയിലെ ബിർളാ മന്ദിരത്തിലായിരുന്നു. എല്ലാദിവസവും വൈകുന്നേരം പ്രാർഥനായോഗമുണ്ടാകും. അദ്ദേഹം പ്രാർഥനയ്ക്കെത്തുന്ന സന്ദർഭത്തിൽ വധിക്കാനായിരുന്നു തീവ്രവാദികൾ പദ്ധതിയിട്ടിരുന്നത്. ആദ്യ സംരംഭം പരാജയപ്പെട്ടു. 1948 ജനുവരി 20-നായിരുന്നു അത്. പൂനയായിരുന്നു ഗൂഢാലോചനയുടെ കേന്ദ്രം. അടുത്ത സംരംഭത്തിൽ ഗാന്ധിജി വധിക്കപ്പെടണമെന്നവർ നിശ്ചയിച്ചു. പൂനയിൽ നിന്നും കൊലയാളികൾ ഡൽഹിയിലെത്തി. പ്രാർഥനായോഗം നടക്കുന്ന ബിർളാമന്ദിരത്തിലെത്തി. അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് വെടിയുണ്ടയുതിർത്തു. 'ഹേ റാം' എന്ന ശബ്ദമുരുവിട്ടുകൊണ്ട് അദ്ദേഹം രക്തസാക്ഷിയായി. 1948 ജനുവരി 30-നായിരുന്നു അത്. നാഥുറാം വിനായക് ഗോഡ്സേ എന്നൊരു ഹിന്ദു തീവ്രവാദിയായിരുന്നു ഹീനവും ക്രൂരവുമായ ആ പ്രവൃത്തി ചെയ്തത്.

**പൂനയിൽ നിന്നും കൊലയാളികൾ ഡൽഹിയിലെത്തി. പ്രാർഥനായോഗം നടക്കുന്ന ബിർളാമന്ദിരത്തിലെത്തി. അദ്ദേഹത്തിന്റെ നെഞ്ചിലേക്ക് വെടിയുണ്ടയുതിർത്തു. 'ഹേ റാം' എന്ന ശബ്ദമുരുവിട്ടുകൊണ്ട് അദ്ദേഹം രക്തസാക്ഷിയായി. 1948 ജനുവരി 30-നായിരുന്നു അത്. നാഥുറാം വിനായക് ഗോഡ്സേ എന്നൊരു ഹിന്ദു തീവ്രവാദിയായിരുന്നു ഹീനവും ക്രൂരവുമായ ആ പ്രവൃത്തി ചെയ്തത്.**

രാജ്യം വിതുമ്പി. ലോകം നടുങ്ങി. ഇരുപതാംനൂറ്റാണ്ടിലെ വിശ്വമാനവൻ അങ്ങനെ ഒരു മതാന്ധന്റെ വെടിയുണ്ടയ്ക്കിരയായി. ഈശ്വരനും അള്ളായും ഒരേ ദൈവത്തിന്റെ പല പേരുകളാണെന്നു പറഞ്ഞു പഠിപ്പിച്ച വിശ്വമാനവനായിരുന്നു അദ്ദേഹം.സത്യവും ധർമവും അഹിംസയും സഹിഷ്ണുതയും സാഹോദര്യവുമാണ് അദ്ദേഹം ലോകത്തിനു നൽകിയ സംഭാവനകൾ. അവയെ സംരക്ഷിക്കേണ്ടതും കെട്ടുപോകാതെ സൂക്ഷിക്കേണ്ടതും ഓരോ ഭാരതീയന്റെയും കടമയാണ്.



ഗാന്ധിജി അന്ത്യനിദ്രയിൽ

# സ്കൂൾ ഡെയ്സ്

രാജീവ് എൻ ടി





# ഗാന്ധിജിയെ
## കൂടുതൽ അറിയാൻ...

❖ ആഫ്രിക്കയിൽ ഒരു ട്രെയിൻയാത്രയിൽ ഒരു ബ്രിട്ടീഷ് റെയിൽവേ ഉദ്യോഗസ്ഥൻ ഗാന്ധിജിയോട് അദ്ദേഹത്തെ വണ്ടിയിൽ നിന്നും പുറത്തുകടക്കാൻ ആജ്ഞാപിച്ചു. ഫസ്റ്റ് ക്ലാസ് കറുപ്പന്മാർക്കുള്ളതല്ല എന്നാണ് അയാൾ ഗർജിച്ചത്. ഇത് നിരസിച്ച ഗാന്ധി, തന്റെ പക്കൽ യാത്ര നടത്തുവാനാവശ്യമായ ടിക്കറ്റുണ്ടെന്ന് പറഞ്ഞു. എന്നാൽ അതു കേൾക്കാതെ അയാൾ ഗാന്ധിജിയെ ഉപദ്രവിച്ച് ട്രെയിനിൽ നിന്നും പിടിച്ചു തള്ളി. ബ്രിട്ടീഷുകാരിൽനിന്നും ഗാന്ധിജി അനുഭവിച്ച ദുരിതങ്ങളിൽ കേവലമൊന്നുമാത്രമാണിത്.

❖ 1931 ൽ ഇംഗ്ലണ്ടിൽ വച്ചായിരുന്നു 'യുണൈറ്റഡ് സ്റ്റേറ്റ്സി' നായുള്ള ഗാന്ധിജിയുടെ ആദ്യ റേഡിയോ പ്രക്ഷേപണം. മഹാത്മജിയുടേതായി റേഡിയോവിലൂടെ ജനങ്ങൾ കേട്ട ആദ്യ വാചകം ഇതാണ്. "ഈ സാധനത്തിനോടാണോ ഞാൻ സംസാരിക്കേണ്ടത്?"



❖ വളരെയധികം സഹായമനോഭാവവും മറ്റുള്ളവരെക്കുറിച്ച് കരുതലുമുണ്ടായിരുന്ന ഗാന്ധിജി ഒരിക്കൽ ട്രെയിനിൽ കയറുമ്പോൾ കാലിൽനിന്നും ഒരു ചെരുപ്പൂരി ട്രാക്കിൽ വീണുപോയി. ഉടനെ അവശേഷിച്ച ഒരു ചെരുപ്പുകൂടി ഊരി അദ്ദേഹം മറ്റതിനടുത്തേക്കെറിഞ്ഞു. ഈ ചെരുപ്പ് കിട്ടുന്നയാൾ ആരായിരുന്നാലും അയാൾക്ക് രണ്ട് ചെരുപ്പുകളും കിട്ടുന്നതിലൂടെ ഉപയോഗപ്പെടട്ടെ എന്നതായിരുന്നു ഗാന്ധിജിയുടെ ചിന്ത.

❖ ഗാന്ധിജി അത്യധികം കൃത്യനിഷ്ഠയുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ചെറിയ സമ്പാദ്യങ്ങളിലൊന്നായി ഒരു ഡോളർ വാച്ചും ഉണ്ടായിരുന്നു. 1948 ജനുവരി 30 ന് വധിക്കപ്പെടുന്നതിന് അൽപം മുമ്പ് പതിവായി പങ്കെടുക്കുന്ന പ്രാർഥനായോഗത്തിൽ പത്തുമിനിട്ട് താമസിച്ചു എന്ന കാരണത്താൽ അദ്ദേഹം ഒരുപാട് അസ്വസ്ഥനാകുകപോലുമുണ്ടായി.

❖ ഒരു വക്കീലായിരുന്ന ഗാന്ധിജി വക്കീലുദ്യോഗത്തെപ്പറ്റിപ്പറയുന്നത് പരസ്പരം ഭിന്നിച്ച് ശിഥിലമായിക്കിടക്കുന്നതിനെ ഒന്നിപ്പിക്കുക, കൂട്ടിച്ചേർക്കുകയാണ് വക്കീലിന്റെ യഥാർഥ കടമയെന്നാണ്. അതുകൊണ്ടുതന്നെ തന്റെ ഇരുപത്തിരണ്ട് വർഷക്കാലത്തെ ഔദ്യോഗികസേവനം, അതിനായി മാറ്റിവച്ചു അദ്ദേഹം. നൂറുകണക്കിന് കേസുകളിൽ വ്യക്തിപരമായി ഇടപെട്ട് ഒത്തുതീർപ്പുകളുണ്ടാക്കി. അതുകൊണ്ട് തനിക്ക് പണമോ ആത്മാഭിമാനമോ ഒന്നുംതന്നെ നഷ്ടമായിട്ടില്ലെന്നദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

❖ ഗാന്ധിജി ഒരു തമാശക്കാരൻ കൂടിയായിരുന്നു. ഒരിക്കലൊരു റിപ്പോർട്ടർ പാശ്ചാത്യ സംസ്കാരത്തെപ്പറ്റി ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ മറുപടി, "അത് വളരെ നല്ലയൊരാശയമായിരിക്കുമെന്ന് ഞാൻ വിചാരിക്കുന്നു." എന്നാണ്.

❖ 1948 ൽ ഗാന്ധിജിയുടെ ശവസംസ്കാരച്ചടങ്ങിൽ ഉപയോഗിച്ച അതേ ശവമഞ്ചം തന്നെയാണ് 1997 ൽ മദർതെരേസയ്ക്കായ് ഉപയോഗിച്ചതും.

❖ ഗാന്ധിജി ലണ്ടൻ സർവകലാശാലയിൽ നിന്ന് വിദ്യാഭ്യാസം നേടുകയും അറ്റോർണിയായി മാറുകയും ചെയ്തു. എന്നാൽ അദ്ദേഹത്തിന്റെ ആദ്യ കോടതി വ്യവഹാരത്തിൽ, സഭാകമ്പത്താൽ മുട്ടുകൾ കൂട്ടിയിടിക്കുകയും അത്യധികം പരിഭ്രാന്തനാവുകയുമുണ്ടായി.

❖ അഹിംസയുടെയും നിസ്സഹകരണത്തിന്റെയും സന്ദേശത്തിലൂടെ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ജനങ്ങൾക്ക് പ്രചോദനമാകുവാൻ അദ്ദേഹത്തിന് സാധിച്ചു. നൊബേൽ സമ്മാനം ലഭിച്ച അഞ്ച് ലോകനേതാക്കൾ; മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ (യു എസ് എ), ദലൈലാമ (ടിബറ്റ്), ആംഗ് സാൻ സ്യൂചി (മ്യാൻമർ), അഡോൾഫോ പെരിസ് ഇസക്കിയേൽ (അർജന്റീന) എന്നിവർ ഗാന്ധിയൻ ദർശനങ്ങളാണ് തങ്ങളുടെ മാർഗം തെളിച്ചുതന്നതെന്ന് സാക്ഷ്യപ്പെടുത്തുന്നു.
ഇത്രയും നൊബേൽ ജേതാക്കൾക്ക് പ്രചോദനമായ ഗാന്ധിജിക്ക് നൊബേൽ ലഭിച്ചിട്ടില്ല. അത് ഒരു നഷ്ടമാണെന്ന് നമ്മൾ വിചാരിച്ചാലും എല്ലാവിധ ആദരങ്ങൾക്കും അംഗീകാരങ്ങൾക്കും എത്രയോ മുകളിലാണ് ഗാന്ധിജിയുടെ സ്ഥാനം എന്നതാണ് സത്യം.

❖ തൊട്ടുകൂടായ്മയെയും താഴ്ത്തപ്പെട്ട വർഗങ്ങളായി ചില മനുഷ്യരെക്കാണുന്ന കാഴ്ചപ്പാടിനെയും അദ്ദേഹം ശക്തമായി എതിർത്തു. മനുഷ്യത്വത്തിനെതിരെയുള്ള നീചമായ കുറ്റകൃത്യമാണ് തൊട്ടുകൂടായ്മയെന്ന് ഗാന്ധിജി വാദിച്ചു. ഇത്തരത്തിലുള്ളവരുടെ ആത്മാഭിമാനം വർധിപ്പിക്കുന്നതിനായി അദ്ദേഹം അവരെ 'ഹരിജനങ്ങൾ ഈശ്വരന്റെ മക്കൾ' എന്നു വിളിച്ചു.



❖ പോസ്റ്റുകാർഡുകളായിരുന്നു ഗാന്ധിജിക്ക് ഇഷ്ടം. ഏറ്റവും ലളിതവും ചിലവ് കുറഞ്ഞതുമായ അവയെ ഗാന്ധിജി പരമാവധി പ്രോത്സാഹിപ്പിച്ചു.

❖ 1915 ൽ 'ശാന്തിനികേതൻ' സന്ദർശനവേളയിൽ രവീന്ദ്രനാഥ ടാഗോറിനെ കണ്ടപ്പോൾ ഗാന്ധിജി അദ്ദേഹത്തെ 'നമസ്തേ ഗുരുദേവ്' എന്ന് അഭിസംബോധന ചെയ്തു. അപ്പോൾ ടാഗോർ പറഞ്ഞു, ഞാൻ ഗുരുദേവാണെങ്കിൽ താങ്കൾ മഹാത്മാവാണ്. ' അന്നുമുതൽ ഗാന്ധിജിയുടെ പേരിനൊപ്പം ആ വിശേഷണവും ചേർക്കപ്പെട്ടു.

❖ നിരവധി സാഹചര്യങ്ങളുണ്ടായിട്ടും ഗാന്ധിജി ഒരിക്കൽപ്പോലും വിമാനയാത്ര നടത്തിയില്ല. അത്രമാത്രം ലളിതമായിരുന്നു ആ ജീവിതം. ട്രെയിനിൽ മൂന്നാം ക്ലാസ്സ് മുറിയിലാണ് അദ്ദേഹം സഞ്ചരിച്ചിരുന്നത്. തന്റെ ജീവിതത്തിലുടനീളം ആ ലാളിത്യത്തെ ചേർത്തുനിർത്തുവാനദ്ദേഹം ശ്രദ്ധിച്ചു.

❖ കീറിയതും പിഞ്ചിയതുമായ വസ്ത്രങ്ങൾ അദ്ദേഹം സ്വയം തുന്നിയെടുത്തു. മാത്രമല്ല, എപ്പോഴും അലക്കി വൃത്തിയാക്കിയ വസ്ത്രങ്ങൾ ധരിച്ചേ അദ്ദേഹത്തെ കാണുമായിരുന്നുള്ളൂ.

❖ പിശുക്കനാണെന്നു തോന്നുമാറ് അദ്ദേഹം വസ്തുക്കൾ സൂക്ഷിച്ചു. താൻ ഉപയോഗിച്ചുകൊണ്ടിരുന്ന ഒരുമുറി പെൻസിൽ കാണാഞ്ഞ് അദ്ദേഹം ആശ്രമം മുഴുവൻ കീഴ്മേൽ മറിച്ചു എന്നു കേട്ടിട്ടുണ്ട്.

# വൈഗയിൽ

ഒ എൻ വി





വൈഗേ, നിനക്കോർമ്മ-
യില്ലയോ? പണ്ടൊരു
വൈകാശിമാസ-
പ്പുലരിയിൽ, നമ്മുടെ
മുത്തച്ഛനീവഴി
വന്നതില്ലേ? സ്നാന-
ഘട്ടത്തിൽ മുങ്ങി-
ക്കുളിക്കുന്നതിൻ മുമ്പ്
സ്വന്തം തലേക്കെ-
ട്ടഴിച്ചു നനച്ചത്
വെൺമണലിന്മേ-
ലുണങ്ങാൻ വിരിക്കവേ,
അക്കരെയാളുക-
ളില്ലാത്തൊരു കോണിൽ
നിൽക്കും തമിഴക-
ത്തങ്കയെക്കാൺകയായ്.
ചുറ്റിയ ചേലയഴി-
ക്കാതതിന്റെയൊ-
രറ്റമാ നീറ്റിലവൾ
തിരുമ്മി, കാറ്റിൽ

വീശിയുണക്കീ...
        അതിൽപ്പിന്നെ വേണമാ
ശേഷിച്ച പാതി
        കഴുകിയുണക്കുവാൻ!
കണ്ടെത്തുകയാ-
        യിരുന്നുവോ മുത്തച്ഛ-
നിന്ത്യയിലെ തന്റെ
        കൂടപ്പിറപ്പിന്റെ
ചുറ്റിയതല്ലാതെ
        മാറ്റുവാനില്ലാത്ത
നിസ്വതാദൈന്യത്തെ?
        ദുഃഖത്തെ? - യാ മണൽ-
ത്തട്ടിലുണങ്ങാൻ
        വിരിച്ചിട്ടൊരാ തലേ-
ക്കെട്ടിന്റെ ശീല
        ചുരുട്ടിയെടുത്തതു
മുത്തച്ഛനങ്ങേ-
        ക്കടവിലേ,ക്കാ പെങ്ങൾ
നിൽക്കുന്നിടത്തേക്ക്
        മെല്ലെയൊഴുക്കുന്നു.
വൈഗേ! നിനക്കും
        ദയ തോന്നിയോ? തിര-
ക്കൈകളാൽ നീയ-
        തടുപ്പിച്ചിതക്കരെ.
മുട്ടോളമെത്തുന്ന
        മുണ്ടുടുത്തങ്ങനെ
മുത്തച്ഛനന്നുമുതൽ-
        ക്കർദ്ധനഗ്നനായ്!
നഗ്നപാദന്റെ
        കഴലിലെ നൊമ്പരം
ശൂദ്രന്റെയസ്പൃശ്യതാ-
        പരിതാപവും.
ക്ഷുദ്രഹൃദയ ദൗർ-
        ബല്യവും, സ്വാതന്ത്ര്യ-
മിച്ഛിപ്പതിൻ ശിക്ഷ-
        യാം പീഡനങ്ങളും

രാമന്റെ പേരിൽ
        റഹിമിന്റെ പേരിലും
രാജ്യത്തിനേറ്റ
        മുറിവിന്റെ നീറ്റലും
ഒക്കെയും പങ്കി-
        ട്ടെടുത്ത മുത്തച്ഛന്റെ
രക്തവുമീമണ്ണിൽ
        വീഴ്ത്തിയോരല്ലി നാം?
വൈഗേ! വിറക്കൊൾവ-
        തെന്തു നീയിപ്പൊഴും?
അന്നാ തമിഴക-
        പ്പെങ്ങളിരുന്നിട-
ത്തൊന്നല്ലൊരായിരം
        കൂടപ്പിറപ്പുകൾ!
എല്ലാവരും ചേർ-
        ന്നൊരാളായി മാറുന്നു-
വല്ലാതെ കുമ്പി
        ട്ടിരിക്കുമൊരമ്മയോ?

*(മഹാത്മജിയുടെ ദക്ഷിണമധുരാസന്ദർശനകാലത്തെ ഒരനുഭവം ഓർത്തുകൊണ്ട്.)*



വര: സുധീർ പി വൈ

കഥ

# സ്വന്തം കാക്കോവ്

ഗ്രേസി

പതിവുപോലെ വേനലവധി തുടങ്ങി ഒരാഴ്ച കഴിഞ്ഞപ്പോൾ അച്ഛൻ ചുവരലമാരയിൽ നിന്ന് ചുവന്ന ഒരു തടിയൻ പുസ്തകം പുറത്തെടുത്തു. ഒരാഴ്ച തിമിർത്തു കളിക്കാം. പിന്നെ പുസ്തകം കൈയിലെടുത്തോണം. വായനപോലെ സുഖമുള്ള ഒരു കാര്യം വേറെയില്ലെന്നാണ് അച്ഛൻ പറയാറ്. പുസ്തകം കൈയിലെടുത്തു കഴിഞ്ഞാൽ അച്ഛൻ എന്താണു ചെയ്യുക എന്ന് കണ്ണടച്ചാൽപ്പോലും എനിക്ക് കാണാൻ പറ്റും. ചുണ്ടിലൊരു ചിരിയും കണ്ണിലൊരു തിളക്കവുമായി പുറം ചട്ടയിൽ പതുക്കെ കൈയോടിക്കും. അപ്പോൾ അച്ഛൻ എന്നേക്കാളും ചെറിയ കുട്ടിയാവും. കുട്ടിക്കാലത്ത് ആരോ അച്ഛന് പിറന്നാൾ സമ്മാനമായി കൊടുത്തതാണ് ആ റഷ്യൻ കഥാപുസ്തകം. അച്ഛന്റെ ചുവരലമാര നിറച്ചും റഷ്യൻ കഥാപുസ്തകങ്ങളുണ്ട്. റഷ്യൻ കഥകളോടുള്ള ഇഷ്ടം മൂത്തു മൂത്ത് എനിക്ക് പാവ്‌ലോവ് എന്നു പേരിടാൻ പോയതാണ്. അമ്മ പക്ഷേ സമ്മതിച്ചില്ല. ആ കഥയൊക്കെ അമ്മ ഒരിക്കൽ വിസ്തരിച്ച് പറഞ്ഞുതന്നിട്ടാണ്ട്. അമ്മയുടെ ഏറ്റവും വലിയ കൂട്ടുകാരിയുടെ സങ്കടക്കഥയാണത്.

കൂട്ടുകാരിയുടെ അച്ഛന് പുഴകളോടായിരുന്നു സ്നേഹം മുഴുവനും. ഗംഗ, യമുന, കാവേരി എന്നൊക്കെ മക്കൾക്ക് പേരിട്ടു കഴിഞ്ഞപ്പോഴാണ് അച്ഛന് ലോകത്തുള്ള മറ്റു പുഴകളെ ഓർമ വന്നത്. അങ്ങനെ നാലാമത്തെ മകൾക്ക് നേവ എന്നു പേരിട്ടു. അഞ്ചാമത്തെ പെങ്കുട്ട്യാരുന്നു അമ്മയുടെ കൂട്ടുകാരി. ആ കുട്ടിക്കിട്ട പേര് ഭയങ്കരം! ആമസോൺ! ആമസോൺ! ആങ്കുട്ടികളും പെങ്കുട്ടികളുമൊക്കെ ആമേ! ആമേ! എന്നുവിളിച്ച് പിന്നാലെ കൂടും. അവൾടെ കണ്ണീരത്രേം എന്റെ ഉള്ളിലുണ്ട് എന്നാണ് അമ്മ പറഞ്ഞത്.



വര: ടി ആർ രാജേഷ്

എനിക്ക് പാവ്‌ലോവ് എന്ന് പേരിട്ടാൽപ്പിന്നെ എല്ലാരും പാവേ! പാവേ! എന്നാവും വിളിക്കുക എന്ന് അമ്മയ്ക്ക് തീർച്ചയുണ്ട്. എന്നാലും അച്ഛൻ ചിലപ്പോൾ അമ്മ കേൾക്കാതെ എന്നെ പാവ്‌ലോവ് എന്ന് വിളിക്കാറുണ്ട്. ചുവന്ന തടിയൻ പുസ്തകം കൈയിലെടുക്കുമ്പോൾ പ്രത്യേകിച്ചും.

'ഒരു കൊല്ലംകൊണ്ട് പാവ്‌ലോവ് ഇതൊക്കെ മറന്നു പോവുമെന്ന് എനിക്കറിയില്ലേ?' എന്നൊരു ചിരിയും പിന്നാലെയുണ്ടാവും. പക്ഷേ, അതിലെ 'കൂണിനടിയിൽ' എന്ന കഥ ഞാനൊരിക്കലും മറക്കുകയില്ല! മഴയത്ത് ഒരു കൂണിന്റെ അടിയിലേക്ക് ഓടിക്കയറുന്ന കുറേ ജീവികളുടെ കഥയാണത്. ആദ്യം വരുന്നത് ഒരു ഉറുമ്പാണ്. പിന്നെ ഒരു ചിത്രശലഭം, ചുണ്ടെലി, കുരുവി, ഒടുവിലൊരു മുയലും. ഓരോരുത്തരും വന്ന് ചേരുന്നതിനനുസരിച്ച് കൂൺകുടയങ്ങനെ വിടർന്നു വിടർന്നു വരും. ചായം ചേർത്ത ചിത്രങ്ങൾ കാണാനെന്തൊരു ഭംഗിയാണെന്നോ! ആ കഥപോലെ മറ്റു കഥയൊന്നും ഓർക്കാൻ പറ്റാത്തതിന്റെ ചമ്മലോടെ ഞാൻ ജനാലയിലൂടെ പുറത്തേക്കു നോക്കി. അപ്പോഴുണ്ട് ഒരു കാക്ക മുറ്റത്തേക്ക് പറന്നിറങ്ങുന്നു. ഞാൻ അച്ഛനെ തോണ്ടിവിളിച്ചു.

''ദേ, അച്ഛാ! ഒരു കാക്കോവ്!''കാക്കോവ്, തെയ്! തിത്തെയ്! തിത്തെയ്! എന്നു ചാടുന്നത് കണ്ട് ഇതെന്ത് തമാശ എന്നു ചിരിച്ച് ഞാൻ ഉമ്മറത്തേക്കു പാഞ്ഞു. കാര്യം പിടികിട്ടിയപ്പോൾ ഞാൻ വിളിച്ചുകൂവി.

''അയ്യോ! അച്ഛാ! ഇത് ഒരൊറ്റക്കാലൻ കാക്കോവാണ്!''പിന്നാലെ വന്ന അച്ഛൻ കാക്കോവിനെ കുറേ നേരം നോക്കിനിന്നു. ഏതോ റഷ്യൻ കഥാപുസ്തകത്തിൽ നിന്നിറങ്ങിവന്ന ഒരു കുട്ടിയെപ്പോലെ അച്ഛൻ പറഞ്ഞു.

''പാവം!''

പിന്നെ എന്റെ തലയിൽ വിരലോടിച്ചു.

''അതിനെ ഒറ്റക്കാലൻ എന്നൊന്നും വിളിക്കരുതേട്ടോ!''ഞാൻ തലകുലുക്കി.

''എന്നാപ്പിന്നെ വെറും കാക്കോവ് എന്നുവിളിക്കാം.''

അച്ഛന്റെ ചുണ്ടിൽ നിന്നൊരു ചിരി മീശയിലേക്കു കയറുന്നതുകണ്ട് ഞാൻ അടുക്കളയിലേക്കോടി. ഒരു കഷണം ബ്രെഡ്ഡെടുത്ത് കാക്കോവിന്റെ മുമ്പിലിട്ടു. പേടിയൊന്നുമില്ലാതെ കാക്കോവ് തിത്തിത്തെയ് എന്നു ചാടിവന്ന് ബ്രെഡ്ഡ് കൊത്തിയെടുത്തു വിഴുങ്ങി. എന്റെ പിന്നാലെ തന്നെ ഉമ്മറത്തേക്കുവന്ന അമ്മ താടിക്കു കൈകൊടുത്തു നിന്നു കാക്കോവിനെ കൗതുകത്തോടെ നോക്കി.

''കുറേക്കാലായിട്ട് പറമ്പില് പക്ഷികളൂല്ല, മുറ്റത്ത് കാക്കേമില്ല. ഇതിപ്പോ എവിടന്ന് വന്നു? കഷ്ടം! ഈ ഒറ്റക്കാലും വച്ച് അതിന് തീറ്റതേടി എവിടേം പോകാൻ പറ്റൂല്ലല്ലോ!''

അമ്മ പിന്നെ അടുക്കളയിൽപ്പോയി പ്രാതലിന്റെ ശേഷിപ്പായ ഒരു ഇഡ്ഡലിയെടുത്തുകൊണ്ടുവന്നു. കാക്കോവ് അതും സാവധാനം കൊത്തിത്തിന്നു. വയറ് നിറഞ്ഞിട്ടാവും അതു പറന്ന് മുറ്റത്തിന്റെ ഇറമ്പിലുള്ള ഒരു തൈമാവിന്റെ കൊമ്പത്തിരുന്ന് കൊക്ക് ഉരച്ച് വൃത്തിയാക്കി. പിന്നെ ആകാശം നോക്കി ഏതോ ചിന്തയിലാണ്ടു. ഇതുവരെയും കാക്കോവൊന്ന് കരഞ്ഞതേയില്ലെന്ന് കണ്ടുപിടിച്ചത് അമ്മയാണ്. അപ്പോൾ അച്ഛൻ പറഞ്ഞു.

''അതിനെ ആരും കൂട്ടത്തിൽ കൂട്ടുന്നുണ്ടാവില്ല. അതോണ്ടാവും സാധാരണ കാക്കകളെപ്പോലെ കരഞ്ഞു കൂട്ടരെ വിളിക്കാത്തത്?''

അമ്മയുടെ മുഖത്ത് ഒരു കുറുമ്പു വന്ന് നിറഞ്ഞു.

''എന്നാപ്പിന്നെ നമ്മുടെ കൂട്ടത്തിലങ്ങ് കൂട്ടിക്കളയാം!''

അങ്ങനെയാണ് കാക്കോവ് ഞങ്ങളുടെ വീട്ടിലെ കുറിഞ്ഞിപ്പൂച്ച, ടൈഗർ നായ എന്നിവരെപ്പോലെ ഒരംഗമായത്. എന്നും രാവിലെ യാതൊരു ശങ്കയുമില്ലാതെ മുറ്റത്ത് പറന്നിറങ്ങുന്ന കാക്കോവിനെ തൊട്ടുപോകരുതെന്ന് അമ്മ കുറിഞ്ഞിക്ക് കൽപ്പനകൊടുത്തു. കുറിഞ്ഞി വാല് കൊടിപോലെ മുകളിലേക്കുയർത്തി വിറപ്പിച്ച് ങർ! ങർ! എന്നു സമ്മതം മൂളി. ഉമ്മറത്തെ ചാരുകസേരയിലിരുന്ന് പാൽച്ചായ കൊത്തിക്കുടിച്ച് ടൈഗറുടെ തലയിൽ ഇടംകൈകൊണ്ട് തലോടി അച്ഛൻ അവനേയും കാര്യം ബോധ്യപ്പെടുത്തി. അതെന്തോ ആകട്ടെ എന്ന മട്ടിൽ കൊതിയൻ ങ്‌റും! എന്ന് നീട്ടിയൊന്ന് മുരണ്ട് പാൽച്ചായയിൽ കണ്ണുവച്ചു. അച്ഛൻ പതിവുപോലെ അവന്റെ പാത്രത്തിൽ ഒരിറക്ക് ചായ ഒഴിച്ചുകൊടുത്തു. അത് നക്കിക്കുടിച്ച് ടൈഗർ കാക്കോവിനെ നോക്കി അച്ഛന്റെ കാൽച്ചുവട്ടിൽത്തന്നെ കിടന്നു. കാക്കോവ് ക്രാ! ക്രാ! എന്നു

അങ്ങനെയാണ് കാക്കോവ് ഞങ്ങളുടെ വീട്ടിലെ കുറിഞ്ഞിപ്പൂച്ച, ടൈഗർ നായ എന്നിവരെപ്പോലെ ഒരംഗമായത്. എന്നും രാവിലെ യാതൊരു ശങ്കയുമില്ലാതെ മുറ്റത്ത് പറന്നിറങ്ങുന്ന കാക്കോവിനെ തൊട്ടുപോകരുതെന്ന് അമ്മ കുറിഞ്ഞിക്ക് കൽപ്പനകൊടുത്തു.

കരയുന്നില്ലെന്ന് മാത്രമല്ല സാധാരണ കാക്കകളെപ്പോലെ ചാഞ്ഞും ചരിഞ്ഞും നോക്കുന്നുമില്ല എന്നു ഞാൻ കണ്ടുപിടിച്ചു.

''ഇത് വെറും കാക്കോവല്ല അച്ഛാ! നമ്മുടെ സ്വന്തം കാക്കോവാ!''

അച്ഛൻ എന്നെ പിടിച്ച് മടിയിലിരുത്തി. അച്ഛന്റെ കഴുത്തിലൂടെ കൈ ചുരുട്ടിപ്പിടിച്ചങ്ങനെ ഇരിക്കുമ്പോൾ ഞാൻ ഒരു പാട്ടുമൂളി.

''അച്ഛനെയാണെനിക്കിഷ്ടം!''

അന്നേരം കാക്കോവിന് ദോശയുമായി അടുക്കളയിൽ നിന്നുവന്ന അമ്മ കെറുവിച്ചു.

''അതുശരി! അപ്പോ ഞാനീ അടുക്കളേക്കെടന്ന് വച്ചും വിളമ്പിയും കഷ്ടപ്പെടുന്നത് വെറുതെ!''

അച്ഛൻ എന്റെ സഹായത്തിനെത്തി.

''അതിന് അമ്മയെ ഇഷ്ടമല്ലെന്ന് അവൻ പറഞ്ഞോ? ഉവ്വോ കുട്ടാ?''

'ഉം! ഉം! ഒരച്ഛനും മോനും ആ' എന്നുപറഞ്ഞ് അമ്മ ദോശ മുറ്റത്തേക്ക് നീട്ടിയെറിഞ്ഞു. പക്ഷേ, കാക്കോവ് ദോശ കൊത്താതെ അമ്മയെത്തന്നെ നോക്കിനിന്നു. അമ്മ കുണ്ഠിതപ്പെട്ടു.

''പാവം ! അവന് എന്തോ പറയാനുണ്ട്!''

അച്ഛൻ ഒരു നെടുവീർപ്പിട്ടു

''പക്ഷികൾടേം മൃഗങ്ങൾടേമൊക്കെ ഭാഷയറിയാവുന്ന ഒരാൾ പണ്ടുണ്ടായിരുന്നു. ചട്ടമ്പിസ്വാമികൾ!''

“അച്ഛാ! ടൈഗറിനും കുറിഞ്ഞിക്കുമൊക്കെ പാത്രമില്ലേ? നമുക്ക് കാക്കോവിനും ഒരു പാത്രം കൊടുത്താലെന്താ?” അച്ഛൻ അരുതെന്ന് തലകുടഞ്ഞു. “നമ്മളവരെ അങ്ങനെ പച്ചപ്പരിഷ്ക്കാരിയാക്കണ്ട! പക്ഷികളും മൃഗങ്ങളുമൊക്കെ പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരാ. മനുഷ്യര് മാത്രേ അകന്നു പോയുള്ളൂ.”



പിന്നെ എന്തോ ഓർത്ത് വീണ്ടും നെടുവീർപ്പിട്ടു.

''ഇതിപ്പോ ഇവൻ പറയാനുദ്ദേശിക്കുന്നത് വേറൊന്നുമല്ല! ഇവനെ അച്ഛനും അമ്മേം മാത്രമല്ല കാക്കക്കൂട്ടോം ഉപേക്ഷിച്ചതാണെന്നാ!''

''അമ്പടാ! പുതിയൊരു സ്വാമികള് വന്നിരിക്കണു!''എന്ന് പൊട്ടിച്ചിരിച്ച് അമ്മ അടുക്കളയിലേക്കു മടങ്ങി. മണ്ണിൽ വീണുകിടക്കുന്ന ദോശ കൊത്തിത്തിന്നുന്ന കാക്കോവിനെ നോക്കിയിരിക്കുമ്പോൾ ഞാൻ ചോദിച്ചു.

''അച്ഛാ! ടൈഗറിനും കുറിഞ്ഞിക്കുമൊക്കെ പാത്രമില്ലേ? നമുക്ക് കാക്കോവിനും ഒരു പാത്രം കൊടുത്താലെന്താ?''

അച്ഛൻ അരുതെന്ന് തല കുടഞ്ഞു.

''നമ്മളവരെ അങ്ങനെ പച്ചപ്പരിഷ്ക്കാരിയാക്കണ്ട! പക്ഷികളും മൃഗങ്ങളുമൊക്കെ പ്രകൃതിയോടിണങ്ങി ജീവിക്കുന്നവരാ. മനുഷ്യര് മാത്രേ അകന്നു പോയുള്ളൂ.''

അച്ഛൻ പിന്നേം നെടുവീർപ്പിട്ടു. ''ഓ! ഈ അച്ഛനിന്ന് മൊത്തത്തിലൊരു നെടുവീർപ്പനായിപ്പോയല്ലോ!'' എന്ന് പിറുപിറുത്തു ഞാൻ തീൻമുറിയിലേക്കു നടന്നു.

നല്ലോണം മുരിഞ്ഞ ദോശ സാമ്പാറൊഴിച്ചു കുഴയ്ക്കുമ്പോൾ പതിവില്ലാത്തതുപോലെ ഈ ദോശേം സാമ്പാറുമൊക്കെ ആരു കണ്ടുപിടിച്ചതെന്ന് ഞാൻ അതിശയിച്ചു.

''ഇന്നെന്താ തീറ്റയെടുക്കാനൊരമാന്തം!'' എന്ന് അമ്മ എന്നെ ഒന്നിരുത്തിനോക്കി. ഈ അമ്മയും കുറിഞ്ഞിയും ഒരേപോലെയാണ്. മുന്നിൽ വന്നുപെട്ടാൽ ഒരു കാര്യവുമില്ലാതെ കുറിഞ്ഞി സൂക്ഷിച്ചൊന്നു നോക്കും. പിന്നെ തിരെ മയമില്ലാതെ 'മ്യാവൂ' എന്ന് ശാസിക്കുകയും ചെയ്യും. ടൈഗർ പക്ഷേ അങ്ങനെയല്ല. വാലാട്ടി

അടുത്തുവന്ന് ആദ്യം കാല് രണ്ടും മണപ്പിക്കും. പിന്നെ സൗകര്യംപോലെ ഏതെങ്കിലും ഒരെണ്ണം നക്കിത്തുടയ്ക്കും. ചിലപ്പോൾ മുറ്റത്ത് ഓടിക്കളിക്കാനും കൂടും.

പിറ്റേന്ന് പതിവില്ലാത്ത ഒരു കാര്യം സംഭവിച്ചു. കാക്കോവ് പാതി ചപ്പാത്തി തിടുക്കത്തിൽ കൊത്തിവിഴുങ്ങി. ബാക്കി കൊക്കിലൊതുക്കിപ്പിടിച്ച് എങ്ങോ പറന്നു പോവുന്നതു കണ്ട് അമ്മ പറഞ്ഞു.

''നമ്മടെ കാക്കോവിന്റെ കല്യാണം കഴിഞ്ഞൂട്ടോ!''

അച്ഛൻ കളിയാക്കി.

''കല്യാണത്തിന് നിന്നെ വിളിച്ചാരുന്നോ?''

അമ്മയുടെ മുഖത്ത് വാശി കൂടുവച്ചു.

''എന്നാ നിങ്ങള് നോക്കിക്കോ!''

അത്ഭുതം തന്നെ, പിറ്റേന്നു മുതൽ കാക്കോവിനെ കാണാനില്ലാതെയായി. കാക്കോവിന് എന്തെങ്കിലും അപകടം പറ്റിയോ എന്നായി എന്റെ സങ്കടം. ഇലക്ട്രിക് കമ്പിയിൽ ഒരു കാക്ക ചത്തു തൂങ്ങിക്കിടക്കുന്നതും ഒരുപാട് കാക്കകൾ കുറേ നേരം ആർത്തുകരഞ്ഞ് ഒന്നും രണ്ടുമായി പിരിഞ്ഞുപോകുന്നതും കണ്ടിട്ടുണ്ട്. എന്തു പറ്റിയെന്നറിയില്ലെന്ന് അച്ഛനും കൈമലർത്തി. പക്ഷേ, അമ്മ ഉറപ്പിച്ചു പറഞ്ഞു.

''കാക്കോവിന്റെ ഭാര്യ മുട്ടയിട്ടിട്ടൊണ്ടാവും. കാക്കോവും മുഴുവൻ സമയോം അടയിരിക്കുവായിരിക്കും. അവന് അതല്ലേ സൗകര്യം? കൂട്ടില് കുയില് മുട്ടയിടാതെ നോക്കുകേം ആവാം.''

കാക്കോവിനെ ഭാര്യയോടൊപ്പം ഒരിക്കലും കണ്ടിട്ടില്ലാത്തതുകൊണ്ട് അച്ഛൻ അതു വിശ്വസിക്കാൻ കൂട്ടാക്കിയില്ല.

കാക്കാവിനെച്ചൊല്ലിയുള്ള എന്റെ സങ്കടം സ്കൂള് തുറന്നതോടെ അകന്നകന്നുപോയി. കുറേനാൾ കഴിഞ്ഞതോടെ ഞാൻ കാക്കോവിനെ മറന്നു പോവുകയും ചെയ്തു.



അങ്ങനെയിരിക്കെ ഒരു ദിവസം രാവിലെ മുറ്റത്ത് നാലു കാക്കകൾ പ്രത്യക്ഷപ്പെട്ടു. അച്ഛന്റെ കാൽക്കൽ ചായകുടികഴിഞ്ഞ് കിടന്ന ടൈഗർ 'ഓടിക്കട്ടെ?' എന്നു മുരണ്ടു. അപ്പോഴേക്കും അവർക്കിടയിൽ ഒറ്റക്കാലുള്ള കാക്കോവിനെ അച്ഛനും ഞാനും തിരിച്ചറിഞ്ഞു. ഞാൻ വിളിച്ചുകൂവി.

''അമ്മേ! നമ്മുടെ സ്വന്തം കാക്കോവ് വന്നിട്ടൊണ്ട്!''

അമ്മ തിടുക്കപ്പെട്ട് ഉമ്മറത്തേക്കു വന്നു. ഞാൻ അമ്പരപ്പോടെ ചോദിച്ചു.

''ഇത്രേം ദിവസം കാക്കോവ് എവിടാരുന്നു?''

ആദ്യമായി കാക്കോവ് ക്രാ! എന്നു ചിരിക്കുന്നതുകേട്ടു.

''അവൻ ഭാര്യേം മക്കളുമായിട്ട് വിരുന്നുവന്നതല്ലേ?'' എന്നുപറഞ്ഞ് അമ്മ അടുക്കളയിൽ ചെന്ന് രണ്ട് ഇഡ്ഡലി എടുത്തുകൊണ്ടുവന്നു. കാക്കോവ് ഇഡ്ഡലി കൊത്താതെ വെറുതേ തത്തിത്തത്തി നിന്നതേയുള്ളൂ. കാക്കോവിന്റെ ഭാര്യ ഇഡ്ഡലി ചെറുകഷ്ണങ്ങളാക്കി മക്കളുടെ വായിൽ വച്ചുകൊടുത്തു. ഇഡ്ഡലി മുഴുവൻ തിന്നിട്ടും വായ് പിളർന്നു കരയുന്ന കുഞ്ഞുങ്ങളെ കണ്ട് അമ്മ മൂക്കത്തു വിരൽ വച്ചു.

''ഓ! എന്റെ കാക്കോവേ! നിന്റെ മക്കളെന്തൊരു ആർത്തിക്കാരാ!'' തനിക്കതിലൊരു പങ്കുമില്ലെന്നമട്ടിൽ കാക്കോവ് പിന്നേയും ക്രാ! എന്നു ചിരിച്ചു. അമ്മ പരുങ്ങലോടെ പറഞ്ഞു.

''ഇന്നിത്രേയുള്ളൂ! നാളെത്തൊട്ട് നിനക്കും ഭാര്യയ്ക്കും മക്കൾക്കുമുള്ളത് കരുതിവച്ചേക്കാം!''

ക്രാ! എന്നു സമ്മതിച്ച് കാക്കോവ് മുന്നേ പറന്നു. പിന്നാലെ ഭാര്യയും മക്കളും .

മിഴിച്ചു നിൽക്കുന്ന എന്നെ നോക്കി അമ്മ കണ്ണിറുക്കിച്ചിരിച്ചു.

''അതേയ്! ഏറ്റവും പഴേ ഭാഷയാ! അതിന് ഒച്ച മാത്രേള്ളൂ!''

# ക്ഷുരകൻ

അനു ബന്ദ്യോപധ്യായ

ദക്ഷിണാഫ്രിക്കയിലെത്തി ഏതാണ്ട് ഒരാഴ്ചയ്ക്കകം ജോലിസംബന്ധമായ ഒരാവശ്യത്തിനായി ഗാന്ധിക്ക് നഗരത്തിൽ തങ്ങേണ്ടതായി വന്നു. ആ നഗരത്തിലെ പ്രധാനപ്പെട്ട ഒരു ഹോട്ടലിൽ തന്നെ എത്തിക്കുവാൻ ഒരു കുതിരവണ്ടിക്കാരനോട് അദ്ദേഹം ആവശ്യപ്പെട്ടു. ഗാന്ധി ഹോട്ടൽ മാനേജരെ കണ്ട് ഒരു മുറി ആവശ്യപ്പെട്ടു. വെള്ളക്കാരനായ ആ മാനേജർ അദ്ദേഹത്തെ അടിമുടി നോക്കിയശേഷം പറഞ്ഞു: 'ക്ഷമിക്കണം. മുറി ഒന്നും ഒഴിവില്ല.' ആ രാത്രി മുഴുവൻ ഇന്ത്യാക്കാരനായ ഒരു സുഹൃത്തിന്റെ കടയിൽ അദ്ദേഹം ചെലവഴിച്ചു. ഇതേക്കുറിച്ച് അദ്ദേഹം സുഹൃത്തിനോടു പറഞ്ഞപ്പോൾ സുഹൃത്ത് അദ്ദേഹത്തോട് ചോദിച്ചു: 'ആ ഹോട്ടലിൽ നിന്നെ പ്രവേശിപ്പിക്കുമെന്ന് നീ പ്രതീക്ഷിച്ചോ?'

'എന്തുകൊണ്ടില്ല?' ഗാന്ധിക്കത് അത്ഭുതമായി.

'സമയമാകുമ്പോൾ എല്ലാം നീ അറിയും.' സുഹൃത്ത് പറഞ്ഞു.

ക്രമേണ ദക്ഷിണാഫ്രിക്കയിൽ ഇന്ത്യാക്കാർ അനുഭവിക്കുന്ന അപമാനത്തെക്കുറിച്ച് ഗാന്ധി മനസ്സിലാക്കി. അവർണനായ ഇന്ത്യാക്കാരനായതിനാൽ അദ്ദേഹത്തെ തൊഴിക്കുകയും ചെകിട്ടത്തടിക്കുകയുമുണ്ടായി. മറ്റൊരിക്കൽ ട്രെയിനിൽ നിന്നും നടപ്പാതയിലേക്കു പിടിച്ചു തള്ളി. ഇത്രയൊക്കെ അനുഭവങ്ങൾ ഉണ്ടായിട്ടും എന്തിനാണീ വെള്ളക്കാർ ഇത്തരത്തിൽ പെരുമാറുന്നതെന്നും കറുത്ത വർഗക്കാരെ എന്തിനാണ് ഇത്ര കണ്ടു വെറുക്കുന്നതെന്നും മനസ്സിലാക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. എല്ലാവരും ഒരേ ദൈവത്തിന്റെ മക്കളാണെന്നു ചിന്തിച്ചിരുന്ന അദ്ദേഹം ക്രിസ്തുമതം സ്നേഹത്തിന്റെ മതമാണെന്നു വിശ്വസിച്ചു.

ഒരുദിവസം ഗാന്ധി മുടി വെട്ടിക്കാനായി ഒരു ബാർബർ ഷോപ്പിൽ പോയി. വെള്ളക്കാരനായ ബാർബർ ചോദിച്ചു: 'എന്താ നിങ്ങൾക്ക് വേണ്ടത്?'

'എന്റെ മുടി വെട്ടണം.' ഗാന്ധി പറഞ്ഞു.

'ക്ഷമിക്കണം. എനിക്കതിനു കഴിയില്ല. ഞാൻ ഒരു കറുത്ത മനുഷ്യന്റെ മുടി വെട്ടിയെന്നറിഞ്ഞാൽ എനിക്കെന്റെ പതിവുകാരെ നഷ്ടപ്പെടും.'

ഈ കടുത്ത അപമാനം ഗാന്ധിയുടെ മനസ്സിനെ വല്ലാതെ ഉലച്ചു. എന്നാൽ ഇതേക്കുറിച്ചോർത്ത് ദുഃഖിച്ചിരിക്കാനോ



പത്രവാർത്ത നൽകാനോ അദ്ദേഹം മുതിർന്നില്ല. സ്വാശ്രയശീലനായിരുന്ന അദ്ദേഹം സ്വന്തം കാര്യങ്ങൾ സ്വയം ചെയ്യാൻ ശ്രമിച്ചു. ഉടനെ തന്നെ അദ്ദേഹം മുടിവെട്ടാനുള്ള ക്ലിപ്പർ വാങ്ങി വീട്ടിലേക്കുപോയി.

ഒരു കണ്ണാടിക്കു മുന്നിലിരുന്ന് സ്വയം തലമുടി വെട്ടി. തനിയെ ക്ഷൗരം ചെയ്യാൻ കഴിഞ്ഞെങ്കിലും മുടിവെട്ടുക എന്നത് ശ്രമകരമായിരുന്നു. മാത്രമല്ല ഇത് ഒരു ബാരിസ്റ്ററുടെ ജോലിയുമല്ലല്ലോ. എന്നാലും ഒരുവിധം അദ്ദേഹം ഈ ജോലി ചെയ്തുവെങ്കിലും തലയുടെ പുറകുവശം ആകെ വൃത്തികേടായി. പതിവുപോലെ ഇതും ഒരു വെല്ലുവിളിയായി സ്വീകരിച്ചുകൊണ്ട് അടുത്ത ദിവസം അദ്ദേഹം കോടതിയിൽ പോയി. അദ്ദേഹത്തിന്റെ മുടിയുടെ സ്റ്റൈൽ ഒരു കോമാളിയെ അനുസ്മരിപ്പിക്കുമാറായിരുന്നു. ഇതുകണ്ട് സുഹൃത്തുകൾ കളിയാക്കി: 'ഗാന്ധി, എന്തുപറ്റി നിങ്ങളുടെ മുടിക്ക്? ഇന്നലെ രാത്രി എലി കരണ്ടതാണോ?'

'ഹേയ് ഇല്ല. വെള്ളക്കാരനായ ക്ഷുരകൻ ഒരു കറുത്തവന്റെ മുടി തൊടാൻ വിസമ്മതിച്ചു. അതിനാൽ സ്വയം ചെയ്യേണ്ടണ്ടിവന്നു. മോശമായാലും സാരമില്ലെന്നു കരുതി.' ഗാന്ധി വളരെ ഗൗരവത്തോടെ പറഞ്ഞു.

28 ാം വയസ്സിൽ മുടി വെട്ടാനുള്ള ഗാന്ധിയുടെ ആദ്യ ശ്രമമായിരുന്നു അത്. പിന്നീട് അദ്ദേഹം ഇതു പതിവാക്കി.

> **ഒരു കണ്ണാടിക്കു മുന്നിലിരുന്ന് സ്വയം തലമുടി വെട്ടി. തനിയെ ക്ഷൗരം ചെയ്യാൻ കഴിഞ്ഞെങ്കിലും മുടിവെട്ടുക എന്നത് ശ്രമകരമായിരുന്നു. മാത്രമല്ല ഇത് ഒരു ബാരിസ്റ്ററുടെ ജോലിയുമല്ലല്ലോ. എന്നാലും ഒരുവിധം അദ്ദേഹം ഈ ജോലിചെയ്തുവെങ്കിലും തലയുടെ പുറകുവശം ആകെ വൃത്തികേടായി.**

അദ്ദേഹത്തിന്റെ ആശ്രമത്തിൽ പുറത്തുനിന്നുമുള്ള ക്ഷുരകൻമാരെ വിലക്കിയിരുന്നു. ആശ്രമവാസികൾ പരസ്പരം മുടിവെട്ടികൊടുത്തു. ഗാന്ധി ആശ്രമത്തിലെ വിദ്യാർത്ഥികളോട് ലളിതജീവിതം നയിക്കാനാവശ്യപ്പെട്ടിരുന്നു. യാതൊരുവിധ ഫാഷനോ, പരിഷ്കൃത വസ്ത്രങ്ങളോ, രുചിയേറിയ ഭക്ഷണമോ ആശ്രമത്തിൽ അനുവദിച്ചിരുന്നില്ല. ഒരു ഞായറാഴ്ച, രാവിലെ കുളിക്കാൻ പോയ ആൺകുട്ടികളെ ഓരോരുത്തരെയായി പിടിച്ചിരുത്തി മുടിവെട്ടിക്കൊടുത്തു.

തലയോട്ടിവരെ കാണുമാറ് പറ്റ വെട്ടിയതിൽ അവർ അസന്തുഷ്ടരായി. മറ്റൊരിക്കൽ അദ്ദേഹം ആശ്രമത്തിലെ രണ്ട് പെൺകുട്ടികളുടെ നീണ്ടമുടി വെട്ടിക്കളഞ്ഞു.

ദക്ഷിണാഫ്രിക്കയിലെ ജയിലിൽ തലചീകാൻ ചീപ്പ് കൊടുത്തിരുന്നില്ല. ജയിൽവാസികളെ മുടിവെട്ടാനോ മീശ ഷേവ് ചെയ്യാനോ രണ്ടോ മൂന്നോ മാസം കൂടുമ്പോഴാണ് കൊണ്ടുപോകാറുള്ളത്. എന്നാൽ ഗാന്ധിയേയും അദ്ദേഹത്തിന്റെ അനുയായികളെയും ഇതിൽ നിന്നും ഒഴിവാക്കിയിരുന്നു. പക്ഷേ ഗാന്ധി ജയിലിലെ ചിട്ടകൾ അനുസരിക്കുവാനായിരുന്നു താത്പര്യപ്പെട്ടിരുന്നത്. അതിനാൽ അദ്ദേഹം ജയിലിലെ ചീഫ് വാർഡനോട് ഷേവുചെയ്യുവാനായി ക്ഷൗരക്കത്തിയും കത്രികയും മറ്റും വേണമെന്ന് കത്തിലൂടെ ആവശ്യപ്പെട്ടു. അവർ അദ്ദേഹത്തിനതു നൽകി. ഗാന്ധിയും അദ്ദേഹത്തോടൊപ്പമുള്ള രണ്ട് ജയിൽപുള്ളികളും എല്ലാ ദിവസവും രണ്ടു മണിക്കൂർ ക്ഷുരകപണിക്കായി ചെലവഴിച്ചു.

ആഗാഖാൻ കൊട്ടാരത്തിൽ തടവിൽ കഴിയവേ അദ്ദേഹത്തോടൊപ്പം ആശ്രമത്തിലെ അന്തേവാസിയായ ഒരു സ്ത്രീയും ഉണ്ടായിരുന്നു. തലയിലെ താരൻ അവരെ വല്ലാതെ അലട്ടിയിരുന്നു. 'ബാപ്പൂ, ഞാനെന്റെ മുടി വെട്ടിക്കളഞ്ഞ് തലയിൽ താരനുള്ള മരുന്ന് വാങ്ങി പുരട്ടട്ടെ?' അവർ ഗാന്ധിയോടു ചോദിച്ചു. പെട്ടെന്നു തന്നെ ഗാന്ധി പറഞ്ഞു: 'ശരി. ഇപ്പോൾ തന്നെ ശരിയാക്കാം. ഒരു കത്രിക കൊണ്ടുവരൂ.' 75 വയസ്സുണ്ടായിരുന്ന ആ ക്ഷുരകൻ ഉടൻതന്നെ ആ കത്രികയുപയോഗിച്ച് ആ സ്ത്രീയുടെ മുടി മുറിച്ചു.

സ്വദേശി പ്രസ്ഥാനവേളയിൽ ഗാന്ധി വിദേശനിർമിതമായ ക്ഷൗരക്കത്തി ഉപേക്ഷിക്കുകയും സ്വദേശ നിർമിതമായവ ഉപയോഗിക്കുകയും ചെയ്തു. കണ്ണാടി, സോപ്പ്, ബ്രഷ് ഇവ ഉപയോഗിക്കാതെ ക്ഷൗരം ചെയ്യാൻ പഠിച്ചു. ക്ഷൗര ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട ഒരു മാറ്റമായി ഇതിനെ അദ്ദേഹം കണ്ടു. ഇതിന്റെ സർട്ടിഫിക്കറ്റ് മുന്നിലാൽ എന്ന ക്ഷുരകനാണ് അദ്ദേഹം നൽകിയത്. 'മുന്നിലാലാണ് ഈ രീതി അർപ്പണബോധത്തോടെ എനിക്കു കാട്ടി തന്നത്. സോപ്പുപയോഗിക്കാതെ സ്വദേശ നിർമിതമായ ക്ഷൗരക്കത്തി ഉപയോഗിച്ചാണ് അദ്ദേഹം ഷേവ് ചെയ്യുന്നത്.' എന്നാൽ ഗാന്ധിയുടെ ഈ പുതിയ ആശയത്തോട് ചില അനുയായികൾക്ക് യോജിക്കാൻ കഴിഞ്ഞില്ല. കാരണം പലർക്കും ഈ രീതിയിലുള്ള

ക്ഷൗരം ചെയ്യൽ അണുബാധയ്ക്കു കാരണമായി.

ഗ്രാമങ്ങളിലെ ക്ഷുരകൻ സർജൻമാരെ അനുകരിച്ച് മുള്ള് എടുത്തുകൊടുക്കുന്നത് അദ്ദേഹം കണ്ടിട്ടുണ്ട്. പക്ഷേ അവർ ഇത് ചെയ്തിരുന്നത് അഴുക്കു പുരണ്ട തുണിയും വൃത്തിഹീനമായ ഉപകരണങ്ങളും ഉപയോഗിച്ചായിരുന്നു. സേവാഗ്രാമിലെ ഹരിജനായ ഒരു അറ്റൻഡന്റ് ഒരിക്കൽ താൻ വാർധയിലേക്കു പോവുകയാണെന്നു പറയുകയുണ്ടായി. എന്തിനാണ് എന്ന് ചോദിച്ചപ്പോൾ ഷേവ് ചെയ്യാനാണ് എന്നായിരുന്നു മറുപടി.

'നിനക്കിത് ഈ ഗ്രാമത്തിൽ തന്നെ ചെയ്തുകൂടേ?' എന്ന് ഗാന്ധി ചോദിച്ചു.

'സവർണനായ ക്ഷുരകൻ എനിക്ക് ഷേവ് ചെയ്തുതരില്ല. ഹരിജനായ ക്ഷുരകൻ ഇവിടില്ല താനും.' അയാൾ മറുപടി പറഞ്ഞു.


'അങ്ങനെയാണെങ്കിൽ ആ ക്ഷുരകനെ കൊണ്ട് ഞാനെങ്ങനെ ഇനി ഷേവു ചെയ്യിക്കും?' ഗാന്ധി ചോദിച്ചു. ആ ക്ഷുരകന്റെ സേവനം അതോടെ ഗാന്ധി നിർത്തലാക്കി. ഗ്രാമംതോറുമുള്ള യാത്രയ്ക്കിടയിൽ ചിലപ്പോൾ അദ്ദേഹത്തിന് ക്ഷൗരം ചെയ്യാനുള്ള സമയം കിട്ടാറില്ലായിരുന്നു. അത്തരം സന്ദർഭങ്ങളിൽ മാത്രമേ അദ്ദേഹം ഏതെങ്കിലും ക്ഷുരകന്റെ സഹായം തേടിയിരുന്നുള്ളൂ.

ഒരിക്കൽ ഒറീസ്സയിൽ വച്ച്, ഗാന്ധി ഒരു ക്ഷുരകനെ കാത്തിരിക്കുകയായിരുന്നു. അപ്പോഴാണ് ഷേവ് ചെയ്യാനുള്ള സാമഗ്രികളുമായി ഒരു സ്ത്രീ വരുന്നത് ഗാന്ധി കണ്ടത്. വലിയൊരു കമ്മൽ, മൂക്കുത്തി, നെക്ലേസ്, പാദസ്വരം, വളകൾ ഇവയെല്ലാം അവർ ധരിച്ചിരുന്നു. ഗാന്ധി ചോദിച്ചു. 'നീ എന്തിനാണ് ഇത്രയും ആഭരണം ധരിക്കുന്നത്? ഇവ നിന്നെ സുന്ദരിയാക്കുന്നുമില്ല.' അപ്പോൾ നിറകണ്ണുകളോടെ അവൾ പറഞ്ഞു. 'അങ്ങേക്കറിയാമോ, ഈ പ്രത്യേക അവസരത്തിനായി ഞാൻ കടം വാങ്ങിയതാണിവ. അങ്ങയെ പോലുള്ള വലിയൊരു മനുഷ്യന്റെ അടുത്തു വരുമ്പോൾ നല്ല ആഭരണമൊന്നുമില്ലാതെ എങ്ങനെ വരും എന്നു ഞാൻ കരുതി.' ഗാന്ധിയുടെ തലയും താടിയും ഷേവ് ചെയ്തശേഷം അദ്ദേഹം നൽകിയ കാശ് അവർ വാങ്ങി. എന്നിട്ട് ആ കാശ് അദ്ദേഹത്തിന്റെ കാൽക്കൽ തന്നെ വച്ച് വന്ദിച്ചശേഷം അവർ അവിടെ നിന്നും മടങ്ങി.

*(ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച ബഹുരൂപി ഗാന്ധി എന്ന പുസ്തകത്തിൽ നിന്ന്)*


**'അങ്ങേക്കറിയാമോ, ഈ പ്രത്യേക അവസരത്തിനായി ഞാൻ കടം വാങ്ങിയതാണിവ. അങ്ങയെപോലുള്ള വലിയൊരു മനുഷ്യന്റെ അടുത്തു വരുമ്പോൾ നല്ല ആഭരണമൊന്നുമില്ലാതെ എങ്ങനെ വരും എന്നു ഞാൻ കരുതി.' ഗാന്ധിയുടെ തലയും താടിയും ഷേവ് ചെയ്തശേഷം അദ്ദേഹം നൽകിയ കാശ് അവർ വാങ്ങി. എന്നിട്ട് ആ കാശ് അദ്ദേഹത്തിന്റെ കാൽക്കൽ തന്നെ വച്ച് വന്ദിച്ചശേഷം അവർ അവിടെ നിന്നും മടങ്ങി.**





**"മനുഷ്യസമൂഹം പുരോഗമിക്കുകയാണെങ്കിൽ ഗാന്ധി ഒഴിവാക്കാൻ പറ്റാത്ത ഒരു വ്യക്തിത്വമാണ്. സാധനവും ആഹ്ലാദവും നിറഞ്ഞ ഒരു ലോകത്തിലേക്കു മനുഷ്യസമൂഹം കുതിക്കുന്ന കാഴ്ചപ്പാടിൽ പ്രചോദിതനായാണ് അദ്ദേഹം ജീവിച്ചതും ചിന്തിച്ചതും പ്രവർത്തിച്ചതും. നമുക്ക് അദ്ദേഹത്തെ അവഗണിക്കാം. പക്ഷേ അത് നമ്മളുടെ ഉത്തരവാദിത്തത്തിൽ മാത്രം."**

**– മാർട്ടിൻ ലൂഥർ കിംഗ്**



ഫിന്നിഷ് നാടോടിക്കഥ

# കൂട്ടെന്നാൽ സ്നേഹക്കൂട്

**എം വി മോഹനൻ**

പ്രിയപ്പെട്ട നിമ്മു,

ഈയിടെയായി നീയെന്നെ വിളിക്കുന്നില്ല, ഞാൻ ഫോൺ ചെയ്താൽ എടുക്കുന്നുമില്ല. എന്താ നിനക്കെന്നോട് പിണക്കമാണോ? ബാംഗ്ലൂരിൽ വന്ന് നാലഞ്ചു ദിവസമെങ്കിലും നിന്റെ കൂടെ കളിച്ചു തകർക്കണം എന്നു തന്നെയായിരുന്നു സ്കൂൾ പൂട്ടുന്നതിനു മുമ്പു വരെ എന്റെ തീരുമാനം. മമ്മയും പപ്പയും അതിന് സമ്മതിച്ചതുമാണ്.

നന്ദിഹിൽസിലെ പാറപ്പുറത്തിരുന്ന് കാൽക്കീഴിൽ മേഞ്ഞുനടക്കുന്ന മേഘക്കുഞ്ഞുങ്ങൾക്കിടയിലൂടെ ഉദിച്ചുയരുന്ന തീത്തളികയും കണ്ണെത്താദൂരത്ത് പടിഞ്ഞാറൻ മാനത്തു നിന്നും അന്തിച്ചോപ്പിലേക്കാണ്ടുപോകുന്ന അസ്തമയസൂര്യനും നാമൊന്നിച്ച് കാണുന്നത് എത്ര തവണ എന്റെ സ്വപ്നമായിട്ടുണ്ടെന്നോ! നമ്മൾ ഉറപ്പിച്ച പ്രകാരമുള്ള എന്റെ ബാംഗ്ലൂർ യാത്ര എന്തുകൊണ്ട് തൽക്കാലം മാറ്റേണ്ടി വന്നു എന്ന് മനസ്സിലായാൽ നിന്റെ കെറുവെല്ലാം പമ്പകടക്കും എന്ന് എനിക്കുറപ്പുണ്ട്. നിന്നോട് മുമ്പ് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ എന്റെ ക്ലാസ്സിലെ കൂട്ടുകാരി സഫിയയെക്കുറിച്ച്. നന്നായി പാടും മാത്രമോ? ഇപ്പോൾ അവളാണ് ക്ലാസ്സിലെ പഠിപ്പിസ്റ്റ്. പാവം അവളും ഉമ്മയും അടുത്തുള്ള അഭയം



വര : സചീന്ദ്രൻ കാറഡുക്ക

എന്ന അഗതി മന്ദിരത്തിലാണ് താമസിച്ചിരുന്നത്. അവളുടെ ഉപ്പ ഒരു കാരണവുമില്ലാതെ ഉമ്മയെ മുത്തലാക്ക് ചൊല്ലി. വീണ്ടും സ്ത്രീധനം വാങ്ങി വേറൊരു സ്ത്രീയെ നിക്കാഹും കഴിച്ചു. ഉപ്പാപ്പയുടെ വീട്ടിൽ തിരിച്ചെത്തിയ ഉമ്മയ്ക്കും അവൾക്കും നല്ല സ്വീകരണമല്ല കിട്ടിയത്. അവിടെയാണെങ്കിൽ എന്നും പട്ടിണിയും പരിവട്ടവും. ഇതിനിടെ അയൽപക്കത്തുള്ള ഒരാൾ ഉമ്മയെ വീണ്ടും

മലയാളം മിഷൻ



എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

നിക്കാഹ് ചെയ്യണമെന്നും പറഞ്ഞ് പറ്റിച്ചു. പ്രശ്നങ്ങളിൽ നിന്നും പ്രശ്നങ്ങളിലേക്ക് വീണുകൊണ്ടിരുന്ന ഉമ്മയുടെ സമനില പാടെ തെറ്റി.

ഒരുരാത്രി ഉമ്മ സഫിയേയും കൂട്ടി റോഡിലിറങ്ങി. നമ്മുടെ തെരുവുകൾ അനാഥർക്ക് ഒരുക്കുന്നത് നരകമല്ലാതെ മറ്റൊന്നുമല്ലല്ലോ. ഓരോ തെരുവും ഓരോ ദിവസവും അവർക്ക് നൽകിയത് ശരീരത്തിനും മനസ്സിനും പരിക്കേൽപ്പിക്കുന്ന അനുഭവങ്ങളായിരുന്നു. ഒരു രാത്രി പോലീസുകാർ അവരെ അഭയത്തിലെത്തിച്ചു. അവിടെനിന്നാണ് സഫിയ ഞങ്ങളുടെ സ്കൂളിലെത്തിയത്.

ഈ വർഷമാണ് അവളെന്റെ ക്ലാസ്സിലായത്. ഇപ്പോൾ അവളെന്റെ ബെസ്റ്റ് ഫ്രണ്ടാണ്, നിന്നെപ്പോലെ. അവളോടും ഞാൻ നിന്നെകുറിച്ച് പറഞ്ഞിട്ടുണ്ട്. ഒരിക്കൽ അവൾ പറയുകയാണ് അവളുടെ പേരും നിന്റെ പേരും ഒന്നാണെന്ന്. അതെങ്ങനെ? ഞാൻ അത്ഭുതപ്പെട്ടു ചോദിച്ചു. അപ്പോൾ അവൾ പറയുകയാണ് സഫിയ എന്ന വാക്കിന് അറബിയിൽ നിർമ്മല എന്നാണ് അർഥമെന്ന്. ഏതാനും മാസങ്ങൾക്കു മുമ്പ് കാവൽ എന്ന സംഘടനയിലെ ഒരു പ്രവർത്തകൻ സ്കൂളിൽ വന്ന് ഞങ്ങൾക്ക് ക്ലാസ്സെടുത്തു. അയാളാണ് അവധിക്കാല പോറ്റി വളർത്തൽ എന്ന സംഗതിയെപ്പറ്റി പറഞ്ഞത്. ബാലസംരക്ഷണ സ്ഥാപനങ്ങളിലും മറ്റും നിന്നു പഠിക്കുന്ന കുട്ടികൾക്കായി ഒരുക്കിയിരിക്കുന്ന പദ്ധതിയാണിത്. അവധിക്കാലങ്ങളിൽ സ്വന്തം വീട്ടിലേക്കുപോകാൻ കഴിയാത്ത കുട്ടികളെ മറ്റു കുടുംബങ്ങളിൽ പോറ്റിവളർത്തുന്നതിനായി ഇതിലൂടെ അവസരം ഒരുക്കുന്നു. കുടുംബത്തിന്റെ കരുതലും കരുണയും നഷ്ടപ്പെട്ട കുട്ടികളെ സ്നേഹവും വാത്സല്യവും തുളുമ്പുന്ന കുടുംബാന്തരീക്ഷത്തിൽ വളരാൻ സാഹചര്യമൊരുക്കുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. കേരള സർക്കാരിന്റെ സാമൂഹ്യ നീതി വകുപ്പാണ് ഇത് ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്.

സഫിയ പോറ്റി വളർത്തൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടിയാണെന്നറിഞ്ഞപ്പോൾ ഞാൻ തുള്ളിച്ചാടി. മമ്മയോടും പപ്പയോടും മോഹം പറഞ്ഞു. അവർ സമ്മതിച്ചു. മാത്രമല്ല എന്നെ വാരിപ്പുണർന്ന് ഉമ്മവച്ച് അഭിനന്ദിക്കുകയും ചെയ്തു. കാര്യം അറിഞ്ഞപ്പോൾ സഫിയയ്ക്കും സന്തോഷമായി. ഇപ്പോൾ സഫിയ ഞങ്ങളുടെ വീട്ടിലുണ്ട്.


ഞങ്ങളിവിടെ തിമിർക്കുകയാണ്. ഇടയ്ക്കിടെ ഞങ്ങൾ സഫിയയോടൊപ്പം അഭയത്തിൽ പോയി അവളുടെ ഉമ്മയെ കാണാറുണ്ട്. ഉമ്മയുടെ മുഖത്ത് ഇപ്പോൾ മിന്നിത്തെളിയുന്നത് ആശ്വാസവും സന്തോഷവുമാണ്.

സഫിയ പറഞ്ഞത് ഉമ്മയും നല്ല പാട്ടുകാരിയും ബുദ്ധിമതിയുമാണെന്നാണ്. പപ്പ പറഞ്ഞു ഉപ്പയ്ക്കെതിരെ പണ്ടങ്ങളും സ്ത്രീധനത്തുകയും ചെലവിനുള്ള കാശും കിട്ടാൻ കേസുകൊടുക്കണം എന്ന്. ഉമ്മയുടെ രോഗം മാറ്റി പറ്റിയ ഒരു തൊഴിൽ കണ്ടെത്തണമെന്നും പറഞ്ഞു. ഉമ്മയ്ക്ക് വേണമെങ്കിൽ ഇനിയും പഠിക്കുകയും ആകാമത്രേ. കേരളസർക്കാറിന്റെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് സ്വന്തമായി വീടും കിട്ടുമത്രേ. ഇതിനൊക്കെ പപ്പ മുന്നിട്ടിറങ്ങാമെന്നും സമ്മതിച്ചിട്ടുണ്ട്. സ്കൂൾ തുറന്നിട്ടുവേണം സഫിയയ്ക്കു വേണ്ടി എന്തെങ്കിലും ചെയ്യാൻ ഞങ്ങൾ കുട്ടികൾക്കും പറ്റുമോ എന്ന് ഒരു കൈ നോക്കാൻ.

വേനലവധി തീരാറായി. നിനക്കും അച്ഛനും അമ്മയ്ക്കും സന്തോഷവും സമ്മതവും ആണെങ്കിൽ ഞാനും സഫിയയും പപ്പയേയും മമ്മിയേയും കൂട്ടി ബാംഗ്ലൂരിലേക്കുവരാം. ഒന്നുരണ്ടു ദിവസത്തെ പരിപാടി. വിവരം ഉടനെ അറിയിക്കണം.

നിനക്കും അച്ഛനും അമ്മയ്ക്കും സുഖം തന്നെയല്ലേ? നമ്മുടെ പൂച്ചക്കുട്ടി എന്തുപറയുന്നു?

ഒരുപാടു സ്നേഹത്തോടെ,
സ്വന്തം
മേഴ്സിക്കുട്ടി



# എന്റെ മലയാള നാട്

മിനി ജോയിതോമസ്

മാതൃഭാഷയെ മാറോടു ചേർത്തു ഞാൻ
നാടുപേക്ഷിച്ചു പോന്നോരു വേളയിൽ
എന്തിനെന്നറിയാതെൻ മനതാരിൽ
സങ്കടത്തിൻ പെരുമഴ പെയ്തുവോ?

കാലചക്രത്തിൻ തേരുരുണ്ടീടവേ
ഞാനുമീ നാടിൻ അംശമായ് തീർന്നിതാ
എങ്കിലുമെന്റെ നാടിന്റെയോർമ്മകൾ
എൻ ഹൃദയത്തിൻ സ്പന്ദങ്ങളാണവ.


ചന്ദനഗന്ധം വീശുന്ന മാരുതൻ
ചെന്തെങ്ങിൻ തോപ്പിൽ കൊണ്ടുപോയെന്നെയും
പച്ചപ്പട്ടുടുക്കുന്നോരു പാടവും
സ്വച്ഛമാം ജലധാരയും കണ്ടു ഞാൻ...


ചിത്ര വർണ്ണങ്ങൾ ചാലിച്ചെഴുതിയ
എത്ര കാവ്യ നികുഞ്ജങ്ങൾ വാണതാം
കൈരളീ നിൻ ഉദരത്തിലീ ഞാനും
പൈതലായിപ്പിറന്നതെൻ പുണ്യമാം...

സുന്ദരമെൻ മലയാളഭാഷയെ
സ്വന്തസിംഹാസനത്തിലിരുത്തുവാൻ
നെഞ്ചിലെ സ്നേഹധാര പകർന്നുനാം
പൊൻകെടാവിളക്കൊന്നു കൊളുത്തുക.

വര : ബാബുരാജൻ







# വാക്കുകൾ

രമണി വേണുഗോപാൽ

ഒറ്റയ്ക്കിരിക്കാൻ വിടാതെ വന്നെത്തുന്ന
ഉറ്റ ബന്ധുക്കൾ പ്രിയതരം വാക്കുകൾ
അറ്റം തൊടാനാഞ്ഞുഴറും വഴികളിൽ
മുറ്റുള്ള നേരായ് തെളിയുന്ന വാക്കുകൾ

പുല്ലിലും പൂവിലും പാറ്റച്ചിറകിലും
പൊന്നുമ്മ കൊണ്ടു നിറയ്ക്കുന്ന വിസ്മയം
പൂമാനമേയെന്നു ചായുന്ന കൗതുകം
പൂത്തുപൂത്തെങ്ങും പടരുന്നു വാക്കുകൾ

കാടിന്റെ പച്ചയുടുപ്പിൻ ഞൊറികളിൽ
ആടിത്തുടിച്ചു നീരാടുന്നു വാക്കുകൾ
ചോലയിൽ മുങ്ങിനിവരുന്നു വാക്കുകൾ
താലത്തിൽ മുത്തും പവിഴവുമാവുന്നു
വെൺമയുടെ വെട്ടം നുകരുന്നു വാക്കുകൾ
വെയിലേറ്റുപൊള്ളുന്ന സത്യമായ് വാക്കുകൾ

സന്ധ്യയൊഴുകുന്ന നിണത്തിൽ മുഴുകവേ
എന്തൊരു സങ്കടം ആകാശഗദ്ഗദം
ഏകരനേകം തപിക്കും തെരുവിലെ
ഏകാന്തമൗനം മുഴങ്ങുന്നു വാക്കുകൾ

രാത്രിയുടെ തോളിൽ മയങ്ങുന്നു വാക്കുകൾ
യാത്രികനു കൂട്ടായി മൂളുന്നു വാക്കുകൾ.



വര : ഗോപു പട്ടിത്തറ



# എന്നാലല്ലോ പൊന്നോണം

ജനാർദ്ദനൻ പള്ളിക്കുന്ന്

എല്ലാ പൂവും വിരിയേണം
എല്ലാ കിളിയും പാടേണം
എങ്ങും പൊന്നൊളി പടരേണം
അന്നാളല്ലോ പൊന്നോണം!

കരളുകൾ തമ്മിൽ പുണരേണം
വയറുകളെല്ലാം നിറയേണം
വയലുകൾ കതിരിട്ടുലയേണം
അന്നാണല്ലോ പൊന്നോണം!

കളവും ചതിയും അകലേണം
നേരും നെറിയും പുലരേണം
അകവും പുറവും തെളിയേണം
എന്നാലല്ലോ പൊന്നോണം!

നന്മകൾ ചെയ്യാൻ കഴിയേണം
നല്ലത് കാണാൻ മിഴി വേണം
അന്യോന്യം നാം തുണ വേണം
എന്നാലോണം നല്ലോണം!

എങ്ങും ശാന്തിവിളങ്ങേണം
എന്നൊരു ചിന്തയുമുണരേണം
എന്നാലല്ലോ തിരുവോണം
എന്നും പിന്നെത്തിരുവോണം!

വര: ആശ ആർ

# ലാലന്റെ അമ്മ

സമയം ഉച്ചയാകാറായി, പഴയ ഡൽഹി റെയിൽവേസ്റ്റേഷൻ. ഏതോ ദൂരഗ്രാമത്തിൽ നിന്ന് ഇരച്ചു നീങ്ങിവന്ന തീവണ്ടിയിൽ നിന്നു കൈയിൽ ഒരു ഭാണ്ഡവുമായി വൃദ്ധയായ ഒരു നാട്ടിൻ പുറത്തുകാരി പുറത്തിറങ്ങി. വിലകുറഞ്ഞ ഒരു പരുക്കൻ പരുത്തിസാരി തലമറച്ച് ഉടുത്തിട്ടുണ്ട്. വടക്കേയിന്ത്യയിലെ വിധവാവേഷം. വൃദ്ധ നാലുപാടും നോക്കി. എങ്ങോട്ടുപോകണമെന്ന് അറിയാതെ കുറച്ചുനേരം നിന്ന് ആലോചിച്ചു. എന്നിട്ട് അവിടെ നിന്ന റെയിൽവേ ചുമട്ടുതൊഴിലാളികളുടെ അടുക്കൽ എത്തി, വാൽസല്യത്തോടെ ചോദിച്ചു. ''മക്കളേ, എന്റെ മോൻ ലാലൻ എവിടെയാ താമസിക്കുന്നത്?'' തൊഴിലാളികൾ ചിരിച്ചു. ''ഏതു ലാലനാണു മാതാജി. ഈ ജില്ലയിൽ പതിനായിരം ലാലൻമാരുണ്ട്.'' വൃദ്ധയ്ക്കു കൂസലൊന്നുമില്ല. അവർ പറഞ്ഞു. ''എന്റെ അയൽവക്കത്തുകാർ പറഞ്ഞല്ലോ, ദില്ലി തീവണ്ടിസ്റ്റേഷനിൽ ഇറങ്ങി ചോദിച്ചാൽ മതിയാകുമെന്ന്.'' തൊഴിലാളികൾ പൊട്ടിച്ചിരിച്ചു. ''ആരെടാ ഈ ലാലൻ അവനത്ര വലിയ ആളാണോ, എന്താ അവന്റെ പേര്, ജോലി, എവിടെ താമസിക്കുന്നു? ചുമ്മാ ഇങ്ങനെ പറഞ്ഞാൽ ഞങ്ങൾ എങ്ങനെ വഴി പറഞ്ഞുതരും.'' വൃദ്ധ പറഞ്ഞു. ''മക്കളെ അവന്റെ പേര് ലാലാ ബഹദൂർ എന്നാണ്. ഏതോ ഒരു സർക്കാർ കെട്ടിടത്തിലാണ് താമസിക്കുന്നത്.'' വീണ്ടും ചിരി മുഴങ്ങി. ''സർക്കാർ കെട്ടിടത്തിലെ സെക്യൂരിറ്റിയോ, അടുക്കളപ്പണിക്കാരനോ ആയിരിക്കും. മാതാജി, ഇങ്ങനെയൊന്നും പറഞ്ഞാൽ കണ്ടുപിടിക്കാൻ പറ്റില്ല.'' വൃദ്ധ ശാഠ്യം പിടിച്ചു. ''അവനെ കണ്ടുപിടിക്കാൻ വിഷമമൊ




വര: സുധീർ പി വൈ

> **ഇതെല്ലാം ശ്രദ്ധിച്ചു രസിച്ചുനിന്ന ഒരു റെയിൽവെ പോലീസുകാരനെ ചൂണ്ടിക്കാട്ടി തൊഴിലാളികൾ പറഞ്ഞു. “മാതാജി, എങ്കിലാ പോലീസുകാരന് അറിയാമായിരിക്കും.”**
>
> **എല്ലാവരും ചിരിക്കുകയാണ്. “ആരാ അമ്മേ നിങ്ങളുടെ മകൻ?” പോലീസുകാരന്റെ ഊഴമായി ചോദ്യം. വൃദ്ധ സാരിത്തുമ്പിൽ കെട്ടിയിരുന്ന ഒരു കടലാസെടുത്ത് പോലീസുകാരനെ കാണിച്ചു. അതു വായിച്ച പോലീസുകാരൻ ഒരു ഞെട്ടലോടെ വൃദ്ധയെ തുറിച്ചുനോക്കി. പിന്നെ നിവർന്നു നിന്ന് ഒരു സല്യൂട്ട് അടിച്ചു. എന്നിട്ട് ഓടിപ്പോയി.**

ന്നുമില്ലാ, ഡൽഹിയിൽ വന്നു ചോദിച്ചാൽ മതിയെന്നാണല്ലോ ഗ്രാമമുഖ്യൻ പറഞ്ഞത്.''

''ലാൽ ബഹദൂർ എന്നാണവന്റെ പേര്.'' അവരിൽ ഒരുവൻ ഉറക്കെ ചിരിച്ചു. ''ദില്ലിയിലെ എല്ലാവരും അറിയുന്ന ഒരു ലാൽ ബഹദൂറെ ഉള്ളൂ. അത് പക്ഷേ പ്രധാനമന്ത്രിയാണ്. ഈ കിളവിയുടെ മോൻ പ്രധാനമന്ത്രിയായിരിക്കും.'' വീണ്ടും കൂട്ടച്ചിരി.

വൃദ്ധ അക്ഷോഭ്യയായി പറഞ്ഞു. ''അതെ മക്കളെ അവനേതാണ്ട് മന്ത്രിയോ മറ്റോ ആണെന്നാണ് പറഞ്ഞത്.'' ഇതെല്ലാം ശ്രദ്ധിച്ചു രസിച്ചുനിന്ന ഒരു റെയിൽവെ പോലീസുകാരനെ ചൂണ്ടിക്കാട്ടി തൊഴിലാളികൾ പറഞ്ഞു. ''മാതാജി, എങ്കിലാ പോലീസുകാരന് അറിയാമായിരിക്കും.''

എല്ലാവരും ചിരിക്കുകയാണ്.


''ആരാ അമ്മേ നിങ്ങളുടെ മകൻ?''

പോലീസുകാരന്റെ ഊഴമായി ചോദ്യം. വൃദ്ധ സാരിത്തുമ്പിൽ കെട്ടിയിരുന്ന ഒരു കടലാസെടുത്ത് പോലീസുകാരനെ കാണിച്ചു. അതു വായിച്ച പോലീസുകാരൻ ഒരു ഞെട്ടലോടെ വൃദ്ധയെ തുറിച്ചുനോക്കി. എന്നിട്ടു നിവർന്നു നിന്ന് ഒരു സല്യൂട്ട് അടിച്ചു. എന്നിട്ട് ഓടിപ്പോയി.

പത്തുമിനിട്ടു കഴിഞ്ഞപ്പോഴേക്കു സൈറൺ മുഴക്കിക്കൊണ്ടെത്തിയ പൈലറ്റ് ജീപ്പിനു പിന്നിൽ ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഔദ്യോഗിക വാഹനം കൊടിപറത്തിക്കൊണ്ടു സ്റ്റേഷനുമുന്നിൽ വന്നുനിന്നു. കാറിൽ നിന്നു പെട്ടെന്നിറങ്ങി ഇന്ത്യയുടെ പ്രധാനമന്ത്രി സാക്ഷാൽ ലാൽ ബഹദൂർ ശാസ്ത്രി തിടുക്കത്തിൽ സ്റ്റേഷനുള്ളിലേക്ക് ഓടിക്കയറി. അവിടെ വെറും തറയിൽ അരികിലൊരു ഭാണ്ഡക്കെട്ടുമായി ഇരിക്കുന്ന വൃദ്ധ. ചുറ്റിലും ഒരു പറ്റം തൊഴിലാളികളും പോലീസുകാരും അമ്പരന്ന മുഖത്തോടെ നിൽക്കുന്നു. ഓടിച്ചെന്ന് ആ വൃദ്ധയുടെ പാദം തൊട്ടു നമസ്കരിച്ച് ഇന്ത്യൻ പ്രധാനമന്ത്രി കണ്ണുനീരോടെ ചോദിച്ചു. ''അമ്മേ, ഒന്നറിയിച്ചിട്ടു വരാത്തതെന്ത്? ഞാനറിഞ്ഞില്ലല്ലോ.'' മകനെ വാരിപ്പുണർന്നുകൊണ്ട് അമ്മ പറഞ്ഞു. ''അതിനെന്താ കുഞ്ഞേ, ഈ കുട്ടികൾ എന്നെ സഹായിച്ചല്ലോ. നിന്നെ കണ്ടല്ലോ.''

മകന്റെ തോളിൽ കൈ ചുറ്റി ചേർത്തു പിടിച്ചുകൊണ്ട് അമ്മ ചുറ്റും കൂടി നിന്നവരോടു പറഞ്ഞു. ''മക്കളെ, ഞാൻ പറഞ്ഞില്ലെ? ഇതാണ് എന്റെ മോൻ ലാലൻ.''

*(ഒരു പഴയ പത്രവാർത്തയിൽ നിന്ന്.)*



**"രക്തമാംസങ്ങളുമായി ഇങ്ങനെയൊരു മനുഷ്യൻ ഭൂമിയിൽ ജീവിച്ചിരുന്നു എന്നു വരുംതലമുറ വിശ്വസിച്ചുവെന്നു വരില്ല."**

**– ആൽബർട്ട് ഐൻസ്റ്റൈൻ**

# സാധ്യമാണോ

പള്ളിയറ ശ്രീധരൻ

ഇതാ ഏതാനും ലഘുവായ ചോദ്യങ്ങൾ. സാധ്യമാണോ അല്ലയോ എന്നാണ് പ്രശ്നം. ഒരു വിശദീകരണത്തോടെ നിങ്ങളുടെ ഉത്തരമെഴുതുക.

### പ്രശ്നം 1

ഒരാൾക്ക് ഒരു വീടു വേണം. അതിന്റെ നാലു ഭാഗത്തും ഓരോ വാതിൽ വേണം. സാധാരണയായി ഓരോ വശത്തെ വാതിലിലൂടെ ഇറങ്ങിയാൽ തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ് എന്നീ ദിക്കിലായിരിക്കും എത്തുന്നത്.

പക്ഷെ ഏത് വാതിലിലൂടെ പുറത്തിറങ്ങിയാലും തെക്ക് ഭാഗത്ത് എത്തണം. ഇത്തരം വാതിലുകളുള്ള ഒരു വീട് നിർമ്മിക്കാൻ സാധ്യമാണോ?

### പ്രശ്നം 2

ഒരു ഹോസ്റ്റലിൽ 25 പേർ താമസിക്കുന്നു. ഒരാൾ പിറന്നാൾസമ്മാനമായി അവർക്ക് 100 ആപ്പിൾ നൽകി. ആപ്പിൾ വീതിച്ചെടുക്കാൻ അയാൾ ഒരു നിബന്ധന കൂടി വെച്ചു. 'ആരും ഇരട്ട എണ്ണം എടുക്കരുത്. മുറിച്ച് വീതിക്കാനും പാടില്ല.' അവർക്ക് ആപ്പിൾ വീതിച്ചെടുക്കാൻ സാധ്യമാണോ?

### പ്രശ്നം 3

ഒരാൾക്ക് 5 രൂപയ്ക്ക് ചില്ലറ വേണം. 50 പൈസ 20 പൈസ നാണയങ്ങളാണ് വേണ്ടത്. ആകെ 20 എണ്ണം വേണം. നിങ്ങൾക്ക് ചില്ലറ കൊടുക്കാൻ സാധ്യമാണോ?

### പ്രശ്നം 4

ഒരു ചെസ്സ് ബോർഡിൽ 64 കള്ളികളുണ്ടല്ലോ. എല്ലാം സമചതുരങ്ങൾ. സാധാരണയായി ഇടവിട്ട കള്ളികൾ നിറം പിടിപ്പിച്ചിരിക്കും. അതായത് കള്ളികൾ കറുപ്പ് വെളുപ്പുമായി ചേർന്നിരിക്കും.

ഒരേ സമയത്ത് 2 കള്ളികൾ മറയ്ക്കാവുന്ന (മൂടിവെക്കാവുന്ന) 31 കാർഡ്ബോർഡ് കഷണങ്ങൾ നിങ്ങൾക്ക് തന്നിരിക്കുന്നു. മൂലയ്ക്കുള്ള 2 കള്ളികൾ ഒഴികെ ബാക്കി 62 കള്ളികൾ 31 കാർഡ്ബോർഡ് കഷണങ്ങൾ ഉപയോഗിച്ച് എപ്പോഴും മറയ്ക്കാൻ സാധിക്കുമോ?

## ഉത്തരങ്ങൾ

### പ്രശ്നം 1

സാധിക്കും. വീടിന്റെ സ്ഥാനം ഉത്തരധ്രുവത്തിലായിരിക്കണം.

### പ്രശ്നം 2

സാധ്യമല്ല. ഒരു ഇരട്ടസംഖ്യയെ 25 ഒറ്റ സംഖ്യകളുടെ തുകയായി എഴുതാൻ സാധ്യമല്ല. 25 ഒറ്റ സംഖ്യകളുടെ തുക എല്ലായ്പ്പോഴും ഒറ്റ സംഖ്യയായിരിക്കും.

### പ്രശ്നം 3

സാധ്യമല്ല. 20 പൈസ 50 പൈസ 5 പൈസ നാണയങ്ങൾ പൂർണ്ണസംഖ്യകളായി 20 എണ്ണം എടുക്കാൻ സാധ്യമല്ല. X, Y, Z എന്ന് സങ്കല്പിച്ചാൽ X, Y, Z എന്നിവയ്ക്ക് പൂർണ്ണസംഖ്യ ലഭിക്കുന്ന നിർദ്ധാരണ മൂല്യങ്ങളില്ല.

### പ്രശ്നം 4

സാധ്യമല്ല. ബോർഡിന്റെ വികർണ്ണം നിർണ്ണയിക്കുന്ന മൂലകളിലെ കള്ളികൾ നീക്കം ചെയ്യുമ്പോൾ 31 ബോർഡുകൾ കൊണ്ട് 62 കള്ളികൾ മറയ്ക്കാൻ സാധ്യമല്ല. കാരണം ഒരേ നിറത്തിലുള്ള കള്ളികളാണ് നീക്കം ചെയ്യപ്പെടുക. തന്ന കാർഡ് ഉപയോഗിച്ച് 2 വ്യത്യസ്ത വർണ്ണങ്ങളുള്ള കള്ളികൾ മാത്രമേ മറയ്ക്കാൻ സാധിക്കുകയുള്ളൂ. അതായത് കറുത്ത കള്ളികളുടേയും വെളുത്ത കള്ളികളുടേയും എണ്ണം തുല്യമായിരിക്കണം. വികർണ്ണം നിർണ്ണയിക്കുന്ന മൂലകളിലെ ചതുരങ്ങൾ ഒരേ നിറമുള്ളവയായിരിക്കണം. അവ നീക്കം ചെയ്യുമ്പോൾ എണ്ണം വ്യത്യാസപ്പെട്ടിരിക്കും.

palliyarasreedharan@gmail.com





ദുരിതാശ്വാസക്യാമ്പിലേക്ക് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സംഭാവന ഡയറക്ടർ ശ്രീ പള്ളിയറ ശ്രീധരൻ ബാലാവകാശ കമ്മീഷൻ ചെയർമാൻ ശ്രീ സുരേഷിനെ ഏൽപ്പിക്കുന്നു.

# ഹാർട്ടറ്റാക്ക് വരാതെ തടയാം

ഡോ. ബി പത്മകുമാർ

ഹാർട്ടറ്റാക്ക് കൂട്ടുകാർക്കെല്ലാം സുപരിചിതമായ ഒരസുഖമായിരിക്കും. ഇന്ന് ലോകത്തേറ്റവുമധികം ആളുകൾ മരിക്കുന്നതും ഹാർട്ടറ്റാക്ക് അഥവാ ഹൃദയാഘാതം മൂലമാണ്. ഒരുകാലത്ത് പ്രായമുള്ളവർക്കു മാത്രമായിരുന്നു ഹാർട്ടറ്റാക്ക് ഉണ്ടാകുന്നത്. എന്നാലിപ്പോൾ ചെറുപ്പക്കാരുടെയിടയിലും ഹൃദ്രോഗനിരക്ക് വർധിച്ചുവരികയാണ്.

നമ്മുടെ ഹൃദയം ഒരു അത്ഭുത അവയവമാണ്. നാം ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും കുളിക്കുമ്പോഴുമെന്നുവേണ്ട ഇരുപത്തിനാലുമണിക്കൂറും ഇടതടവില്ലാതെ പ്രവർത്തിക്കുന്ന ഹൃദയത്തിന്റെ പേശികളിലേക്ക് രക്തധമനികളിലൂടെ രക്തം ഒഴുകിയെത്താതിരിക്കുമ്പോഴാണ് ഹാർട്ടറ്റാക്ക് ഉണ്ടാകുന്നത്. ഹൃദയപേശികളിലേക്ക് രക്തം എത്തിക്കുന്നത് രണ്ടു കൊറോണറി ധമനികളാണ്. ഇടത്തും വലത്തുമായി രണ്ടു കൊറോണറി ധമനികളാണ് നമുക്കുള്ളത്. കൊറോണറി ധമനികളിൽ കൊഴുപ്പടിഞ്ഞു കൂടി തടസ്സമുണ്ടാകുമ്പോൾ രക്തപ്രവാഹം കുറയുകയും ഹൃദയാഘാതം ഉണ്ടാവുകയും ചെയ്യുന്നു.

ഇനി എന്തൊക്കെയാണ് ഹൃദയാഘാതത്തിനുള്ള കാരണങ്ങൾ എന്നു നോക്കാം. രക്തസമ്മർദ്ദം കൂടി ഹൈപ്പർടെൻഷനുണ്ടാകുന്നത് ഹാർട്ടറ്റാക്കിനുള്ള ഒരു പ്രധാനകാരണമാണ്. രക്തത്തിലെ പഞ്ചസാരയുടെ അളവ് ഉയർന്നു നിൽക്കുന്ന പ്രമേഹമുള്ളവരിലും ഹൃദയാഘാത സാധ്യത കൂടുതലാണ്. രക്തത്തിലെ കൊളസ്ട്രോളിന്റെ അളവ് കൂട്ടുന്നതും രക്തധമനികളിൽ കൊഴുപ്പടിഞ്ഞു കൂടുന്നതും ഹാർട്ടറ്റാക്കിനു കാരണമാകാം. ചെറുപ്പക്കാരിൽ ഉണ്ടാകുന്ന ഹാർട്ടറ്റാക്കിന്റെ ഒരു പ്രധാന കാരണം പുകവലിയാണ്. വ്യായാമരഹിതമായ ജീവിതശൈലി, മാനസിക പിരിമുറുക്കം. അമിത മദ്യപാനം തുടങ്ങിയവ ഹൃദയാഘാത സാധ്യത വർധിപ്പിക്കുന്ന ഘടകങ്ങളാണ്.



## നെഞ്ചുവേദന തന്നെ മുഖ്യലക്ഷണം

നാടകത്തിലും സിനിമയിലുമൊക്കെ കൂട്ടുകാർ കണ്ടിട്ടില്ലേ, ഹാർട്ടറ്റാക്ക് വന്ന നായകൻ നെഞ്ച് അമർത്തിപ്പിടിച്ചുകൊണ്ട് കുഴഞ്ഞുവീഴുന്നത്! നെഞ്ചിന്റെ മധ്യഭാഗത്ത് അനുഭവപ്പെടുന്ന ശക്തമായ വേദനയാണ് ഹാർട്ടറ്റാക്കിന്റെ പ്രധാന ലക്ഷണം. അൻജൈന എന്നാണ് ഈ നെഞ്ചുവേദനയെ വിളിക്കുന്നത്. നെഞ്ചിന്റെ വേദനയോടൊപ്പം ശരീരം വിയർത്തുകുളിച്ചെന്നും വരാം.

ഹാർട്ടറ്റാക്കുമൂലമുള്ള നെഞ്ചുവേദന കൈകളിലേക്കും പുറത്തേക്കുമൊക്കെ വ്യാപിച്ചെന്നു വരാം. എന്തെങ്കിലും ജോലി ചെയ്യുമ്പോഴായിരിക്കും ഹൃദ്രോഗം മൂലമുള്ള നെഞ്ചുവേദന ഉണ്ടാകുന്നത്. വിശ്രമിക്കുമ്പോൾ നെഞ്ചുവേദന മാറുകയും ചെയ്യും.

ഇനി മറ്റൊരു കാര്യം ഹാർട്ടറ്റാക്കുണ്ടാകുമ്പോൾ എപ്പോഴും നെഞ്ചുവേദന ഉണ്ടാകണമെന്നില്ല. ഇതിനെ നിശ്ശബ്ദമായ ഹൃദയാഘാതം (സൈലന്റ് അറ്റാക്ക്) എന്നാണ് വിളിക്കുന്നത്. പ്രമേഹരോഗികളിലും

സ്ത്രീകളിലും പ്രായമേറിയവരിലുമാണ് ഇങ്ങനെ സൈലന്റ് അറ്റാക്ക് ഉണ്ടാകുന്നത്. നെഞ്ചുവേദന കൂടാതെ നെഞ്ചിടിപ്പ്, ശ്വാസംമുട്ടൽ, കിതപ്പ് തുടങ്ങിയ ലക്ഷണങ്ങളും ഹാർട്ടറ്റാക്കിന്റെ ഭാഗമായി ഉണ്ടാകും.

## ഹൃദ്രോഗം വരാതെ തടയാം

ഒരിക്കൽ ഹാർട്ടറ്റാക്കുണ്ടായാൽ പിന്നെ ജീവിതകാലം മുഴുവൻ മരുന്നുകൾ കഴിക്കേണ്ടി വരും. ഇടയ്ക്കിടയ്ക്ക് ഇ സി ജി, എക്കോടെസ്റ്റ് തുടങ്ങിയ പരിശോധനകളും വേണ്ടിവരും. ഇതൊക്കെ ചെലവേറിയതാണ്.


**അമ്മ ഉണ്ടാക്കിത്തരുന്ന ആവിയിൽ പുഴുങ്ങിയ കൊഴുക്കട്ടയും ഇലയടയുമൊക്കെ നല്ല പലഹാരങ്ങളാണ്. ഇത്തരം നാലുമണി പലഹാരങ്ങൾ കഴിക്കാതെ എണ്ണപലഹാരങ്ങളായ വടയും സമോസയും പഫ്സുമൊക്കെ കഴിക്കുമ്പോഴാണ് രക്തത്തിലെ കൊഴുപ്പ് കൂടുന്നത്. ഹോട്ടൽഭക്ഷണവും മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രം മതി. കാരണം ഹോട്ടൽ ഭക്ഷണത്തിൽ രുചിക്കാണ് പ്രാധാന്യം. ഗുണത്തിനല്ല.**

എന്നാൽ ആദ്യം മുതൽക്കുതന്നെ ഭക്ഷണകാര്യത്തിലും വ്യായാമം ചെയ്യുന്നതിലും ചില ചിട്ടകൾ പാലിച്ചാൽ ഹൃദയാരോഗ്യത്തെ സംരക്ഷിച്ചുകൊണ്ട് നമുക്ക് ഹാർട്ടറ്റാക്കുണ്ടാകാതെ നോക്കാം.

ഭക്ഷണത്തിൽ പഴങ്ങളും പച്ചക്കറികളുമൊക്കെ ധാരാളമായി കഴിക്കണം. അമ്മ ഉണ്ടാക്കിത്തരുന്ന ആവിയിൽ പുഴുങ്ങിയ കൊഴുക്കട്ടയും ഇലയടയുമൊക്കെ നല്ല പലഹാരങ്ങളാണ്. ഇത്തരം നാലുമണി പലഹാരങ്ങൾ കഴിക്കാതെ എണ്ണപലഹാരങ്ങളായ വടയും സമോസയും പഫ്സുമൊക്കെ കഴിക്കുമ്പോഴാണ് രക്തത്തിലെ കൊഴുപ്പ് കൂടുന്നത്. ഹോട്ടൽ ഭക്ഷണവും മാസത്തിൽ ഒന്നോ രണ്ടോ തവണ മാത്രം മതി. കാരണം ഹോട്ടൽഭക്ഷണത്തിൽ രുചിക്കാണ് പ്രാധാന്യം. ഗുണത്തിനല്ല. അമിതമായി ഉപ്പും കൊഴുപ്പും മധുരവുമൊക്കെ യടങ്ങിയ ഹോട്ടൽഭക്ഷണം മിതമാക്കണം.

ദിവസവും ഓടിക്കളിക്കാൻ ഒരു മണിക്കൂർ നീക്കിവയ്ക്കണം. അതുകഴിഞ്ഞുമതി പഠിത്തം. ആരോഗ്യമുള്ള ശരീരത്തിലെ ആരോഗ്യമുള്ള മനസ്സുണ്ടാകൂ. വ്യായാമം ചെയ്യുമ്പോൾ ശരീരഭാരം കുറയുന്നു. പൊണ്ണത്തടി ഉണ്ടാകില്ല. അങ്ങനെ പ്രമേഹത്തെയും ഹൈപ്പർടെൻഷനെയുമൊക്കെ വഴിയിൽത്തന്നെ തടയാൻ നമുക്കാവും.

ഒരുതരത്തിലുള്ള ലഹരിവസ്തുക്കളും ഉപയോഗിക്കില്ലെന്ന് ആദ്യം തന്നെ ശപഥമെടുക്കണം. പുകയിലയിലടങ്ങിയിരിക്കുന്ന നിക്കോട്ടിൻ എന്ന ഘടകമാണ് രക്തധമനികളുടെ ജരാവസ്ഥയ്ക്കും ഹാർട്ടറ്റാക്കിനും കാരണമാകുന്നത്. കൂട്ടുകാർ ലഹരിവസ്തുക്കൾ ഉപയോഗിക്കരുതെന്ന് മാത്രമല്ല ലഹരിവിരുദ്ധ പരിപാടികളിൽ സജീവമായി പങ്കെടുക്കുകയും വേണം.




Heart Attack

# ടോം സോയറുടെ സാഹസികജീവിതം

**മാർക്ക് ട്വയിൻ**

പുനരാഖ്യാനം: **ജോളി വർഗീസ്**

തിങ്കളാഴ്ച രാവിലെ ടോം പരിതാപകരമായ അവസ്ഥയിലായിരുന്നു. എല്ലാ തിങ്കളാഴ്ച പ്രഭാതങ്ങളിലും സ്കൂളിൽ പോകണമല്ലോ എന്ന് ആലോചിക്കുമ്പോൾ തന്നെ അവൻ ദയനീയമായ സ്ഥിതിയിലാകും. ഒരാഴ്ചക്കാലത്തെ സ്കൂൾ യാതനകളെക്കുറിച്ചുള്ള ചിത്രങ്ങൾ അവനെ അസ്വസ്ഥനാക്കും. ഇടയ്ക്ക് ഒരു അവധിദിവസം ഇല്ലായിരുന്നെങ്കിൽ ഇത്രയും ബുദ്ധിമുട്ട് തോന്നുകില്ലായിരുന്നു.

അസുഖം വല്ലതും ഉണ്ടായിരുന്നെങ്കിൽ രക്ഷപ്പെടാമായിരുന്നു. ശരീരം മുഴുവൻ പരിശോധിച്ച്, ഒരു രോഗലക്ഷണം കണ്ടെത്തണമല്ലോ. ഒന്നും കണ്ടെത്താനായില്ല. അപ്പോഴാണ് ഒരു പല്ല് അല്പം ആടി നിൽക്കുന്ന കാര്യം ഓർത്തത്. അതിനെ ഒരു 'തുടക്ക' മായി ഉപയോഗിക്കാം. പക്ഷേ അതിനെക്കുറിച്ച് പരാതി പറഞ്ഞാൽ ആന്റി ഉടനെ അത് പറിച്ചെടുക്കും. അത് വല്ലാതെ വേദനിക്കും. അത് ഒരു മുൻകരുതലെന്ന നിലയിൽ സൂക്ഷിച്ചു വച്ചിട്ട് മറ്റെന്തെങ്കിലും പറയണം. അപ്പോഴാണ് ടോം കാൽവിരലിലെ മുറിവിന്റെ കാര്യം ഓർമിച്ചത്.



വര: റോണി ദേവസ്യ

അവൻ പുതപ്പിനടിയിൽ നിന്ന് കാൽ വലിച്ചെടുത്ത് മുറിവ് പരിശോധിച്ചു. ദാരുണമായ ലക്ഷണങ്ങളൊന്നും കാണാനില്ല. എങ്കിലും തത്കാലം അത് ഉപയോഗിക്കാം. അതുകൊണ്ട് രക്ഷപ്പെട്ടില്ലെങ്കിൽ പല്ലിന്റെ കാര്യം പറയാം.

ടോം മൂളാനും ഞരങ്ങാനും തുടങ്ങി. സിദ്ദ് ഒന്നും അറിയാതെ കിടന്നുറങ്ങി. ടോം കുറേക്കൂടി ഉറക്കെ ഞരങ്ങി. അപ്പോൾ കാൽവിരലിൽ ശരിക്കും വേദന ഉണ്ടെന്നും അത് കൂടിക്കൂടി വരുന്നുണ്ടെന്നും അവനു തോന്നി. അപ്പോഴും സിദ്ദ് അനങ്ങിയില്ല.

തന്റെ കിതപ്പ് ഒന്ന് അടങ്ങാനായി ടോം അല്പനേരം വിശ്രമിച്ചു. എന്നിട്ട് നിർത്താതെ വലിയ ശബ്ദത്തിൽ കരയുകയും മൂളുകയും ഞരങ്ങു

കയും ചെയ്തു.

സിദ്ദ് തന്റെ കൂർക്കംവലി തുടർന്നു. സഹികെട്ട ടോം സിദ്ദിനെ വിളിച്ചുണർത്തി. എന്നിട്ട് കരച്ചിൽ തുടർന്നു. സിദ്ദ് കോട്ടുവായിട്ടു, കൈ കാലുകൾ കുടഞ്ഞു എന്നിട്ട് കട്ടിലിൽ കൈകുത്തി കിടന്ന് ടോമിനെ നോക്കി. ടോം തന്റെ കരച്ചിൽ തുടർന്നു.

''ടോം... ടോം... എന്താ? (ഒരു പ്രതികരണവുമില്ല.)

''എന്താ? എന്താപറ്റിയത്?'' അവൻ ടോമിനെ കുലുക്കിവിളിച്ചു. എന്നിട്ട് ആകാംക്ഷയോടെ ഉറ്റുനോക്കി.

''ഓ... സിദ്ദു... എന്നെ കുലുക്കരുത്.''

''എന്താ... എന്താ കുഴപ്പം, ഞാൻ ആന്റിയെ വിളിക്കാം.''

''വേണ്ട, ആരെയും വിളിക്കണ്ട. വേദന തനിയെ പൊയ്ക്കൊള്ളും.''

''പക്ഷേ ടോം... നീ കരയരുത്. എനിക്ക് സഹിക്കാനാകുന്നില്ല. എത്ര നേരമായി വേദന തുടങ്ങിയിട്ട്?''

''സിദ്ദു, എന്നെ തൊടരുത്. വേദന സഹിക്കാനാകുന്നില്ല. ഞാൻ മരിക്കാൻ പോകയാണ്. ഞാൻ നിന്നോട് എല്ലാം ക്ഷമിക്കുന്നു. ഞാൻ പോയിക്കഴിയുമ്പോൾ...''

''ടോം ടോം നീ മരിക്കാൻ പോകയാണോ? ടോം... വേണ്ട... നീ മരിക്കരുത്.''

''ഞാൻ എല്ലാവരോടും ക്ഷമിക്കുന്നു... ഞാൻ പോയിക്കഴിയുമ്പോൾ എന്റെ ഒറ്റക്കണ്ണൻ പൂച്ചയെ പട്ടണത്തിൽ പുതുതായി വന്ന പെൺകുട്ടിക്ക് നൽകണം. അവളോടു പറയണം...''

അപ്പോഴേക്കും സിദ്ദു തന്റെ വസ്ത്രങ്ങളും വാരിയെടുത്ത് താഴേക്ക് പാഞ്ഞുകഴിഞ്ഞിരുന്നു. അവൻ ഉറക്കെ വിളിച്ച് പറഞ്ഞു. ''ആന്റീ വേഗം വാ... ടോം മരിക്കയാണ്.''

''മരിക്കുന്നു?''

''വേഗം... വാ...''

''അസംബന്ധം ഞാൻ വിശ്വസിക്കില്ല.'' പക്ഷേ ആന്റി മേരിയുടെയും സിദ്ദുവിന്റെയും കൂടെ മുകളിലേക്ക് അതിവേഗം ഓടി. ആന്റിയുടെ മുഖം വിളറി വെളുത്തു. ചുണ്ടുകൾ വിറച്ചു. കിടക്കയുടെ അരികിലെത്തിയ ആന്റി കിതപ്പോടെ ചോദിച്ചു.

''ടോം... നിനക്കെന്താ...? നിനക്കെന്താ പറ്റിയത്?''

''ആന്റീ, എന്റെ കാൽവിരലിലെ മുറിവ് പഴുത്ത് ചീയുകയാണ്. അതിന്റെ വേദന സഹിക്കാനാകുന്നില്ല.''

പോളി ആന്റി ഒരു കസേരയിലിരുന്ന് ആദ്യം ചിരിച്ചു. പിന്നീട് കരഞ്ഞു. പിന്നെ കരച്ചിലും ചിരിയും ഒന്നിച്ചു നടത്തി.

''ടോം... നീ എന്നെ പേടിപ്പിച്ചുകളഞ്ഞു. ഇനി കരച്ചിൽ നിർത്തി, നല്ല കുട്ടിയായി കട്ടിലിൽ നിന്ന് ഇറങ്ങിവാ...''

ടോം മൂളലും ഞരക്കവും അവസാനിപ്പിച്ചു. ടോമിന് താൻ ഒരു മണ്ടനായി നാണംകെട്ടു എന്നു തോന്നി.

''ആന്റി, ആ വിരലിന് ഭയങ്കര വേദനയായിരുന്നു. അത് പഴുത്തതായിരിക്കുമെന്ന് ഞാൻ കരുതി. ആ വേദനയ്ക്കിടയിൽ പല്ലിന്റെ കാര്യം ഞാൻ മറന്നു.''

''പല്ലോ? പല്ലിനെന്താ കുഴപ്പം?''

''ഒരെണ്ണം ആടുന്നുണ്ട്. നല്ല വേദന...''

''നോക്കട്ടെ... വീണ്ടും കരയാൻ തുടങ്ങരുത്. ഒരു പല്ല് അല്പം ഇളകിയാടുന്നുണ്ട്. പക്ഷേ അതുകൊണ്ട് ആരും മരിക്കില്ല. മേരീ... ഒരു കഷണം സിൽക്ക് നൂലും ഒരു തീക്കട്ടയും കൊണ്ടുവരൂ...''

''ആന്റീ... അത് പറിച്ചെടുക്കരുത്. ഇപ്പോൾ വേദനയില്ല. ഇനി ഒരിക്കലും സ്കൂളിൽ പോകാതിരിക്കാൻ ഞാൻ ശ്രമിക്കില്ല.''

''നീ ശ്രമിക്കില്ല അല്ലേ..? അപ്പോൾ ഇതെല്ലാം സ്കൂളിൽ പോകാതിരിക്കാനുള്ള പരിപാടികളായിരുന്നു. ടോം എനിക്കു നിന്നെ ഇഷ്ടമാണ്. പക്ഷേ, കുരുത്തക്കേടുകൾ കാണിച്ച് നീ എന്റെ ഹൃദയം തകർക്കരുത്.''

അപ്പോഴേക്കും ദന്തരോഗ ചികിത്സാ ഉപകരണങ്ങൾ എത്തിക്കഴിഞ്ഞിരുന്നു. നൂലിന്റെ ഒരറ്റം ടോമിന്റെ ഇളകിയാടുന്ന പല്ലിൽ കെട്ടി. മറ്റേ അറ്റം കട്ടിലിന്റെ കാൽമൊട്ടിലും കെട്ടി. ആന്റി ആ തീക്കട്ട പെട്ടെന്ന് അവന്റെ മുഖത്തേക്ക് അടുപ്പിച്ചു. ടോം പുറകോട്ട് വലിഞ്ഞു. നിമിഷനേരത്തിനുള്ളിൽ പല്ല് നൂലിൽ തൂങ്ങിക്കിടക്കുന്നു.

എല്ലാവിധ യാതനകൾക്കും പിന്നാലെ കുറെ പ്രോത്സാഹന സമ്മാനങ്ങളും ലഭിക്കും. അന്ന് രാവിലെ ടോം സ്കൂളിലേക്ക് നടന്നപ്പോൾ കണ്ടുമുട്ടിയ സകല കുട്ടികളും അവനെ അസൂയയോടെ നോക്കി. പല്ലിന്റെ വിടവിലൂടെ അവരെ അതിശയിപ്പിച്ച് വ്യത്യസ്ത രീതിയിൽ അവന് നീട്ടി തുപ്പാൻ സാധിക്കുന്നു. അവൻ വീണ്ടും

എല്ലാവിധ യാതനകൾക്കും പിന്നാലെ കുറെ പ്രോത്സാഹന സമ്മാനങ്ങളും ലഭിക്കും. അന്ന് രാവിലെ ടോം സ്കൂളിലേക്ക് നടന്നപ്പോൾ കണ്ടുമുട്ടിയ സകല കുട്ടികളും അവനെ അസൂയയോടെ നോക്കി. പല്ലിന്റെ വിടവിലൂടെ അവരെ അതിശയിപ്പിച്ച് വ്യത്യസ്ത രീതിയിൽ അവന് നീട്ടി തുപ്പാൻ സാധിക്കുന്നു. അവൻ വീണ്ടും ഹീറോ ആയി. അവന്റെ ചുറ്റും ആരാധകർ.

ഹീറോ ആയി. അവന്റെ ചുറ്റും ആരാധകർ.ആർക്കും ടോം തുപ്പുന്നതു പോലെ നീട്ടി തുപ്പാനാകില്ലെന്നും എല്ലാവരും സമ്മതിച്ചു. അസൂയാലുക്കൾ എല്ലാം പിരിഞ്ഞുപോയതിനുശേഷം ടോം തന്റെ വഴിയിൽ ഹക്കിൾബെറി ഫിന്നിനെ കണ്ടുമുട്ടി.

ഹക്കിൾബെറി, പട്ടണത്തിലെ മുഴുക്കുടിയന്റെ മകനാണ്. നാട്ടിലെ സകല അമ്മമാർക്കും അവനെ വെറുപ്പായിരുന്നു. അവൻ മടിയനും താന്തോന്നിയും വൃത്തികെട്ടവനും ചീത്തകുട്ടിയും ആണെന്ന് അമ്മമാർ വിശ്വസിച്ചു. അവരുടെ നല്ലവരായ മക്കൾ അവനെ ആരാധിക്കുകയും അവനെപ്പോലെയാകാൻ ആഗ്രഹിക്കുന്നുണ്ടെന്നും അമ്മമാർ ഭയപ്പെട്ടു. ഫിന്നുമായി കൂട്ടുകൂടാൻ പാടില്ലെന്ന് ടോമിനും കർശന നിർബന്ധം ഉണ്ടായിരുന്നു. ഹക്കിൾബെറി, എപ്പോഴും മുതിർന്നവർ കളഞ്ഞ കീറിപ്പറിഞ്ഞ വസ്ത്രങ്ങളാണ് ധരിച്ചിരുന്നത്. ഒരു പഴയ കച്ചിതൊപ്പി തലയിൽ വച്ചിരിക്കും. അവന് കോട്ട് ഉണ്ടെങ്കിൽ അത് ഉപ്പൂറ്റിവരെ നീണ്ട് കിടക്കും. അവന്റെ പിഞ്ചിക്കീറിയ കാലുറകളുടെ അറ്റം ചെളിയിൽ ഇഴഞ്ഞു നീങ്ങും. അവൻ അത് ചുരുട്ടി മടക്കിവയ്ക്കാറുമില്ല.

ഹക്കിൾബെറി അവന് ഇഷ്ടമുള്ളപ്പോൾ വരികയും പോകയും ചെയ്തു. സുഖകരമായ കാലാവസ്ഥയിൽ അവൻ വീടുകളുടെ വാതിൽപ്പടിയിൽ കിടന്നുറങ്ങും. മഴയും മഞ്ഞും ഉള്ളപ്പോൾ ഒഴിഞ്ഞ വീപ്പയ്ക്കുള്ളിലും കിടക്കും. അവന് സ്കൂളിലും പള്ളിയിലും പോകണ്ട, ആരെയും അനുസരിക്കേണ്ടതുമില്ല. അവന് ഇഷ്ടമുള്ളപ്പോൾ മീൻ പിടിക്കാനും നീന്താനും പോകാം. പാതിരാ വരെ അലഞ്ഞുതിരിഞ്ഞു നടക്കാം. കുളിക്കുകയും നല്ല വസ്ത്രങ്ങളും ചെരുപ്പും ഒന്നും ധരിക്കുകയും വേണ്ട. അവന് ഇഷ്ടംപോലെ ചീത്ത വാക്കുകൾ പറയാം. ആണയിടാം. ശപിക്കാം. സെന്റ് പീറ്റേഴ്സ് എന്ന ആ ചെറിയ പട്ടണത്തിലെ നല്ല ശീലങ്ങൾ പഠിപ്പിക്കപ്പെടുന്ന, ശകാരിക്കപ്പെടുന്ന മാന്യന്മാരായി വളർത്തപ്പെടുന്ന എല്ലാ കുട്ടികളും, ജീവിതം ആനന്ദകരമാക്കുന്നതെല്ലാം ഹക്കിന്റെ ജീവിതത്തിലുണ്ടെന്ന് വിശ്വസിച്ചു.



ഹക്കിൾബെറി അവന് ഇഷ്ടമുള്ളപ്പോൾ വരികയും പോകയും ചെയ്തു. സുഖകരമായ കാലാവസ്ഥയിൽ അവൻ വീടുകളുടെ വാതിൽപ്പടിയിൽ കിടന്നുറങ്ങും. മഴയും മഞ്ഞും ഉള്ളപ്പോൾ ഒഴിഞ്ഞ വീപ്പയ്ക്കുള്ളിലും കിടക്കും. അവന് സ്കൂളിലും പള്ളിയിലും പോകണ്ട, ആരെയും അനുസരിക്കേണ്ടതുമില്ല.

# മലയാള മഹിമ

മുഹമ്മ ശശിധരപ്പണിക്കർ



വര: ജോണി ദേവസ്യ

പുതുവർഷമോടിയിലാടിപ്പാടി
ചിങ്ങമൊരുങ്ങികുണുങ്ങി വന്നു
അന്നം മുടങ്ങാതിരിക്കുവാൻ കന്നിയിൽ
പുന്നെല്ലുകൊയ്യും പുന്നാര തത്ത
താലപ്പൊലിക്കു പൂത്താലമൊരുക്കുവാൻ
കാലത്തെണീറ്റോടും കുഞ്ഞുതുലാം
ഭക്തിയോടെത്തിതൊഴുതു നിന്നീടുന്ന
വൃശ്ചികത്തോടാർക്കുമിഷ്ടമേറും
ധനധാന്യസമ്പത്സമൃദ്ധിയുമായ്
ധനുവെത്തി, ആതിരപ്പൂവുചൂടും
മഞ്ഞണിഞ്ഞെത്തും മകരത്തിൽ പത്തായം
നിറയുമ്പോളുത്സവമേളമെങ്ങും.

കുംഭത്തിൽ കുമ്പ നിറയവേ വമ്പനാം
കുംഭിത്തലവനുമിമ്പമേറും
മീനത്തിൽ ചൂടു കഠിനമാണെങ്കിലും
മാനം കനിയും ചിലപ്പോഴെല്ലാം
പൂരവും നല്ല വിഷുക്കണിയും കാണാൻ
മേടം ചൊടിയോടെയോടിയെത്തും
കുട ചൂടിയിടറാതെ ചുവടുവെച്ച്
ഇടവത്തിൽ പെരുമഴത്തോറ്റമാടും
വ്യഥ മാറ്റാൻ കഥയും കവിതയുമായ്
മധുരം നുണഞ്ഞു മിഥുനമെത്തും
പട്ടിണിക്കാരിയെന്നോമനപ്പേരുമായ്
കൂട്ടുകാരൊക്കെ പരിഹസിക്കേ
തർക്കമില്ലാതെ രാമായണം മൂളിടും
കർക്കടകത്തിലാരോഗ്യസൗഖ്യം!



# വിശ്വനാഥന്റെ നഗരത്തിൽ

സെബാസ്റ്റ്യൻ പള്ളിത്തോട്



**ഭാരതത്തിലെ ഏറ്റവും പ്രാചീന നഗരം. നാലായിരം വർഷത്തെ പഴക്കമുള്ള കാശി. ഏതൊരാൾക്കും അവിസ്മരണീയമായ അനുഭവങ്ങൾ സമ്മാനിക്കുന്നതാണ് ആ പുണ്യപുരാതന ഭൂമിയിലേക്കുള്ള യാത്ര... പതിനായിരക്കണക്കിന് തീർത്ഥാടകർ നിത്യവും വന്നുപോവുകയും അതിലുമേറെ ആളുകൾ അവിടെത്തന്നെ ശരണാർത്ഥികളായി തങ്ങുകയും ചെയ്യുന്നൊരു നഗരം. ആ കാഴ്ചകളിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുകയാണ് ലേഖകൻ.**

'ചരിത്രത്തെക്കാൾ പഴക്കമുണ്ട് ബനാറസിന്. ഒരുപക്ഷേ പാരമ്പര്യത്തെക്കാളും ഐതിഹ്യങ്ങളെക്കാളും പഴക്കമുണ്ടാകും. എന്നാൽ ഇവയെല്ലാം ചേർത്തുവച്ചാലും അതിലും എത്രയോ ഇരട്ടി പഴക്കമുണ്ടെന്ന് തോന്നിപ്പോകുന്നു.' മിസ്സിസ്സിപ്പിയുടെ കഥാകാരൻ എന്ന പേരിൽ ലോകം ആദരിക്കുന്ന മാർക്ക് ടയിൻ കാശിയെക്കുറിച്ച് എഴുതിയ വരികളാണിവ. ഭാരതത്തിലെ ഏറ്റവും പ്രാചീന നഗരം. നാലായിരം വർഷത്തെ പഴക്കമുണ്ട് കാശിക്ക്. ഏതൊരാൾക്കും അവിസ്മരണീയമായ അനുഭവങ്ങൾ സമ്മാനിക്കുന്നതാണ് ആ പുണ്യപുരാതന ഭൂമിയിലേക്കുള്ള യാത്ര...

പുലരിമഞ്ഞിൽ ഗംഗാതടമാകെ മൂടിപ്പുതച്ച് ഉറങ്ങുമ്പോഴും ബ്രാഹ്മമുഹൂർത്തത്തിൽത്തന്നെ കാശി പതിവുപോലെ ഉറക്കമുണരുന്നു. മറുകരയിൽ, ഗംഗയുടെ മണൽപ്പരപ്പിൽ അവിടവിടെയായി തീനാളങ്ങൾ ഉയരുന്നതു കാണാം. ചിതകളല്ല, തണുപ്പകറ്റാൻ ഗ്രാമവാസികൾ ഒരുക്കുന്ന ചെറിയ ചെറിയ കനൽക്കൂട്ടങ്ങൾ.


തീർത്ഥഘട്ടങ്ങളിലേക്കുള്ള പാതകളിൽ എപ്പോഴും തിരക്കു തന്നെ. റിക്ഷാവാലകൾ. പാൽപ്പാത്രങ്ങളുമായി പാഞ്ഞുപോകുന്ന സൈക്കിളുകൾ. കൊഴുത്തുരുണ്ട കാമധേനുക്കൾ. ആരെയും കൂസാതെ വഴിയിൽ ചാണക

മിട്ടുപോകുന്ന നന്ദികേശന്മാർ. കാലഭൈരവന്റെ വാഹനമായ നായ്ക്കൾ. കോവിലുകളിൽ നിന്നുമുയരുന്ന മണിയൊച്ചകൾ. വഴിവക്കിൽ വീടുകളുള്ളവർ, അവയുടെ മുന്നിൽ പൂജാരികളുമായി നിന്ന് കർമങ്ങൾ ചെയ്യാൻ തീർത്ഥാടകരെ ക്ഷണിക്കുന്നു. ജമന്തിപ്പൂക്കളും കൂവളമാലകളും ആരതിത്തളികകളുമായി പിന്നാലെ കൂടുന്ന കുട്ടികൾ... എല്ലാ പ്രായത്തിലുംപെട്ട എല്ലാ തലമുറയിലും പെടുന്ന വിവിധ ദേശക്കാരായ മനുഷ്യസഞ്ചയം. കാവിപൂശിയ മന്ദിറുകൾ, കരിയിലും പുകയിലും മുങ്ങി നിറം കെട്ടുപോയ വീടുകൾ. വിഭൂതിയുടെ നിറമുള്ള നഗരമെന്ന് ആരെങ്കിലും കാശിയെ വിശേഷിപ്പിച്ചാൽ, അതുതന്നെയായിരിക്കും ആ നഗരത്തിന് ലഭിക്കാവുന്ന ഏറ്റവും വലിയ ബഹുമതിയും!

കാശിയെക്കുറിച്ചുള്ള ചരിത്രമപ്പാടെ ശിവമയമാണ്. എങ്കിലും ശിവന്റെ മാത്രം വാസസ്ഥലമല്ല കാശി. ബ്രഹ്മാവും വിഷ്ണുവും മഹേശ്വരനുമുൾപ്പെടെ മുപ്പത്തിമുക്കോടി ദൈവങ്ങളും കാശിയുടെ പഞ്ചകോശത്തിനുള്ളിൽ കുടിയിരിക്കുന്നു. ഭൂമിയിലാണ് കാശിയുടെ ഭൗതികാസ്തിത്വമെങ്കിലും മറ്റേതൊരു ഭൗമനഗരങ്ങൾക്കും ഇല്ലാത്ത ഒരസ്തിത്വം കൂടി കാശിക്കുണ്ട്. അതു നിലകൊള്ളുന്നത് മഹേശ്വരന്റെ ത്രിശൂലത്തിന്റെ മുനയിലാണ്. മഹാപ്രളയത്തിലും കാശി നശിക്കുന്നില്ല. പ്രളയജലം വാനംമുട്ടെ ഉയരുമ്പോഴും കാശി ത്രിശൂലത്തിന്മേൽ ഉയർന്നുയർന്ന് ആകാശ നഗരം പോലെ!

വായിച്ചറിഞ്ഞതുപോലെയും പറഞ്ഞുകേട്ടതുപോലെയും അത്ര മാത്രം മലിനമാക്കപ്പെട്ടൊരു നഗരമല്ല കാശി ഇപ്പോൾ. പതിനായിരക്കണക്കിന് തീർത്ഥാടകർ നിത്യവും വന്നുപോവുകയും അതിലുമേറെ ആളുകൾ അവിടെത്തന്നെ ശരണാർത്ഥികളായി തങ്ങുകയും ചെയ്യുന്നൊരു നഗരം മലിനമായില്ലെങ്കിലേ അത്ഭുതമുള്ളൂ! അതുവച്ചുനോക്കുമ്പോൾ നമ്മുടെ മറ്റു പല പൗരാണിക തീർത്ഥാടനകേന്ദ്രങ്ങളെയുംകാൾ കാശി മാലിന്യമുക്തയാണ്.

സ്നാനഘട്ടങ്ങളിൽ അതിരാവിലെതന്നെ നല്ല തിരക്കുണ്ട്. മഞ്ഞിനെയും തണുപ്പിനെയും വകവയ്ക്കാതെ ഗംഗയിൽ മുങ്ങിക്കുളിക്കുന്ന മനുഷ്യർ. ഈറൻ മാറാതെ തന്നെ ഗംഗാതീർത്ഥവുമായി കോവിലുകളിലേക്ക് തിരക്കിട്ട് പോകുന്നവർ... നേരത്തെ പറഞ്ഞുറപ്പിച്ച സ്നാനഘട്ടത്തിലേക്ക് ഗൈഡ്



കാശിയാത്രയെ കുറിച്ചുള്ള യാത്രാവിവരണ ഗ്രന്ഥം

ഞങ്ങൾക്കു മുമ്പേ തിരക്കിട്ട് നടന്നു. മറ്റേതെങ്കിലും യാത്രാസംഘം ആ ബലിത്തറ കൈവശപ്പെടുത്തുന്നതിനു മുമ്പേ അവിടെ എത്തിച്ചേരാൻ വേണ്ടി.

'ഗംഗ ഉണരുന്നത് കണ്ടിട്ടുണ്ടോ? ഞാൻ ആദ്യമായി കണ്ടു. ആദ്യപ്രകാശത്തിന്റെ കുഞ്ഞിക്കൈകൾ തട്ടി വിളിക്കുന്നു. അമ്മ ഉണരുന്നു. അലകളിളകാൻ തുടങ്ങുന്നു. ഉടയാടകൾ ഒതുക്കുകയാണ്. തീരത്തു കിടക്കുന്ന തോണികളെ ഓളങ്ങൾ തട്ടിയുണർത്തുന്നു. ഗംഗാപുത്രന്മാർ ദിവസത്തിന്റെ തുടക്ക





കാശിവിശ്വനാഥക്ഷേത്രം

**വടക്ക്, ബനാറസിനെയും രാംനഗറിനെയും തമ്മിൽ കൂട്ടിമുട്ടിക്കുന്ന ഗംഗയ്ക്ക് കുറുകെയുള്ള ഇരുനിലപ്പാലത്തിലൂടെ, നിറയെ തീർത്ഥാടകരും വെളിച്ചങ്ങളുമായി ഒരു തീവണ്ടി ഇരമ്പിയെത്തുന്നു. പാലത്തിന്റെ മേൽത്തട്ടിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ കണ്ണിലെ ചുവന്ന വിളക്കുകൾ കെടാറായിട്ടില്ല.**



മായെന്നറിഞ്ഞ് തോണി മാറ്റിക്കെട്ടുന്നു. ഘാട്ടിയാകളുടെ കടകൾ ഉണരുന്നു. ശീതളാദേവിയുടെ ക്ഷേത്രത്തിൽനിന്നും മണിയടികൾ കേൾക്കുന്നു...' എന്നിങ്ങനെ *വാരാണസി*യിൽ എം ടി വാക്കുകൾ കൊണ്ട് വരഞ്ഞിട്ട ശില്പം ഞങ്ങൾക്കു മുന്നിൽ അനാവൃതമാക്കപ്പെടുന്നു.

വടക്ക്, ബനാറസിനെയും രാംനഗറിനെയും തമ്മിൽ കൂട്ടിമുട്ടിക്കുന്ന ഗംഗയ്ക്ക് കുറുകെയുള്ള ഇരുനിലപ്പാലത്തിലൂടെ, നിറയെ തീർത്ഥാടകരും വെളിച്ചങ്ങളുമായി ഒരു തീവണ്ടി ഇരമ്പിയെത്തുന്നു. പാലത്തിന്റെ മേൽത്തട്ടിലൂടെ കടന്നുപോകുന്ന വാഹനങ്ങളുടെ കണ്ണിലെ ചുവന്ന വിളക്കുകൾ കെടാറായിട്ടില്ല.

പാലക്കാട്ട് നിന്നുള്ള വൃദ്ധനായ ശിവരാമ അയ്യങ്കാരും ഞാനും കുടുംബവും ഒഴികെയുള്ള പതിനാറുപേർ ഗംഗയിൽ മൂന്നുവട്ടം വീതം മുങ്ങി നിവർന്ന് നിർമലരായി പടവുകൾ കയറിവന്നു. നനഞ്ഞൊട്ടിയ ശരീരവുമായി കയറി വന്ന ആ മനുഷ്യർക്ക് പവിത്രമായൊരു സൗന്ദര്യം ഉണ്ടെന്നു തോന്നി. എങ്കിലും ഒപ്പമുണ്ടായിരുന്ന ഡോ. ഗോപകുമാറിനെ ഞാൻ ശുണ്ഠി പിടിപ്പിക്കാൻ ശ്രമിച്ചു നോക്കി.

''ഡോക്ടറുടെ ഈ നനഞ്ഞ ശരീരത്തിലിപ്പോൾ എത്ര കോടി കോളിഫാം ബാക്ടീരിയകൾ കയറിപ്പറ്റിയിട്ടുണ്ടാകുമെന്ന് അറിയാമോ?''

''അപ്പോൾ ഗംഗ അത്രയ്ക്കും ശുദ്ധമാവില്ലേ?'' ഡോക്ടർ തിരിച്ചുചോദിച്ചു.

തീർത്ഥാടകർക്ക് ഈറൻ മാറാനായി കെട്ടിയുണ്ടാക്കിയ മറപ്പുരകൾക്ക് മുന്നിലെ തിരക്കിൽ നിന്ന് രക്ഷപെട്ട് അവർ ബലികർമങ്ങളിലേക്ക് തിരിഞ്ഞു. ഒരു ശ്രാദ്ധത്തിന്റേതായ എല്ലാ ഒരുക്കങ്ങളോടും പരികർമ്മിയോടുമൊപ്പം അവർ പിതൃക്കൾക്ക് തിലോദകം അർപ്പിച്ചു. സംസ്കൃതവും ഹിന്ദിയും ഇടകലർന്ന കീർത്തനങ്ങൾ അന്തരീക്ഷത്തെ മുഖരിതമാക്കി.

മറ്റൊന്നും ചെയ്യാനില്ലാത്തതിനാൽ ഞങ്ങൾ ഘട്ടുകളിൽ നിന്നും ഘട്ടുകളിലേക്ക് വെറുതേ നടക്കാൻ തുടങ്ങി. കല്പടവുകളിലൂടെ കയറിയും ഇറങ്ങിയുമുള്ള നടത്തം. കുറച്ചു ദൂരം നടന്നു കഴിഞ്ഞപ്പോൾ ഗംഗയുടെ ഓരം ചേർന്നുള്ള നടത്തത്തിന് വിരാമമായി. പിന്നെ ഇടുങ്ങിയ ഗലികളിലൂടെ, കരിങ്കൽപ്പാളികൾ നിരത്തിയ വീതി കുറഞ്ഞ വഴിത്താരകളിലൂടെ... കിഴക്കൻ കാറ്റിൽ എവിടെ നിന്നോ മനുഷ്യമാംസം കത്തിയെരിയുന്നതിന്റെ ഗന്ധം മൂക്കിലടിച്ചപ്പോൾ മനസ്സിലായി; പ്രസിദ്ധമായ മണികർണ്ണികാഘട്ട് അടുത്തെവിടെയെങ്കിലും ആയിരിക്കണം! പുകനിറമുള്ള എടുപ്പുകളും വഴിയോരത്ത് അടുക്കിവച്ചിരിക്കുന്ന വിറകുകളും കൽക്കരിക്കൂനയും അത് കൃത്യമായും പറഞ്ഞുതന്നു. ഈ മണികർണ്ണികാഘട്ട് മാത്രമല്ല, എനിക്കു കാണേണ്ടതായ മറ്റൊരിടം കൂടിയുണ്ട് - ഇവിടത്തെ ഘട്ടുകളുടേതായ ഈ ശൃംഖലയിൽ... ഞാൻ മനസ്സിനെ ഓർമിപ്പിച്ചുകൊണ്ടിരുന്നു. രാജാ ഹരിശ്ചന്ദ്ര ഘട്ട്! തന്റെ എല്ലാ പ്രതാപങ്ങളോടും വിടപറഞ്ഞ്, സത്യവ്രതനായ ശ്രീഹരിശ്ചന്ദ്ര മഹാരാജാവ് കേവലമൊരു ശ്മശാനസൂക്ഷിപ്പുകാരനായി പണിയെടുക്കേണ്ടി വന്ന ശ്മശാനഭൂമി!

ഘട്ടുകളൊന്നിൽ, അതിന്റെ ഉയർന്ന എടുപ്പിൽ കയറി, മഞ്ഞു പുതച്ചു കിടക്കുന്ന ഗംഗയുടെ വിദൂരതീരങ്ങളിലേക്കു നോക്കി ഇരിക്കുന്നതിനിടയിലാണ് സ്പെയിനിൽ നിന്നുള്ള ഫബിയോളയെയും സ്നേഹിതയെയും പരിചയപ്പെടുന്നത്. സ്പെയിൻകാരന് എങ്ങനെ റോമൻ പേര് കിട്ടി എന്നതോർത്ത് ഞാൻ അത്ഭുതപ്പെട്ടില്ല. കാരണം, കേരളീയനായ ഞാൻ ഒരു റോമൻ പേര് ചുമക്കുന്നതിനെക്കാൾ കൂടുതലൊന്നുമല്ല അത്.

അവർക്ക് ഗംഗയെയും അവിടത്തെ ആൾത്തിരക്കിനെയും ഇഷ്ടമായി. പുണ്യം ചെയ്ത മനുഷ്യർ. ഇവർക്കെങ്ങനെ ഇത്രമാത്രം നിർമ്മലരായി ജീവിക്കാൻ കഴിയുന്നു!

‘‘അടുത്ത ആഴ്ച ഞങ്ങൾ കേരളത്തിലേക്കാണ്, മൂന്നാറിൽ...’’

‘‘കേരളത്തെ അറിയാൻ മൂന്നാറിലേക്കല്ല പോകേണ്ടത്. അത് യൂറോപ്പിന്റെ വെറുമൊരു പോക്കറ്റ് എഡിഷൻ മാത്രം. നിങ്ങൾ ആലപ്പുഴയിലേക്ക് വരൂ...’’

‘‘ആലപ്പുസ?’’

‘‘അതേ; ആലപ്പുസ തന്നെ– വെനീസ് ഓഫ് ദ ഈസ്റ്റ്!’’ ഫബിയോളയും സ്നേഹിതയും വിടർന്നുചിരിച്ചു.



ബലിതർപ്പണം

ഘട്ടുകളിലേക്ക് നടക്കുമ്പോൾ ഞങ്ങളുടെ ഗൈഡ് ഒരു കാര്യം പ്രത്യേകം ഓർമിപ്പിച്ചിരുന്നു. കൂടെയുള്ളവരുടെ ബലികർമങ്ങൾ അവസാനിക്കുന്നതിനു മുമ്പേ തിരിച്ചെത്തണം. തിരക്കിട്ട പരിപാടികളാണ് ഇന്നു മുഴുവനും. ഹോട്ടലിലെത്തി പ്രഭാതഭക്ഷണം കഴിഞ്ഞാലുടനെ ക്ഷേത്രദർശനമാണ്. കണ്ടു തീർക്കാൻ കാശിയിൽ ക്ഷേത്രങ്ങൾ നിരവധിയുണ്ടെങ്കിലും സന്ദർശകരുടെ കൈപ്പുസ്തകത്തിൽ നിന്നും വിശ്വനാഥക്ഷേത്രത്തെ ഒരിക്കലും ഒഴിവാക്കുക സാധ്യമല്ല! അതുപോലെതന്നെ പ്രധാനമാണ് ശ്രീ അന്നപൂർണ്ണേശ്വരിദേവിയെ ദർശിക്കുക എന്നതും. 45

ഉച്ചയ്ക്കുശേഷം, ബനാറസിന്റെ മാത്രം മറ്റൊരു പൈതൃക സംഭാവനയായ, പട്ടുനൂലിൽ കരവിരുതിനാൽ മനോഹര വിസ്മയങ്ങൾ സമ്മാനിക്കുന്ന നെയ്ത്തുശാലകൾ സന്ദർശിക്കുന്നു. വൈകുന്നേരം, ഈ ഗംഗാതടത്തിലേക്കുതന്നെ നമ്മൾ തിരിച്ചുവരുന്നു. പതിനായിരങ്ങൾ ഒത്തുചേരുന്ന ആരതിയർപ്പണത്തിനായി. കാശി തീർത്ഥക്കരയിൽ അവശേഷിക്കുന്ന ഘട്ടുകൾ കാണുന്നതു പിന്നീടാകാമെന്ന് മനസ്സിന് ഉറപ്പുനൽകിക്കൊണ്ട് ഞങ്ങൾ തിരിച്ചുനടന്നു–ദശാശ്വമേധ ഘട്ടിലേക്ക്.



സ്പെയിനിൽ നിന്നുള്ള സഞ്ചാരികളോടൊപ്പം ലേഖകൻ

*ഫോട്ടോ: യൂജിൻ സെബാസ്റ്റ്യൻ (ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുന്ന ബോധ്ഗയയിലൂടെ എന്ന പുസ്തകത്തിൽ നിന്ന്)*

കഥ

# അബ്ദുവിന്റെ പരീക്ഷ

## പയ്യന്നൂർ കുഞ്ഞിരാമൻ

പരീക്ഷ അടുക്കാറായി. ഓണപ്പരീക്ഷയ്ക്ക് മാർക്ക് കുറഞ്ഞുപോവരുതെന്ന് അമ്മ പറഞ്ഞിരുന്നു.

ഉണ്ണിമോന് ശ്വാസം വിടാൻ നേരമില്ല. പഠനം തന്നെ പഠനം. തിരക്കോട് തിരക്കുതന്നെ. വീട്ടിലെത്തിയാൽ പുസ്തകം താഴത്തുവയ്ക്കാൻ അമ്മ സമ്മതിക്കില്ല.

''ഉണ്ണീ, പരീക്ഷയ്ക്ക് ഇനി ഇത്രയേ ദിവസമുള്ളൂ... ഇരുന്ന് പഠിക്ക്... കണക്ക് നല്ലപോലെ ശ്രദ്ധിക്ക്...''

അമ്മ നിർദേശിച്ചു കൊണ്ടേയിരുന്നു.

എന്നാൽ ഉണ്ണിമോന്റെ രീതി വേറെയായിരുന്നു. പരീക്ഷയെഴുതാൻ മുഷിഞ്ഞിരുന്ന് പഠിക്കണമെന്നൊന്നും അവൻ ചിന്തിക്കാറില്ല. ക്ലാസിൽ അധ്യാപകൻ പറയുന്നത് ശ്രദ്ധിച്ചു കേൾക്കും. അത് മനസ്സിൽ സൂക്ഷിച്ചുവയ്ക്കും.

അതുതന്നെ ധാരാളം. പരീക്ഷയടുത്താൽ എല്ലാം ഒന്ന് ഓർത്തെടുക്കണം. അത്രതന്നെ.



വര: സുജിത് പി വി

**അടുത്തിരിക്കുന്ന അബ്ദുവാണ് ഏക സമാധാനം. അവൻ ഓരോരോ തമാശകൾ പറയും. പഠിപ്പിന്റെ കാര്യത്തിൽ അവൻ പിന്നിലാണ്. അവന്റെ ബാപ്പയ്ക്ക് കച്ചവടമാണ്. ചിലപ്പോൾ അവൻ ക്ലാസിൽ വരാതെ ബാപ്പയുടെ പീടികയിൽ ചെന്ന് സഹായിക്കും. അങ്ങനെ സഹായിക്കാൻ പോന്നതിന്റെ പിറ്റേ ദിവസം അവൻ ഉണ്ണിമോന് മിഠായി കൊണ്ടുകൊടുക്കും.**

അല്ലാതെ അമ്മ പറയുന്നതു പോലെ രാവും പകലും പുസ്തകം തുറന്നുവയ്ക്കാനൊന്നും അവനെ കിട്ടില്ല. പഠിക്കാനെന്തിന് തപസ്സിരിക്കണം?

അമ്മയുടെ രീതി അങ്ങനെയാണ്. മകൻ പരീക്ഷയിൽ നല്ല മാർക്കു വാങ്ങി ജയിക്കണം. ഒരേയൊരു മകനാണ്. ഇന്നത്തെ കാലത്ത് മാർക്കു കുറഞ്ഞാൽ തുടർപഠനം വിഷമത്തിലാകും.

സംസാരത്തിനിടയിൽ അമ്മ മേലെവീട്ടിലെ ആതിരയെപ്പറ്റിയും സൂചിപ്പിക്കും. ''നീ ആതിരയെ നോക്ക്... അവളുടെ മാർക്ക് നോക്ക്...''

അതുകേൾക്കുമ്പോൾ അവന് വെറുപ്പു തോന്നും. എപ്പോഴും അമ്മയെന്തിനാ വേറെ കുട്ടികളെപ്പറ്റി പറയുന്നത്? ഉണ്ണിമോന് ആതിരയാകാൻ പറ്റുമോ?

മാതാപിതാക്കൾക്കെല്ലാം ഈ സ്വഭാവമുണ്ട്. മറ്റുള്ളവരെ പുകഴ്ത്തിപ്പറയും.

അടുത്തിരിക്കുന്ന അബ്ദുവാണ് ഏക സമാധാനം. അവൻ ഓരോരോ തമാശകൾ പറയും. പഠിപ്പിന്റെ കാര്യത്തിൽ അവൻ പിന്നിലാണ്. അവന്റെ ബാപ്പയ്ക്ക് കച്ചവടമാണ്. ചിലപ്പോൾ അവൻ ക്ലാസിൽ വരാതെ ബാപ്പയുടെ പീടികയിൽ ചെന്ന് സഹായിക്കും. അങ്ങനെ സഹായിക്കാൻ പോന്നതിന്റെ പിറ്റേ ദിവസം അവൻ ഉണ്ണിമോന് മിഠായി കൊണ്ടുകൊടുക്കും. അവന്റെ ഉമ്മ അവനോട് പരീക്ഷാകാര്യം മിണ്ടാറേയില്ല.

''അബ്ദൂ, പരീക്ഷ ആവാറായില്ലേ?'' ഉണ്ണിമോൻ ചോദിക്കും.

''ആയ്ക്കോട്ടെ... എനക്ക് അത്രമാർക്ക് മതി...''

അബ്ദുവിന് യാതൊരു പരിഭ്രമവുമില്ല.

സ്കൂൾ വിട്ടാൽ അവൻ പതിവായി ചൂണ്ടയിടാൻ പോവും. ഓട്ടു കമ്പനിക്കപ്പുറത്ത് നാരങ്ങാത്തോടുണ്ട്. തോട്ടിൽ വലിയ മീനുകളുണ്ടാകും. വലിയൊരു മീനെ കിട്ടിയാൽ മതി. പിന്നെ ചൂണ്ടയിടില്ല. മീനുംകൊണ്ട് വീട്ടിലെത്തും. ഉമ്മയെ ഏൽപ്പിക്കുമ്പോഴും പഠിക്കുന്ന കാര്യം അവർ പറയാറില്ല.

അബ്ദു ഭാഗ്യവാനാണെന്ന് ഉണ്ണിമോനു തോന്നി. പഠിക്കാതെ ചൂണ്ടയിട്ടു നടക്കാം.

ഒരുദിവസം മാഷ് വെള്ളത്തിൽ ജീവിക്കുന്ന അഞ്ച് ജീവികളെ കുറിച്ചെഴുതാൻ പറഞ്ഞു. കുട്ടികൾ തലപുകഞ്ഞാലോചിച്ച് ഉത്തരം കണ്ടെത്തി. അബ്ദു ഒട്ടും വിഷമിച്ചില്ല. മൂന്ന് ആമയും രണ്ട് ഞണ്ടും. അവനുത്തരമെഴുതി. ഉത്തരം കണ്ട് അധ്യാപകന് ആദ്യം ദേഷ്യം വന്നു. പിന്നെ അതിലെ തമാശയോർത്ത് ചിരിച്ചു.

അബ്ദു തല മൊട്ടയടിക്കാറാണ് പതിവ്. ചിലപ്പോൾ തലയിൽ തൊപ്പിയിടും.

പരീക്ഷയുടെ തലേദിവസം അബ്ദു ഉണ്ണിമോന്റെ വീട്ടിൽ വന്നു. ഉണ്ണിമോൻ ഉത്തരം ഉരുവിട്ട് പഠിക്കകയായിരുന്നു. അമ്മ ചായയും പലഹാരവുമുണ്ടാക്കി മേശപ്പുറത്ത് വച്ചിട്ടുണ്ട്.

അബ്ദുവിനെക്കണ്ട് അവൻ പഠനം നിറുത്തി. വാ എന്ന് വരാന്തയിലേക്കു ക്ഷണിച്ചു. അവൻ കയറിവന്ന് ഇരുത്തിയിൽ ഇരുന്നു. ആരാ പുറത്തെന്ന് അമ്മ വിളിച്ചുചോദിച്ചു. ''ഞമ്മളാണ്... അബ്ദു...'' എന്നുത്തരം പറഞ്ഞു.

ഉണ്ണിമോന്റെ അമ്മ പുറത്തുവന്നു.

''എന്താ അബ്ദു... നാളെ പരീക്ഷയില്ലേ?''

''ഉണ്ട്. പരീക്ഷ എല്ലാർക്കും ഉണ്ടാവും.''

''പിന്നെ നീയെന്താ അലഞ്ഞുനടക്കുന്നത്?''

''പരീക്ഷയ്ക്ക് ഇങ്ങനെ മുഷിഞ്ഞിരുന്ന് വായിക്കണോ?''

''വായിക്കാണ്ട് ജയിക്കുമോ?''

''ജയിച്ചിട്ട് ഞമ്മള് എന്താകാനാ...?''

''അതെന്താ അബ്ദൂ? ജയിച്ച് വലിയ ആളാകണ്ടേ?''

''വലിയ ആളാകാനോ?''

''എന്താ...? അബ്ദുവിന് അങ്ങനെ ആഗ്രഹമില്ലേ?''

അബ്ദു മിണ്ടാതിരുന്നു. അവന്റെ മുഖത്ത് നേരിയ സങ്കടം നിഴലിച്ചു. ഉണ്ണിമോനെയും അമ്മയേയും അവൻ മാറിമാറി നോക്കി.

''ഞമ്മക്ക് ഉപ്പേന്റെ പീടികേനെക്കാളും ബല്യ ആളാകാൻ പറ്റോ ഉണ്ണീടമ്മേ?''

ഉണ്ണിമോന്റെ അമ്മയുടെ ഉള്ള് പെട്ടെന്നു തേങ്ങിപ്പോയി. ഉണ്ണിമോന്റെ അതേ പ്രായമാണവന്. അവന്റെ ഉത്തരത്തിന്റെ അർഥമെന്താ?

അബ്ദു വരാന്തയിൽനിന്നിറങ്ങി. ആരോടും ഒന്നും മിണ്ടാതെ നടന്നുപോയി. ''ഏയ്... അബ്ദു...'' എന്ന് ഉണ്ണിമോൻ വിളിച്ചെങ്കിലും അവൻ നിന്നില്ല...



author : Sandro Halank, Wikimedia Commons



# ശിവകേശവൻ; മഞ്ഞിലെ സാഹസിക താരം

സനിൽ പി തോമസ്

**സ്ലെഡ്ജ് എന്ന ചെറിയ തളികയിൽ മലർന്നു കിടന്ന് മഞ്ഞിലൂടെ തെന്നിപ്പായുന്ന 'ലൂജ്' എന്ന കായിക വിനോദം അത്ര പ്രസിദ്ധമല്ലായിരുന്നു. ശിവകേശവൻ എന്ന പകുതി മലയാളി ചെറുപ്പക്കാരനിലൂടെയാണ് 'ലൂജ്' എന്ന ശീതകാല സ്പോർട്സ് ഇനം ഇന്ത്യക്കാർ പരിചയപ്പെടുന്നതുതന്നെ.**

മഞ്ഞിലൂടെ തെന്നിനീങ്ങുന്ന 'സ്കീയിങ്' വിനോദത്തെക്കുറിച്ച് കുട്ടികളൊക്കെ കേട്ടിരിക്കും. എന്നാൽ സ്ലെഡ്ജ് (sledge) എന്ന ചെറിയ തളികയിൽ മലർന്നു കിടന്ന് മഞ്ഞിലൂടെ തെന്നിപ്പായുന്ന 'ലൂജ്' അത്ര പ്രസിദ്ധമല്ലായിരുന്നു. ശിവകേശവൻ എന്ന പകുതി മലയാളി ചെറുപ്പക്കാരനിലൂടെയാണ് 'ലൂജ്' എന്ന ശീതകാല സ്പോർട്സ് ഇനം ഇന്ത്യക്കാർ പരിചയപ്പെടുന്നതുതന്നെ.

ആറ് ശീതകാല ഒളിംപിക്സിൽ പങ്കെടുത്ത താരമാണ് ശിവകേശവൻ. അച്ഛൻവഴി കണ്ണൂരിൽ വേരുകളുണ്ട് ശിവകേശവന്. കുറച്ചുകൂടി വിശദമായി പറഞ്ഞാൽ തലശ്ശേരിയിലെ സുധാകരന്റെയും ഇറ്റലിക്കാരി റൊസാൽബയുടെയും പുത്രൻ. ഹിമാചൽ പ്രദേശിലെ മണാലിക്കു സമീപം വൈശിഷ്ടയിലാണു ശിവകേശവൻ ജനിച്ചത്; 1981 ആഗസ്റ്റ് 25 ന്.

ഇന്ത്യയിൽ ലൂജ് എന്നൊരു വിനോദമോ അതിന്റെ പേരിൽ ഒരു സംഘടനയോ (ഫെഡറേഷൻ) ഇല്ലായിരുന്നു. സഹാവറിലെ ലോറൻസ് സ്കൂളിൽ ആണ് ശിവ പഠിച്ചത്. സ്പോർട്സിൽ തത്പരനായിരുന്ന ശിവ ഫുട്ബോളും ഹോക്കിയും കളിച്ചു. മഞ്ഞുമലകളുടെ താഴ്വരയായിരുന്നതിനാൽ സ്കീയിങ്ങും പരിശീലിച്ചത് സ്വാഭാവികം.

ആയിടയ്ക്ക് രാജ്യാന്തര ലൂജ് ഫെഡറേഷന്റെ ഒരു കത്ത് ശിവകേശവൻ പഠിക്കുന്ന സ്കൂളിൽ അധികൃതർക്കു ലഭിച്ചു. ഗുന്തർ ലെമറർ ഹിമാചലിൽ എത്തുന്നു. അദ്ദേഹം കുട്ടികളെ ലൂജ് പരിശീലിപ്പിക്കും. പരിശീലനത്തിനായി കുട്ടികളെ അയയ്ക്കണം. ശീതകാല ഒളിംപിക്സിൽ പങ്കെടുത്തിട്ടുള്ള വ്യക്തിയാണ് ഗുന്തർ ലെമറർ. ലോറൻസ് സ്കൂൾ അധികൃതർ കുട്ടികളോട് വിവരം പറഞ്ഞു. താത്പര്യമുള്ളവർ അപേക്ഷ നൽകാൻ നിർദേശിച്ചു. സ്കീയിങ് തത്പരനായ ശിവകേശവനും അപേക്ഷിച്ചു. സ്കീയിങ് എന്നു തന്നെയാണ് ശിവകേശവനു മനസ്സിലായത്. അല്ലെങ്കിൽ അതുപോലെ ആണെന്നു കരുതി പരിശീലനത്തിനെത്തിയപ്പോഴാണ് പുതിയ വിനോദം തീർത്തും വ്യത്യസ്തമാണെന്നു മനസ്സിലായത്.

'സ്ലെഡ്ജ്' എന്ന ചെറിയ തളികയിൽ മലർന്നു കിടന്ന് കോച്ച് ഗുന്തർ ലെമറർ മഞ്ഞി

ലൂടെ തെന്നി നീങ്ങി. ആദ്യം പതുക്കെ. പിന്നെ 140–150 കിലോമീറ്റർ വേഗത്തിൽ. ഇതുകണ്ടപ്പോൾ ശിവകേശവന് ആവേശമായി.

സ്കീയിങ് അറിയാവുന്നതിനാൽ മഞ്ഞിലൂടെ തെന്നിനീന്താൻ ഭയമില്ലായിരുന്നു. പക്ഷേ ഒരു പ്രശ്നം, സ്ലെഡ്ജിന് ബ്രേക്ക് ഇല്ല. ശരീരം കൊണ്ടു വേണം വേഗം നിയന്ത്രിക്കുവാൻ. ആദ്യം ഭയം തോന്നിയെങ്കിലും ശിവകേശവൻ വളരെപ്പെട്ടെന്ന് ഈ സാഹസിക ശീതകാല വിനോദം അഭ്യസിച്ചു.

1998 ൽ ജപ്പാനിലെ നഗാനോയിൽ ശീതകാല ഒളിംപിക്സിൽ 'ലൂജിൽ' മത്സരിക്കാൻ ശിവകേശവൻ യോഗ്യത നേടിയപ്പോൾ 16 വയസ്സുമാത്രം. പക്ഷേ ഒരു പ്രശ്നം. ഇന്ത്യയിൽ ലൂജ് ഫെഡറേഷൻ ഇല്ല. ഒടുവിൽ രാജ്യാന്തര ഒളിംപിക് സമിതി ശിവകേശവന് പ്രത്യേക അനുമതി നൽകി.

നഗാനോയിൽ ശിവ 28–ാം സ്ഥാനം നേടി. പിന്നെ, 2018ലെ വ്യാങ്ചാങ്ങിൽ (ദക്ഷിണകൊറിയ) ശീതകാല ഒളിംപിക്സിൽ പങ്കെടുത്ത് 36–ാം വയസ്സിൽ വിടവാങ്ങി. നഗാനോ ശീതകാല ഒളിംപിക്സിൽ 'ലൂജി'ൽ മത്സരിച്ച ഏറ്റവും പ്രായം കുറഞ്ഞ താരമായി ശിവ.

ഇറ്റലിയിലെ ടൂറിനിൽ നടന്ന ഒളിംപിക്സിൽ നേടിയ 26–ാം സ്ഥാനമാണ് ശിവയുടെ മികച്ച പ്രകടനം. ഇതിനിടെ 2012, 13,17 വർഷങ്ങളിൽ ഏഷ്യൻ ചാമ്പ്യനായി. 'ലൂജി'ൽ 149.9 കിലോമീറ്റർ വേഗം കണ്ടെത്തി ഏഷ്യൻ റെക്കോഡും സ്ഥാപിച്ചു


സർക്കാരിൽ നിന്നു കാര്യമായ സഹായമൊന്നും കിട്ടാതെ വന്നതാണ് ശിവകേശവൻ വിരമിക്കാൻ കാരണം. ഇരുപതു വർഷം ശീതകാല കായിക വിനോദങ്ങളിൽ ഇന്ത്യയുടെ പോസ്റ്റർ ബോയ് ആയിട്ടും വേണ്ട അംഗീകാരം കിട്ടിയില്ല. ഭാര്യ നമിത നടത്തുന്ന ഇറ്റാലിയൻ റസ്റ്ററന്റും ഗസ്റ്റ് ഹൗസുമാണ് വരുമാനമാർഗം. ഒരു സഹോദരനുണ്ട്, ദേവൻ.



author : Sandro Halank, Wikimedia Commons

2006 ലെ ശീതകാല ഒളിംപിക്സ് വേദിയായി ഇറ്റലി (ടൂറിൻ) തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന്, 2002 ൽ തന്നെ ശിവയെ അമ്മയുടെ രാജ്യം ക്ഷണിച്ചതാണ്. പക്ഷേ ശിവ അച്ഛന്റെ നാടുവിട്ടു പോയില്ല. സർക്കാർ അവഗണിച്ചപ്പോൾ ചലച്ചിത്ര താരം അഭിഷേക് ബച്ചനും ടെന്നിസ് താരം ലിയാൻഡർ പെയ്സുമൊക്കെ സഹായിച്ചെന്നു ശിവകേശവൻ പറഞ്ഞു.

ശിവകേശവന് സന്ദേശം അയച്ചാൽ മാസങ്ങൾ കഴിഞ്ഞാണു പലപ്പോഴും മറുപടി കിട്ടുന്നത്. കാരണം അദ്ദേഹം കൂടുതൽ സമയവും മഞ്ഞുമലകളിലായിരുന്നു. ഇന്ത്യയിൽ ലൂജ് ട്രാക്ക് ഇല്ല. ഉത്തരേന്ത്യയിലെ മഞ്ഞുവീണ പർവത റോഡുകളിലാണ് പരിശീലനം നടത്തിയത്. അതുകൊണ്ട് ഏഴാമതൊരു ഒളിംപിക്സിന് ഇല്ലെന്ന് ശിവകേശവൻ വ്യക്തമാക്കി.



# മഹാഭാരതം

**സുഗതകുമാരി**

104

# വീരബാലനായ അഭിമന്യു

അശ്വഥാമാവിന്റെ വിക്രമത്താൽ പാണ്ഡവസേന നടുങ്ങി. കർണാസ്ത്രങ്ങൾ ദിക്കുകൾ മൂടി. ഭീമഗദാഘാതം ഇടിയൊച്ചപോലെ എങ്ങും കേൾക്കായി. അർജുനാസ്ത്രങ്ങൾ ആകാശത്തെ മറച്ചു. ആയുധങ്ങളാൽ മാത്രമല്ല, ചോരച്ചെളിയിൽ കാൽതെന്നിവീണും ആനച്ചവിട്ടേറ്റും കുതിരക്കുളമ്പടിയേറ്റും യോദ്ധാക്കൾ മരിച്ചുകൊണ്ടേയിരുന്നു.

കർണനും അർജുനനും വീണ്ടും വീണ്ടും ഏറ്റുമുട്ടിയപ്പോൾ സിംഹനാദം കേൾക്കായി. ഞാണൊലി കൊണ്ടു ദിഗന്തങ്ങൾ മുഴങ്ങി. തുല്യപ്രഭാവന്മാരായ അവർ കൊല്ലാൻ പഴുതു നോക്കി എയ്തെയ്തുവിടുന്ന കൂരമ്പുകൾ തീപ്പൊരിപോലെ ചിതറിക്കാണായി. യുദ്ധം തിരമാലകൾപോലെ മുന്നോട്ടും പിന്നോട്ടും നീങ്ങിയലച്ച് ഇരമ്പിക്കൊണ്ടേയിരുന്നു.

സഞ്ജയൻ തുടർന്നു. 'മഹാരാജൻ, ധർമപുത്രരെ ബന്ധനസ്ഥനാക്കാമെന്ന വാക്കുപാലിക്കാനാവാത്തതിൽ ദുര്യോധനൻ ഗുരുവിനോടു പരിഭവിച്ചു. ദ്രോണരും ഇനിയെന്തുവഴിയെന്നാലോചിച്ച് ചക്രവ്യൂഹം നിർമിക്കുവാൻ നിശ്ചയിച്ചു. ചോരപുരണ്ടപോലെ സൂര്യനുദിച്ച പുലരിയിൽ രക്തവസ്ത്രം ധരിച്ച് രക്തപതാകകൾ പാറിച്ച് പൊന്മാലകളണിഞ്ഞ് പാണ്ഡവവധത്തിന് പ്രതിജ്ഞചെയ്ത് കൗരവന്മാർ ചക്രവ്യൂഹത്തിൽ ദേവകളെപ്പോലെ വിളങ്ങി. കർണനും ദുശ്ശാസനനും കൃപരുമൊത്ത് വെൺകൊറ്റക്കുടയ്ക്കു കീഴിൽ ദുര്യോധനനും വ്യൂഹത്തിന് മുന്നിൽ വീരനായ ദുര്യോധനപുത്രനായ ലക്ഷ്മണകുമാരനും നിലയുറപ്പിച്ചു. സാഹസികൾ, തുല്യദു:ഖിതർ, ക്രോധംകൊണ്ടു ജ്വലിക്കുന്നവർ, അവരുടെ മുന്നിൽ പടനായകനായ ദ്രോണാചാര്യരും അശ്വഥാമാവും ജയദ്രഥനും ശല്യരും നിലകൊണ്ടു. പെരുമ്പറകൾ മുഴങ്ങി. സംശപ്തകന്മാർ വീണ്ടും വെല്ലുവിളിച്ചു. നിന്ദിച്ച അർജുനൻ തെക്കേ പടമുഖത്തേക്കു തേരോടിച്ചു പൊയ്ക്കഴിഞ്ഞിരിക്കുന്നു.

ഉഗ്രയുദ്ധം ആരംഭിച്ചു. ദ്രോണാസ്ത്രങ്ങൾക്കു മുന്നിൽ ഭീമനും യുധിഷ്ഠിരനും നകുലസഹദേവന്മാരും ധൃഷ്ടദ്യുമ്നനും സാത്യകിയും അധൃഷ്യരായി പോരാടിനിന്നുവെങ്കിലും ദ്രോണർ മുന്നേറുകയാണ്. അസ്ത്രവർഷമേറ്റ് ദ്രോണരെ തടയാനാവാതെ കുഴങ്ങുന്ന ആ മഹാവീരന്മാരെക്കണ്ട് യുധിഷ്ഠിരൻ, അരികിൽ പോരാടിനിൽക്കുന്ന അഭിമന്യുവിനോട് പറഞ്ഞു. 'ഉണ്ണീ, ദ്രോണർ മഹാവ്യൂഹവുമായി മുന്നോട്ടു മുന്നോട്ടു വരികയാണ്. നമ്മെ തളർത്തുകയാണ്, അദ്ദേഹം നിർമിച്ച ചക്രവ്യൂഹം ഭേദിക്കുവാൻ ആർക്കും ആവുന്നില്ല. കുമാരാ, അർജുനൻ വരുമ്പോൾ നമ്മെ നിന്ദിക്കുകയില്ലേ? ചെല്ലൂ, വേഗം ആ വ്യൂഹം പിളർക്കുവാൻ ശ്രമിക്കൂ. കൃഷ്ണനും അർജുനനും പ്രദ്യുമ്നനും നിനക്കും മാത്രമേ ചക്രവ്യൂഹം പിളർക്കാൻ അറിയുകയുള്ളൂ. ഉണ്ണീ, വേഗം ചെല്ലൂ.'

അഭിമന്യു പറഞ്ഞു. 'വലിയച്ഛാ, ഞാൻ വ്യൂഹം പിളർക്കാം. പക്ഷേ ചക്രവ്യൂഹം പിളർന്ന് ഉള്ളിൽ കടക്കാനല്ലാതെ പുറത്തിറങ്ങാൻ അച്ഛനെന്നെ പഠിപ്പിച്ചിട്ടില്ല.'

'അതു സാരമാക്കേണ്ട, ഞങ്ങൾ നിന്നോടൊപ്പം എത്തിക്കൊള്ളാം' എന്നു യുധിഷ്ഠിരനും ഭീമനും പറഞ്ഞതുകേട്ട് അഭിമന്യു പറഞ്ഞു. 'ഇതാ ബാലനായ ഞാൻ, അർജുനപുത്രൻ, കൗരവവ്യൂഹത്തെ പിളർക്കുവാൻ ഒറ്റത്തേരിൽ വരുന്നത് കാണുവിൻ! സൂത സുമിത്ര, തേരു തെളിക്കൂ പടയ്ക്കുള്ളിലേക്ക്!'

വിദഗ്ധനായ സൂതൻ ആശങ്കയോടെ ചോദിച്ചു. 'ആയുഷ്മാനായ കുമാരാ, ദ്രോണരുടെ വ്യൂഹത്തിനുള്ളിലേക്ക് ഒറ്റയ്ക്കു കടക്കുന്നത് ബുദ്ധിയാണോ? ഒന്നുകൂടെ ആലോചിച്ചാലും.'

സൂതവാക്കുകേട്ടു ചിരിച്ചുകൊണ്ട് കുമാരൻ ചക്രവ്യൂഹത്തിനുള്ളിലേക്കു കടക്കാൻ ആജ്ഞാപിച്ചു. പൊൻകൊന്നക്കൊടി പറത്തി തേർമണികൾ കിലുക്കിക്കൊണ്ട് പൊൻചട്ടയിട്ട് വില്ലുയർത്തി അതിസുന്ദരനായ ആ കുമാരൻ ദ്രോണാചാര്യർക്കുനേരെ പാഞ്ഞെത്തി. യുദ്ധം കഠിനമായി. കൂരമ്പുകളാൽ ആകാശം മൂടി. ആ ബഹളത്തിനിടയിൽ അഭേദ്യമെന്നു പുകഴ്ന്ന ചക്രവ്യൂഹം വെട്ടിപ്പിളർന്ന് അഭിമന്യു കുമാരൻ

അതിനുള്ളിലേക്കു പാഞ്ഞുകയറി. കൗരവപ്പട മഹാരഥന്മാരുടെ നേതൃത്വത്തിൽ അവനോടേറ്റുമുട്ടി. അവന് പിന്നാലെ വ്യൂഹത്തിനുള്ളിൽ കടക്കാൻ ശ്രമിച്ച ഭീമധൃഷ്ടദ്യുമ്നാദികളെ ദ്രോണരും കർണനും തടഞ്ഞുനിർത്തി. വ്യൂഹം വീണ്ടും ഒത്തുകൂടി അഭേദ്യമായി. അഭിമന്യുവിനു പിന്നിൽ വ്യൂഹം അടഞ്ഞു. പാണ്ഡവരിൽ ആർക്കും മുന്നോട്ടു കടക്കാനായില്ല. ഒറ്റയ്ക്കായെങ്കിലും കൂസാതെ അഭിമന്യു ലോകരെല്ലാം അമ്പരക്കും വിധം അദ്ഭുതകരമായി യുദ്ധം ചെയ്തു. അവൻ ചരിക്കുന്നിടത്തെല്ലാം യോദ്ധാക്കൾ കൂട്ടമായി അമ്പേറ്റു വീണു. ഗരുഡൻ പാമ്പുകളെ കൂട്ടത്തോടെ കൊല്ലുംപോലെ കൗരവപ്പടയെ മുടിച്ച് മിന്നിൽപ്പിണർപോലെ പുളയുന്ന വില്ലുമായി ആ കുമാരൻ പോരാടി.



വര: ജയേന്ദ്രൻ

**ഒരുനിമിഷംപോലും ആ വില്ല് മിന്നൽപോലെ വളഞ്ഞു പുളയാതിരുന്നില്ല. അവന്റെ കൂരമ്പുകൾ തറച്ചുകയറിയ കർണൻ ഭൂകമ്പത്തിൽ മലകുലുങ്ങുംപോലെ വിറച്ചുപോയി. സുദേഷ്ണൻ വീണു, കുണ്ഡഭേദിയും ദീർഘലോചനനും വീണു, ശല്യരും അശ്വത്ഥാമാവും കർണനും കൂരമ്പുകളാൽ ഉടൽ കീറിമുറിച്ച കുമാരൻ ചുവന്ന പൂക്കളണിഞ്ഞപോലെ ശോഭിച്ചുകൊണ്ട് ശല്യരുടെ നേർക്ക് ആഞ്ഞടുത്തു.**

ആ ദൃശ്യം സാക്ഷാൽ സുബ്രഹ്മണ്യൻ അസുരപ്പടയെ മുടിക്കുംപോലെ തോന്നിച്ചു. കുതിരകൾ വാഹകരില്ലാതെ പാഞ്ഞുപോയി. തേരുകൾ ഉടഞ്ഞുചിതറി. ദ്രോണർ, കർണൻ, അശ്വത്ഥാമാവ്, കൃപൻ, കൃതവർമ്മാവ്, ജയദ്രഥൻ, ശല്യർ, ശകുനി എന്നീ മഹാരഥന്മാർ ഒന്നിച്ചേറ്റിട്ടും കുമാരൻ പിൻവാങ്ങിയില്ല. ഒരുനിമിഷം പോലും ആ വില്ല് മിന്നൽപോലെ വളഞ്ഞു പുളയാതിരുന്നില്ല. അവന്റെ കൂരമ്പുകൾ തറച്ചുകയറിയ കർണൻ ഭൂകമ്പത്തിൽ മലകുലുങ്ങുംപോലെ വിറച്ചുപോയി. സുദേഷ്ണൻ വീണു, കുണ്ഡഭേദിയും ദീർഘലോചനനും വീണു, ശല്യരും അശ്വത്ഥാമാവും കർണനും കൂരമ്പുകളാൽ ഉടൽ കീറിമുറിച്ച കുമാരൻ ചുവന്ന പൂക്കളണിഞ്ഞപോലെ ശോഭിച്ചുകൊണ്ട് ശല്യരുടെ നേർക്ക് ആഞ്ഞടുത്തു. ആ അസ്ത്രപ്രവാഹത്തിൽ ശല്യർ മയങ്ങി തേർത്തട്ടിൽ ഇരുന്നുപോയി. സിംഹത്തിന്റെ വരവുകണ്ട മാൻകൂട്ടംപോലെ കുരുസേന മണ്ടിത്തുടങ്ങി. ശല്യർ തളർന്നു വീണതുകണ്ട് കുതിച്ചെത്തിയ ശല്യാനുജൻ അമ്പേറ്റുവീണു. അവന്റെ ചുറ്റും ഉടഞ്ഞ തേരുകളും മുറിഞ്ഞ ശരീരഭാഗങ്ങളും ഭൂഷണങ്ങളും ചിതറിക്കിടന്നു. ശല്യരുടെ വൻപട പാഞ്ഞടുത്തതുകണ്ട് അഭിമന്യുവിന്റെ വില്ല് വട്ടത്തിൽ തീക്കൊള്ളിപോലെ ചുറ്റുന്നതു കാണായി. ഞാണൊലിനാദം ഇടിവെട്ടും പോലെ മുഴങ്ങി. വ്യൂഹം ഭേദിച്ചു കയറാനാവാതെ പുറത്തു പൊരുതി നിൽക്കുന്ന ഭീമനകുല സഹദേവന്മാരും ധൃഷ്ടദ്യുമ്നനും വിവശരായി വീണ്ടും വീണ്ടും മുന്നേറാൻ ശ്രമിച്ചു. ഫലമുണ്ടായില്ല. ബാലസൂര്യൻ കിരണങ്ങൾ ചൊരിയുംപോലെ ആ കുമാരൻ പടനടുവിലും പ്രിയദർശനനായി വിളങ്ങി. അവന്റെ വിവിധാസ്ത്ര പ്രയോഗമേറ്റ് ദ്രോണരുടെ പട ചിതറിത്തുടങ്ങി. ആനന്ദത്താൽ വിടർന്ന കണ്ണുകളോടെ ദ്രോണാചാര്യൻ ആ ബാലന്റെ യുദ്ധം വീക്ഷിച്ച് ദുര്യോധനനോടു പറഞ്ഞു. 'ഇതാ വിജയന്റെ പുത്രൻ! അവനെപ്പോലെ തന്നെ സവ്യസാചി! ഇവനു കിടയായി ഈ ഭൂമിയിൽ ഒരാളുമില്ല തന്നെ.' (തുടരും)

ഇളം
തളിര്

ഇളംതളിരിലേക്ക്
രചനകൾ അയക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

# അമ്മ കേൾക്കാൻ

**ഫാത്തിമ ബി, ക്ലാസ് 6 സി,**
**എൻ വി യു പി എസ്,**
**വയല**

അതിവിദഗ്ധയായ പിയാനോ അധ്യാപികയായിരുന്നു മിസ് ക്ലാര. പതിനൊന്നുകാരനായ അമൽ പിയാനോ പഠിക്കണമെന്ന ആഗ്രഹുമായി അവരുടെ അടുത്തെത്തി. കാഴ്ചയിൽ അമലിനു പിയാനോ വായിക്കാനുള്ള വാസനയില്ലെന്ന് ടീച്ചർക്കുതോന്നി. എങ്കിലും അവന്റെ നിർബന്ധത്തിനു വഴങ്ങി ക്ലാസുകൾ നൽകാൻ തുടങ്ങി. എത്ര നന്നായി പഠിപ്പിച്ചിട്ടും പിയാനോയുടെ കട്ടകൾ അവന്റെ കൈവിരലുകൾക്ക് വഴങ്ങിയിരുന്നില്ല. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അമലിനെ ക്ലാസിൽ കാണാതായി. അങ്ങനെയിരിക്കെ ടീച്ചർ തന്റെ കുട്ടികൾക്കു വേണ്ടി ഒരു പിയാനോ റിസൈറ്റൽ പരിപാടി സംഘടിപ്പിച്ചു. മിസ് ക്ലാരയുടെ വിദ്യാർഥികൾ മധുരമായി പിയാനോ വായിച്ച് ശ്രോതാക്കളുടെ കയ്യടി നേടി. അവസാനം അമലിന്റെ അവസരം വന്നു. ആറര മിനിറ്റ് നീണ്ടുനിന്ന ആ പരിപാടി കഴിഞ്ഞപ്പോൾ ജനം മുഴുവൻ എഴുന്നേറ്റു നിന്ന് നീണ്ട കയ്യടി നൽകി അവനെ അഭിനന്ദിച്ചു. ''അമൽ നീയിതെങ്ങനെ സാധിച്ചു?'' മിസ് ക്ലാര ചോദിച്ചു. അമൽ പറഞ്ഞു. ''എന്റെ അമ്മ കാൻസർ രോഗം മൂലം ഇന്നു രാവിലെ മരിച്ചു. എന്റെ പിയാനോ വായന കേൾക്കാൻ ഏറെ കൊതിച്ച എന്റെ അമ്മ ജന്മനാബധിരയായിരുന്നു. പക്ഷേ ഇന്ന് അമ്മ ആദ്യമായി എന്റെ പിയാനോ വായന കേട്ടിട്ടുണ്ടാവും. അതുകൊണ്ട് ഞാൻ പിയാനോ വായിച്ചപ്പോൾ എന്റെ ഹൃദയവും മനസ്സും അതിലുണ്ടായിരുന്നു.''

സ്നേഹമാണ് പ്രതിബന്ധങ്ങൾ മറികടക്കാൻ അമലിനെ സഹായിച്ചത്. ഏതു പ്രതിസന്ധിയും പ്രതിബന്ധവും തരണം ചെയ്യാനുള്ള ശക്തി സ്നേഹത്തിനുണ്ട്. സ്നേഹത്തേക്കാൾ വലിയ ശക്തി ഈ ലോകത്തില്ല. ഇനിയുണ്ടാവുകയുമില്ല.


വര: ഗോപു പട്ടിത്തറ

# പ്രളയം



നാം കെട്ടിടം വച്ചൂ വയലുകൾ നികത്തി
മലകളെയിടിച്ചു നാം മേലോട്ടു കേറി
കുന്നിൻപുറങ്ങളെ ടൗണാക്കി മാറ്റി
തണ്ണീർതരും പുഴകൾ മലിനമായ് മാറ്റീ
ജീവജാലങ്ങളെ കൊന്നൊടുക്കി വെറും-
തോലിനും മാംസത്തിനും വേണ്ടി മാത്രം.
എല്ലാം തരുന്നൊരു പ്രകൃതിയാം അമ്മയെ
വല്ലാതെ നോവിച്ചിടുന്നു നാമെന്നും
ക്ഷമയുടെ പരിധി കടന്നു ചെന്നപ്പോൾ
പ്രളയമായമ്മയിരമ്പിവന്നല്ലോ!
സ്വാർഥത പോയീ അതിമോഹവും പോയ്
മത്സരചിന്തകളൊക്കെയും പോയീ
ജാതിമതാന്തരമൊക്കെയും പോയ് നാം
സ്നേഹത്തിൽ മുങ്ങിപ്പോയിത്തിരിക്കാലം.

**ഉദിത് കെ, ക്ലാസ് 7,**
**എ യു പി എസ്,**
**ചങ്ങലീരി**





# പൂമ്പാറ്റ

പറന്നുപോകും പൂമ്പാറ്റേ
കാണാൻ നല്ലൊരു പൂമ്പാറ്റേ
പാട്ടറിയാമോ പൂമ്പാറ്റേ
കൂട്ടിനു ഞാനും വന്നാലോ
ആടിപ്പാടി രസിച്ചീടാം - എന്നും
ആടിപ്പാടി രസിച്ചീടാം.

**അദ്വൈത് ആർ ജി,**
**ക്ലാസ് 5 ബി, ശബരിഗിരി സ്കൂൾ,**
**അഞ്ചൽ**

# അക്ഷരയാത്ര തൃശ്ശൂർ ജില്ലയിലെ വിവിധ സ്കൂളുകളിൽ...

ഇരിഞ്ഞാലക്കുട എൽ എഫ് സി എച്ച് എസിലെ അക്ഷരയാത്ര പ്രശസ്ത സാഹിത്യകാരൻ ശ്രീ ടി ഡി രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു.







മതിലകം സെന്റ് ജോസഫ് സ്കൂളിൽ ശ്രീ യു കെ സുരേഷ് കുമാർ ഉദ്ഘാടനം നിർവഹിക്കുന്നു.

കൊടുങ്ങല്ലൂർ ഗവ. എച്ച് എസ് എസിൽ ശ്രീ ഇ ജിനൻ ഉദ്ഘാടനം ചെയ്യുന്നു.






അധ്യാപകനായ ശ്രീ ജ്യോതിഷ് ബാബു കെ ഡി യെ മണ്ണുത്തി ഡോൺ ബോസ്കോ എച്ച് എസ് എസിൽ നടന്ന ചടങ്ങിൽ ആദരിക്കുന്നു.

ബഥനി സെന്റ് ജോൺസ് സ്കൂളിൽ നടന്ന അക്ഷരയാത്രയിൽ നിന്ന്





പൂച്ചട്ടി ഭാരതീയ വിദ്യാഭവനിലെ അക്ഷരയാത്ര പരിപാടി ശ്രീ സി ആർ ദാസ് ഉദ്ഘാടനം ചെയ്യുന്നു.



തലോർ ദീപ്തി എച്ച് എസ് എസിൽ അക്ഷരയാത്ര അഡ്വ. കെ രാജൻ ഉദ്ഘാടനം ചെയ്യുന്നു.



Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2018-2020
RNI No. 20076/70 October 2019
Regd KL/TV (N)/399/2018-2020 Published on 29-09-2019 Vol:25, Issue:10, ₹20

